2010
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

MALANKARASABHA
ഏപ്രിൽ
Rs. 15



# പുതുപ്പള്ളി പെരുന്നാൾ

**മെയ് 5,6,7 തീയതികളിൽ**




**സഭാകാര്യം**

കാതോലിക്കേറ്റ് മലങ്കരയിലെ വെള്ളിനക്ഷത്രം
- ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

**ചിന്ത**

മലങ്കര സഭയുടെ ഭരണഘടനയിലെ ജനാധിപത്യ തത്വങ്ങൾ
- ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്

**- ഗസ്റ്റ് കോളം**

A Journey Through My Life
- Purna Chandra Jena

**നമ്മിലൊരാൾ**

കരുണയുടെ തീരം:
പത്മശ്രീ കുര്യൻ ജോൺ മേളാംപറമ്പിൽ




## പുതുപ്പള്ളി പള്ളി
## പൗരസ്ത്യ ജോർജിയൻ തീർത്ഥാടന കേന്ദ്രം

എ.ഡി. 325–ൽ സ്ഥാപിതമായ

## പുരാതന മർത്തോമൻ
## തീർത്ഥാടന കേന്ദ്രം

### കടമ്പനാട് സെന്റ് തോമസ്
### ഓർത്തഡോക്സ് കത്തീഡ്രലിൽ

കബറടങ്ങിയിരിക്കുന്ന

# പരിശുദ്ധ മൂന്നാം മാർത്തോമ്മായുടെ
# പെരുന്നാൾ

## ഏപ്രിൽ 21, 22 തീയതികളിൽ


(മേടം 8, 9)

ഏവർക്കും സ്വാഗതം



www.kadampanadustthomascathedral.com

ലക്കം 4,
പുസ്തകം 67
ഏപ്രിൽ 2010



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ദേവലോകം, കോട്ടയം -38. ഫോൺ: 0481 - 2573234
Fax : +91 481 2573234

സഭാകാര്യം **8** കാതോലിക്കേറ്റ് മലങ്കര....
- ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത

മറുമൊഴി **10** തിരുവചന ശുശ്രൂഷ..
- ഫാ. റ്റി. ജെ. ജോഷ്വ

ഗസ്റ്റ് കോളം **23** A Journey Through My Life
- Purna Chandra Jena

**6** എഡിറ്റോറിയൽ
നിൻ ഹാശായെ വർണ്ണിച്ചീടാൻ
- ഫാ. ഡോ. സാബു കുറിയാക്കോസ്

**5** മഹാപുരോഹിത സന്ദേശം

**12** പഠനം
വി. കുർബ്ബാന അനുഭവം
- അഡ്വ. വി. ഫിലിപ്പ് മാത്യൂസ്

**16** ചിന്ത
മലങ്കരസഭയുടെ ഭരണഘടനയിലെ...
- ഫാ. ജോൺസ് ഏബ്രഹാം കോനാട്ട്

**19** പ്രാചീനം
തുമ്പമൺ വലിയ പള്ളിയിൽ...
- ഡോ. ജോർജ് വർഗീസ്

**30** പൊളിറ്റിക്കൽ
വനിതാ ബില്ലും നേതൃത്വവും
-അഡ്വ. ജെയ്സി കരിങ്ങാട്ടിൽ

**14** പൗരോഹിത്യം
പൗരോഹിത്യ ശുശ്രൂഷയും....
- ഫാ. ഡോ. ബേബി വർഗീസ്

**29** യുവജന പംക്തി
- ഫാ. വിൽസൺ മാത്യൂ

## സ്ഥിരം പംക്തികൾ

ധ്യാനപംക്തി, ബൈബിൾ പദപ്രശ്നം, നമ്മിലൊരാൾ, വനിതാ സഭ, ദൃഷ്ടി, ബുദ്ധിമാൻ, വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ



മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

*പ്രസിഡന്റ്*
**സഖറിയ മാർ അന്തോനിയോസ്**
Phone: 0474 - 2743535

*വൈസ് പ്രസിഡന്റ്*
**ഡോ. യൂഹാനോൻ മാർ മിലിത്തോസ്**
Phone: 0487- 2371039, 2371748 (Fax)

*ചീഫ് എഡിറ്റർ*
**വെരി.റവ. ഡോ. സഖറിയ റമ്പാൻ**
Phone: 0481- 2578500, 2578499

*മാനേജിംഗ് എഡിറ്റർ*
**ഫാ.റ്റി.എ. ഇടയാടി**
Mob:- 9447300908

*സബ് എഡിറ്റർ*
**ഫാ. തോമസ് പി. മുകളിൽ**
Mob:- 9447421948

*ഓഫീസ് മാനേജർ*
**ഫാ. അലക്സി മാത്യൂസ്**
Mob:- 9946668911

*അംഗങ്ങൾ*
**ഫാ. ഡോ. റ്റി.ജെ. ജോഷ്വ**
**ഫാ. ഡോ. ജേക്കബ് കുര്യൻ**
**ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം**
**ഡോ. ജോർജ്ജ് ജോസഫ്**
**(അസ്സോസിയേഷൻ സെക്രട്ടറി)**
**ഡോ. പി.എം. മാത്യു, വെല്ലൂർ**
**പ്രൊഫ. ഡോ. എം. പി. മത്തായി**
**അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ**
**ശ്രീ. മാമ്മൻ വർഗീസ്**
**പ്രൊഫ. മേരി കുര്യൻ**
**പ്രൊഫ. മേരി മാത്യു**

***Cover Design & Layout:-***
Jinto Kurichy at
**M.S. Graphics, Devalokam.**

EDITORIAL BOARD

**വരിസംഖ്യ**

| | | |
|---|---|---|
| **ഇന്ത്യയിൽ** | | |
| ഒറ്റ പ്രതി | : | 15 രൂപ |
| ഒരു വർഷം | : | 125 രൂപ |
| 4 വർഷം | : | 500 രൂപ |
| 12 വർഷം (ആയുഷ്ക്കാലം) | : | 1250 രൂപ |
| **വിദേശത്തേക്ക്** | | |
| ഒരു വർഷം | : | 1500 രൂപ |



## കൈക്കുടന്ന

# അധികാരം

- സ്ഥലംമാറ്റങ്ങളും തെരഞ്ഞെടുപ്പ് പൊതുയോഗങ്ങളും സ്ഥാനാരോഹണങ്ങളും ഒക്കെയുള്ള ചൂട് പിടിച്ച ഒരു വേനൽക്കാലം. അധികാരമാണ് ചിന്താവിഷയമത്രയും ! അധികാരം തീ പോലെയെന്നാണ് പറയുക; അധികം അടുത്താൽ പൊള്ളും. അധികം അകന്നാൽ മരവിക്കും. നിർഭാഗ്യവശാൽ അധികാരത്തോട് മാത്രമല്ല ഒന്നിനോടും സമദൂരം പാലിക്കാൻ നമുക്കാവുന്നില്ലല്ലോ !

- വലിയ പ്രലോഭനങ്ങൾ മൂന്നുണ്ട്. സ്ത്രീ, പണം, അധികാരം എന്നിവയാണ്. ഇവയിൽ ഏറ്റവും വലുത് അധീശത്വമോഹമാണ് എന്ന് ആചാര്യന്മാർ പറയുന്നുമുണ്ട്. സകലവും വിട്ട് അനുഗമിക്കുന്നവർ പോലും ഇടത്തും വലത്തുമുള്ള ഇരിപ്പടങ്ങളെച്ചൊല്ലി എത്രമാത്രം ആകുലപ്പെടുന്നു !

- "ധി"കാരത്തിന്റെ (ഞാൻ എന്ന ഭാവത്തിന്റെ) അഭാവമാണ് അധികാരം എന്നൊക്കെ അറിയാമെങ്കിലും എത്ര "ധിക്കാര" ത്തോടെയാണ്, മനുഷ്യരോടത്രയും ഓരോ ദിനവും ഇടപെടുന്നത്. എന്റെ അധികാരപ്രയോഗങ്ങൾ അവരെ എത്ര മുഷിപ്പിക്കുന്നുണ്ട് എന്നറിയാനുള്ള വിവേകം പോലും നഷ്ടപ്പെട്ടിരിക്കുന്നു.

- ആന്റണി ഡിമെല്ലോയുടെ സമ്പാദ്യത്തിൽ നിന്നൊരു കഥ. ഒരു മദ്യപാനി ഒരിക്കൽ ഒരു പാലത്തിലൂടെ കടന്നുപോകുമ്പോൾ തന്റെ ഒരു സ്നേഹിതനെ കണ്ടുമുട്ടി. പാലത്തിൻമേൽ നിന്ന് അവർ കുറേനേരം സംസാരിച്ചു. പെട്ടെന്ന് മദ്യപിച്ചിരുന്ന മനുഷ്യൻ ചോദിച്ചു:– 'അവിടെ താഴെ കാണുന്നത് എന്താണ് ?' 'അത് ഒരു ചന്ദ്രനാണ്' കൂട്ടുകാരൻ മറുപടി നൽകി.

  മദ്യപൻ വീണ്ടും നോക്കി. വിശ്വസിക്കാനാവാതെ തലയാട്ടിക്കൊണ്ട് അയാൾ പറഞ്ഞു:–

  ശരി, ശരി പക്ഷേ ഞാൻ ഇവിടെ ഇത്രയും മുകളിൽ എത്തിയത് എന്ത് മറിമായമാണ് ?

- സത്യത്തിൽ ലഹരികളെല്ലാം നമ്മെ യാഥാർത്ഥ്യത്തിൽ നിന്നകറ്റുന്നുണ്ട്. 'ഞാൻ' മുകളിലെത്തി എന്ന അബദ്ധവിചാരം ഒരുതരം ഉന്മാദമാണ്. അധികാരം തലയ്ക്ക് പിടിച്ച് യാഥാർത്ഥ്യങ്ങളെ മറക്കാതെ ജീവിക്കുന്നതിനുള്ള പ്രാർത്ഥനയോടെ ഈ വേനലിൽ നമുക്ക് പരസ്പരം തണലുകളാകാം.

- 'യേശു അത്താഴത്തിൽ നിന്ന് എഴുന്നേറ്റ് വസ്ത്രം ഊരിവെച്ച് ഒരു തുവർത്ത് എടുത്ത് അരയിൽ ചുറ്റി ഒരു പാത്രത്തിൽ വെള്ളം പകർന്ന് ശിഷ്യന്മാരുടെ കാൽ കഴുകുവാനും അരയിൽ ചുറ്റിയിരുന്ന തുണികൊണ്ട് തുവർത്തുവാനും തുടങ്ങി' (വി. യോഹ 13:14)

- സഖേർ

# മഹാപുരോഹിത സന്ദേശം



വാത്സല്യ മക്കളെ,

അനുഭവിക്കുന്നതാണോ ഇനി അനുഭവിക്കാനിരിക്കുന്നതാണോ സത്യം?

ചോദ്യം ഇഹ–പര ലോകങ്ങളെപ്പറ്റി മാത്രമല്ല ജീവിതത്തിന്റെ ഓരോ അനുഭവങ്ങളെക്കുറിച്ചു കൂടിയാണ്.

ബ്രഹ്മം മാത്രം സത്യമാകുന്നുവെന്ന് ഭാരതീയ ദർശകർ സൂചിപ്പിക്കുമ്പോൾ, ഹാ സകലതും മായ എന്ന വേദ വചനവും നമ്മെ ചിന്തിപ്പക്കുന്നു.

തന്റെ സത്താവിശേഷങ്ങളൊന്നുമില്ലെങ്കിലും രൂപ സാദൃശ്യങ്ങളിലെ ഭംഗി നഷ്ടപ്പെടുത്താതെ നാം നിലനില്ക്കുമ്പോൾ ഇതും സത്യമല്ലേ എന്നു നാം ചിന്തിച്ചു പോകുന്നുണ്ട്.

സത്യം ഈശ്വരോന്മുഖമാണ്. ദൈവാഭിമുഖ്യമുള്ളതെല്ലാം വിശുദ്ധമാകുന്നു എന്ന തിരിച്ചറിവാണ് ഈ നവ ലോകത്തിൽ നമ്മെ നയിക്കേണ്ടത്.

നമുക്ക് ദൈവത്തോടൊത്തു നില്ക്കാം അവിടുന്നു ലഭിക്കുന്നതെല്ലാം സത്യമാണെന്ന ബോധത്തോടെ

അവകാശ വാദങ്ങളില്ലാതെ, വാദമുഖങ്ങളില്ലാതെ

ആർപ്പില്ലാതെ, ആരവങ്ങളില്ലാതെ

തികച്ചും നമ്ര ശിരസ്ക്കരായി...

ദൈവം നമ്മെ വഴിനടത്തട്ടെ...

ശേഷം പിന്നാലെ, ദൈവം നമ്മെ അനുഗ്രഹിക്കട്ടെ

**ബസ്സേലിയോസ് മാർത്തോമാ ദിദിമൊസ് പ്രഥമൻ**

from the DESK

എഡിറ്റോറിയൽ



# നിൻ ഹാശായെ
## വർണ്ണിച്ചീടാൻ....

**വി**ശുദ്ധവും, മഹനീയവും രഹസ്യാത്മകവുമായ വേദപുസ്തക സത്യങ്ങളെ അതിമനോഹരമായ പ്രതീകങ്ങളിലൂടെയും, ബിംബങ്ങളിലൂടെയും ധ്യാനാത്മകമായി വർണ്ണിച്ച് ആരാധനാ സമൂഹത്തെ ദിവ്യാനുഭൂതിയിൽ എത്തിക്കുന്ന വിധമാണ് പുണ്യാത്മാക്കളായ പിതാക്കന്മാർ പീഢാനുഭവദിവസങ്ങളിലെ ആരാധനകൾ ചിട്ടപ്പെടുത്തിയിട്ടുള്ളത്. അത്യന്തം ഹൃദയസ്പർക്കായ ഈണം നൽകി ചിട്ടപ്പെടുത്തിയ ഗീതങ്ങളും, ആദിമനുഷ്യനായ ആദാമിന്റെ ഏദനിലെ അനുഭവം മുതലുള്ള രക്ഷാചരിത്രത്തിലെ സംഭവങ്ങൾ ഓരോന്നായി ധ്യാനവിഷയമായി അവതരിപ്പിക്കുന്ന പ്രാർത്ഥനകളും മറ്റും ആരാധനാ സാഹിത്യത്തിലെ വിലതീരാത്ത ഖനികളാണ്. ദു:ഖമയമായ അന്തരീക്ഷം ലഭിക്കുമാറ് വി. ബലിപീഠവും, തിരശ്ശീലയും മറ്റും കറുത്ത തുണികൾകൊണ്ട് അലങ്കരിച്ച്, ദേവാലയാന്തരീക്ഷം തന്നെ കഷ്ടാനുഭവത്തിന്റെ യാഥാർത്ഥ്യത്തിലേക്ക് മാറ്റപ്പെടുന്നു. ക്രൂശിനെ മാത്രം കേന്ദ്രീകരിച്ച് നടത്തപ്പെടുന്ന യാമങ്ങൾ തോറുമുള്ള പ്രാർത്ഥനകളും, കുമ്പിടീലും ആന്തരീകവും ബാഹ്യവുമായ ഇന്ദ്രിയങ്ങൾക്കെല്ലാം ആദ്ധ്യാത്മീകാനുഭൂതി പകരുന്നവിധമുള്ളതാണ്. ആദ്ധ്യാത്മികതയുടെ മറ്റൊരു തലത്തിലേക്കുള്ള പ്രവേശനമാണ് പിതാക്കന്മാർ ഇതിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ക്രൂശും, കഷ്ടാനുഭവവും അതിമഹത്തായ ഉറവുകളായി ചിത്രീകരിച്ചിരിക്കുന്നു. ദൈവാനുഭവത്തിന്റെ തലങ്ങളിലെല്ലാം ക്രൂശും, കഷ്ടതയും ഒട്ടിച്ചേർക്കപ്പെട്ടിരിക്കുന്നവെന്ന യാതാർത്ഥ്യമാണ് വെളിവാകുന്നത്.

നിൻ ഹാശായെ വർണ്ണിച്ചീടാൻ
എൻ വീണയ്ക്കേകേണം രാഗം
നിൻ കൃപയീന്നും ഞാൻ പ്രാപിച്ച
പീഡാവയലിൽ ഞാൻ കൊയ്യുന്നോ–
രനുഭവമെന്നിൽ മാഞ്ഞീടല്ലേ.

(ബോത്തേദ് ഹാശോ, തിങ്കൾ സന്ധ്യ)

ശ്രേഷ്ഠമായ ഈ ആരാധനാ പാരമ്പര്യത്തെ വേണ്ടതുപോലെ ഇനിയും മനസ്സിലാക്കേണ്ടിയിരിക്കുന്നു. അർത്ഥവത്തായ ആദ്ധ്യാത്മികതയുടെ ശരിയായ ചിത്രീകരണമാണ് പീഡാനുഭവാഴ്ചയിലെ ആരാധനാക്രമം. സൃഷ്ടിയെ സന്ദർശിക്കുവാനും, വീണ്ടെടുക്കുവാനും സർവ്വശക്തനായവൻ തയ്യാറായപ്പോൾ സ്വീകരിച്ചത് കഷ്ടതയുടെ മാർഗ്ഗം ആയിരുന്നുവെന്നാണ് പിതാക്കന്മാർ ധ്യാനാത്മകമായി വെളിപ്പെടുത്തുന്നത്; അതിനുള്ള കാരണവും അവർ വ്യക്തമാക്കുന്നു:

Editorial

# Editorial



ദൈവത്വത്തോടുടയോൻ വന്നാൽ
നേരേ നിൽപ്പാനാരാളാവും

ദൈവത്വത്തിന്റെ പരിപൂർണ്ണതയും ഉടയോൻ വന്നിരുന്നുവെങ്കിൽ നേരേ നോക്കുവാൻ ആർക്കാണ് കഴിയുമായിരുന്നത്?. അതുകൊണ്ട് ഉടയവൻ കഷ്ടത സ്വീകരിച്ചു. സൃഷ്ടിയുടെ വീണ്ടെടുപ്പിന്റെ രീതിശാസ്ത്രം "കഷ്ടത" എന്നതായിരുന്നു. ഉപഭോഗസംസ്കാരവും, സമൃദ്ധിയുടെ സുവിശേഷവും അതിശക്തമായി ക്രൈസ്തവ സഭകളെ സ്വീധീനിച്ചുകൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ ആദ്ധ്യാത്മികതയുടെ മാർഗ്ഗം കഷ്ടതയുടേയും, സഹനത്തിന്റേതുമാണെന്ന യാഥാർത്ഥ്യം വിശ്വാസ സമൂഹത്തെ ബോധ്യപ്പെടുത്തുക കൂടിയാണ് പീഡാനുഭവ ദിനങ്ങളിലെ ആരാധന.

കഷ്ടതയെ വിശുദ്ധിയോടെ വീക്ഷിക്കുന്നവർക്കുള്ള പ്രതിഫലമാണ് ഉയിർപ്പ്; ഉയിർപ്പിന്റെ സന്ദേശമോ "സമാധാനവും". ആ സമാധാനം ലോകം തരുന്ന സമാധാനമല്ലെന്ന് മുമ്പുതന്നെ വ്യക്തമാക്കിയിട്ടുമുണ്ട്; "ആണിപ്പഴുതും, വിലാപ്പുറത്തെ മുറിവും" സ്പർശിക്കുമ്പോൾ കിട്ടുന്ന തിരിച്ചറിവാണ് ആ സമാധാനം; സമാധാനത്തിന്റെ ദിവ്യാനുഭൂതിയിലാണ് "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന വിശ്വാസപ്രഖ്യാപനം മുഴങ്ങുന്നത്.

നിത്യ ജീവിതത്തിലെ പീഡാനുഭവങ്ങൾ ആരാധനപോലെ, വിശുദ്ധിയോടെ നോക്കി കാണുമ്പോൾ രോഗവും, മരണവും, നിരാശയും, നിന്ദയും, പരിഹാസവും, തിരസ്കരണവും മറ്റും മറ്റുമായ ആണിപ്പാടുകളും മുറിവുകളും സ്പർശിക്കുവാൻ മനസ്സ് തയ്യാറാകുമ്പോൾ ഇളം കാറ്റുപോലെ മന്ദമായ സ്വരം മുഴങ്ങും: "നിങ്ങൾക്ക് സമാധാനം"; "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്ന് പ്രതിവചിക്കുവാൻ അപ്പോൾ നാവുകൾ ശക്തമാകും.

അനുഗ്രഹ പൂർണ്ണമായ ഈസ്റ്റർ ആശംസകൾ!

**ഡോ. സഖറിയാ റമ്പാൻ**

ഗുരുമൊഴി



കുഞ്ഞുങ്ങളെ! ദൈവത്തെ സ്നേഹിക്കണം. മരണമുണ്ടെന്ന് ഒരിക്കലും മറക്കല്ലേ. നല്ലവണ്ണം പ്രാർത്ഥിക്കുകയും നോമ്പു നോല്ക്കുകയും സൽപ്രവൃത്തികൾ ചെയ്യുകയും വേണം. അങ്ങനെയാണല്ലോ നമ്മുടെ കർത്താവ് കാണിച്ചു തരികയും പഠിപ്പിക്കുകയും ചെയ്തതും. ഒരുങ്ങി ജീവിക്കുക.

**- പരിശുദ്ധ പാമ്പാടിത്തിരുമേനി**

# കാതോലിക്കേറ്റ് മലങ്കരയിലെ വെള്ളിനക്ഷത്രം


മലങ്കരയുടെ പൊൻതാരകമായ കാതോലിക്കാ സ്ഥാപനത്തെയും ചരിത്ര വഴികളെയും സ്വയം ശീർഷകത്തെയും കുറിച്ച് ...


**ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്ത**

മലങ്കരസഭയുടെ ദേശീയ സ്വാതന്ത്ര്യത്തിന്റെയും സ്വയംശീർഷകത്തിന്റെയും പ്രതീകമാണ് കാതോലിക്കസ്ഥാനം. മാർ തോമ്മാശ്ലീഹായുടെ കാലം മുതൽ മലങ്കരസഭ അനുഭവിച്ചു വന്ന സർവ്വസ്വതന്ത്രമായ നിലനില്പിന്റെയും തനിമയുടെയും സാർവ്വദേശീയമായ ഒരംഗീകരണം മാത്രമാണ് 1912-ലെ കാതോലിക്കസ്ഥാപനം കൊണ്ട് മലങ്കരസഭയിൽ സംജാതമായിട്ടുള്ളത്. മാർത്തോമ്മായുടെ മക്കൾക്ക് ക്രിസ്തീയ വിശ്വാസം അഭംഗുരം പുലർത്തിക്കൊണ്ടു പോകുവാൻ സാമൂഹികവും വിദ്യാഭ്യാസപരവും സംഘടനാത്മകവുമായ തലങ്ങളിൽ ബുദ്ധിമുട്ടുകൾ നേരിട്ട സന്ദർഭങ്ങളിൽ വിദേശത്തുള്ള സഹോദര ക്രിസ്തീയ സഭകളിൽ നിന്നും 4-ാം നൂറ്റാണ്ടുമുതൽ സഹായം ലഭ്യമായിരുന്നു. എങ്കിലും മലങ്കരസഭ വൈദേശികഭരണത്തെ എക്കാലത്തും എതിർത്തു കൊണ്ടിരിക്കയോ മനസ്സില്ലാമനസ്സോടെ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ട്. റോമാസാമ്രാജ്യത്തിലും പേർഷ്യൻ സാമ്രാജ്യത്തിലും അർമ്മീനിയൻ സഭയിലും ഈജപ്തിലെയും എത്യോപ്യയിലെയും സഭകളിലും ലഭിച്ച ക്രിസ്തീയ വിശ്വാസംകാലദേശ സംസ്ക്കാരതലങ്ങളിൽ തദ്ദേശീയമാക്കുവാൻ വളരെ അനുകൂല സാഹചര്യങ്ങൾ അവിടവിടങ്ങളിൽ ഉണ്ടായിരുന്നു. എന്നാൽ ഇതുപോലുള്ള സാഹചര്യങ്ങൾ മാർത്തോമ്മായുടെ മക്കൾക്ക് കിട്ടിയിരുന്നില്ലെന്നതാണ് ഈ സഭ നൂറ്റാണ്ടുകളോളം വൈദേശിക സഭകളുടെ ആരാധനാജീവിതശൈലിയെ അവലംബിക്കേണ്ടിവന്നതിന്റെ കാരണം. ഈ ഒരു ലക്ഷ്യം സ്വപ്നം കണ്ടു കൊണ്ടിരുന്ന മലങ്കരസഭയ്ക്ക് ഉദിച്ചുയർന്ന ഒരു വെള്ളിനക്ഷത്രമായിരുന്നു മലങ്കരസഭയിലെ കാതോലിക്ക സ്ഥാപനം.

### 1. ചരിത്ര പശ്ചാത്തലം

മലങ്കരയിൽ എ.ഡി. 52-ൽ എത്തിയ മാർതോമ്മാശ്ലീഹ എ.ഡി. 72-ൽ രക്തസാക്ഷിമരണം പ്രാപിക്കുന്നതിനിടയിൽ ഈ സഭയ്ക്കാവശ്യമായ ഭരണക്രമീകരണവും ആരാധനാ ജീവിതശൈലിയും സംസ്ഥാപിച്ചിരുന്നിരിക്കണം. എന്നാൽ ഈ പാരമ്പര്യം അധികകാലം നിലനിന്നില്ലയെന്ന് ഉദയംപേരൂർ സുന്നഹദോസിന്റെ നിശ്ചയങ്ങൾ വെളിവാക്കുന്നു. ഹൈന്ദവരിൽ നിന്ന് ക്രിസ്ത്യാനികളായവർ പ്രാദേശിക സാംസ്ക്കാരിക തനിമയിൽ എത്ര








> 'കാതോലിക്ക്'സ്ഥാന നാമത്തോട് പാത്രി യർക്കീസെന്നോ, ആർച്ചു ബിഷപ്പെന്നോ, പാപ്പായെന്നോ ഒന്നും കൂട്ടിച്ചേർക്കേണ്ട ആവശ്യം ഇല്ല.

മാത്രം വളരുവാൻ ശ്രമിച്ചു എന്ന തിനു തെളിവില്ല. എ.ഡി. 4–ാം നൂറ്റാണ്ടുമുതൽ പേർഷ്യയിലെ പീഡനങ്ങൾ മൂലം കേരളത്തിലേക്ക് ഓടി രക്ഷപ്പെട്ടുവന്ന ക്രിസ്ത്യാനികൾ അവർക്കു പരിചിതമായിരുന്ന ആരാധനാക്രമങ്ങളും സഭാപാരമ്പര്യങ്ങളും ഇവിടെ കൊണ്ടുവന്നത് പേർഷ്യൻ സഭയുമായി കേരളത്തിലെ ക്രിസ്ത്യാനികൾക്ക് ബന്ധമുണ്ടാകുവാൻ കാരണമായി. ഇത് 16–ാം നൂറ്റാണ്ടുവരെ തുടർന്നു. എഡേസായിൽനിന്നു വന്ന സുറിയാനി സുവിശേഷക്കാരുടെ സ്വാധീനത്തെ ഒഴിവാക്കി 3–ാം നൂറ്റാണ്ടിൽത്തന്നെ പേർഷ്യൻ സഭ അതിന്റെ ദേശീയ സ്വാതന്ത്ര്യം പ്രഖ്യാപിച്ചത് 'പാപ്പാ' എന്ന പേരിൽ അറിയപ്പെട്ടത് പിന്നീട് 'കാതോലിക്കോസ്' എന്ന ഗ്രീക്ക് സംജ്ഞയിൽ കൂടി സ്ഥാപിക്കപ്പെട്ട സർവ്വസ്വതന്ത്രമായ പ്രധാന മേലദ്ധ്യക്ഷസ്ഥാനത്തിലൂടെയാണ്. ചില പ്രത്യേക കാരണങ്ങൾകൊണ്ട് ഈ പേർഷ്യൻ കാതോലിക്കേറ്റ് 5–ാം നൂറ്റാണ്ടിൽ നെസ്തോറിയ വിശ്വാസം സ്വീകരിച്ചതിനാൽ അവിടെ ഇതിനെതിരായി ഒരു വിഭാഗം നിലകൊണ്ടു. ആറാം നൂറ്റാണ്ടിൽ കുസ്തന്തീനോസ് രാജാവിനെ പരാജയപ്പെടുത്തി പേർഷ്യക്കാർ പിടിച്ചുകൊണ്ടുവന്ന സുറിയാനിക്കാർ അന്ത്യോഖ്യ പാത്രിയർക്കീസിനോടു വിധേയത്വം പുലർത്തിയിരുന്നു. ഇവർ പേർഷ്യയിലെ നെസ്തോറിയ വിശ്വാസത്തിനെതിരായി നിന്ന പേർഷ്യൻ ക്രിസ്ത്യാനികളുമായി യോജിച്ചു. ഇവരുടെ മേലദ്ധ്യക്ഷനായി അന്ത്യോഖ്യ പാത്രിയർക്കീസ് വാഴിച്ചു നൽകിയതാണ് തെഗ്രീസിലെ സുറിയാനിക്കാരുടെ 'മപ്രിയാനാ സ്ഥാപനം'. പേർഷ്യൻ സഭയുമായി ബന്ധമുണ്ടായിരുന്ന കേരളത്തിലെ മാർത്തോമ്മായുടെ സഭ മപ്രിയാനായുടെ കീഴിൽ ഒരിക്കലെങ്കിലുമായിരുന്നതായി യാതൊരു ചരിത്രരേഖകളുമില്ല. കേരളത്തിലെ സഭ പേർഷ്യയിലെ നെസ്തോറിയ സഭയുമായി ബന്ധപ്പെട്ടിരുന്നു. കേരളത്തിൽ നിലനിന്നിരുന്ന നെസ്തോറിയ പാരമ്പര്യത്തിലുള്ള ആദായിയുടെയും മാറിയുടെയും കുർബാന തക്സായും ആരാധനാപാരമ്പര്യവും മാറ്റുവാൻ തീരുമാനിച്ച ഉദയംപേരൂർ സുന്നഹദോസ് നിശ്ചയങ്ങളിൽ കൂടി ഈ ബന്ധം തെളിവാകുന്നു. പോർട്ടുഗീസ് മിഷനറിമാർ റോമൻ കത്തോലിക്ക വിശ്വാസത്തെ 16–ാം നൂറ്റാണ്ടിൽ പേർഷ്യയിൽ അടിച്ചേൽപ്പിച്ച് അവിടെ ഒരു റോമൻ പക്ഷപാതിയായ കാതോലിക്കേറ്റ് സൃഷ്ടിച്ചതു പോലെ 1599–ൽ ഉദയംപേരൂർ സുന്നഹദോസിലൂടെ പോർട്ടുഗീസുകാരനായിരുന്ന ഗോവൻ ആർച്ചുബിഷപ്പ് മെനസ്സിസ് കേരളത്തിലെ മാർത്തോമ്മായുടെ മക്കളെയും 1653–ലെ കൂനൻ കുരിശു സത്യംവരെ 54 വർഷത്തിലേക്ക് പൂർണ്ണമായും റോമാസഭയുടെ അടിമത്തത്തിലാക്കി. കൂനൻകുരിശു സത്യത്തിൽ മാർത്തോമ്മായുടെ സ്വന്തം മക്കൾക്കു നഷ്ടപ്പെട്ടത് 80 പള്ളികൾ; സ്വന്തമായിത്തീർന്നവയോ 40 പള്ളികൾ മാത്രം.

മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ശ്രമഫലമായി അന്ത്യോഖ്യ പാത്രിയർക്കീസിന്റെ കീഴിലുണ്ടായിരുന്ന യെരുശലേമിലെ മാർ ഗ്രിഗോറിയോസ് 1665–ൽ മലങ്കരയിൽ എത്തി പേർഷ്യൻ–റോമൻ ആചാരാനുഷ്ഠാനങ്ങളെ ക്രമേണ നീക്കം ചെയ്ത് അന്ത്യോഖ്യൻ സുറിയാനി സഭാപാരമ്പര്യം സ്ഥാപിച്ചു. മലങ്കരസഭ നസ്രാണികളുടെ ഉൾഭരണം നടത്തിയിരുന്ന അർക്കദയാക്കോന്റെ ഭരണത്തിനു തിരശ്ശീല ഇട്ടുകൊണ്ട് നാട്ടുകാരനായ മെത്രാനെ വാഴിച്ചു ഭരണകർത്താവാക്കി. എങ്കിലും അന്ത്യോഖ്യയിൽ നിന്ന് ഇടയ്ക്കിടെ വന്നുകൊണ്ടിരുന്ന മെത്രാന്മാർ നാട്ടുമെത്രാന്മാരുടെമേൽ അധികാരം പ്രയോഗിക്കുവാൻ തുടങ്ങി.

18–ാം നൂറ്റാണ്ടുമുതൽ മലങ്കര സഭയ്ക്ക് ആംഗ്ലിക്കൻ സഭയുമായുണ്ടായ ബന്ധം ശ്രദ്ധേയമാണ്. ക്ലോഡിയസ് ബുക്കാനൻ തനിക്കു സമ്മാനമായി പുലിക്കോട്ടിൽ ജോസഫ് ദിവന്നാസ്യോസ് ഒന്നാമനിൽ നിന്നും ലഭിച്ച സുറിയാനി പുസ്തകം മലയാളത്തിലാക്കി നൽകിയത് സന്തോഷകരമെങ്കിലും അവരുടെ വേദശാസ്ത്ര നിഗമനങ്ങൾ ഉൾക്കൊള്ളണമെന്ന ആഗ്രഹം മലങ്കര സഭാമക്കളെ രണ്ടാമതൊരു ഭിന്നതയിലേക്കു നയിച്ചു. നവീകരണക്കാരിൽ നിന്നും രക്ഷപെടുവാൻ അന്ത്യോഖ്യ പാത്രിയർക്കീസിനെ ശരണപ്പെട്ട മലങ്കരസഭാ മക്കൾ പരോക്ഷമായി അന്ത്യോഖ്യൻ നുകം കഴുത്തിൽ എടുത്തുവയ്ക്കേണ്ട അവസ്ഥയിലെത്തി. അങ്ങനെ കേരളത്തിലെ സഭ ഇംഗ്ലീഷുകാരുമായി കൂടിയവരും നവീകരണക്കാരായ മാർത്തോമ്മാക്കാരും അന്ത്യോഖ്യ മേലധികാരം സ്വീകരിച്ച സുറിയാനിക്കാരുമായി മൂന്നു വിഭാഗക്കാരായി ത്തീർന്നു. 1875–ലെ മുളന്തുരുത്തി സുന്നഹദോസിൽ അന്ത്യോഖ്യ പാത്രിയർക്കീസ് പത്രോസ് തൃതീയന്റെ മേൽക്കോയ്മയിൽ സഭയെ ഏഴു മെത്രാസനങ്ങളാക്കി വിഭജിച്ചു; മെത്രാന്മാരെ വാഴിച്ചു നൽകി. മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും മാനേജിംഗ് കമ്മറ്റിയും നിലവിൽ വന്നു. ഇദം പ്രഥമമായി മലങ്കര സഭാമക്കൾ പത്രോസ് പാത്രിയർക്കീസിനോട് മലങ്കരസഭയ്ക്ക് ഒരു ദേശീയ തലവനായി സർവ്വാധികാരമുള്ള ഒരു കാതോലിക്കാസ്ഥാപനം ആവശ്യപ്പെട്ടു. അദ്ദേഹം നിരസിക്കുകയും ഇനി ഈ ആവശ്യമുന്നയിക്കുന്നവർ പരിശുദ്ധാത്മാവിനാൽ ശപിക്കപ്പെട്ടവരാണെന്നു പ്രഖ്യാപിക്കുകയും ചെയ്ത് മടങ്ങിപ്പോയി.

**2. കാതോലിക്കേറ്റിന്റെ പ്രസക്തി**

കാതോലിക്കാ സ്ഥാപനത്തിന്റെ ആശയം ഉന്മൂലനം ചെയ്യുവാൻ മലങ്കരയിലെ പള്ളികളുടെ ഉടമസ്ഥാവകാശം ചോദിച്ച അബ്ദുള്ള പാത്രിയർക്കീസ് അതിന് തയ്യാറാകാതിരുന്ന വട്ടശ്ശേരിൽ തിരുമേനിയെ 1911–ൽ മുടക്കി. ഇത് കാതോലിക്കാ സ്ഥാപനത്തിന്റെ അനിവാര്യത മലങ്കര സഭാമക്കൾക്ക് ബോധ്യമാക്കി. 1912–ൽ മലങ്കരയിൽ എത്തിയ അന്ത്യോഖ്യാ പാത്രിയർക്കീസ് അബ്ദുൽ മശിഹാ 'കിഴക്കിന്റെ കാതോലിക്കേറ്റ്'നെ മലങ്കരയിൽ സ്ഥാപിച്ചു. ഇതു സംബന്ധിച്ച പാത്രിയർക്കീസിന്റെ കല്പനയിൽ തിഗ്രീസിലെ മപ്രിയാനായ്ക്കുള്ള സ്ഥാനമല്ല വിവക്ഷിച്ചത്. മപ്രിയാനാ അന്ത്യോഖ്യ പാത്രിയർക്കീസിന്റെ കീഴ്സ്ഥാനി ആയിരുന്നു. 'കിഴക്കിന്റെ കാതോലിക്കേറ്റ്'ൽ സർവ്വസ്വതന്ത്ര ഭരണ സംവിധാനം വിവ


*ശേഷം 45–ാം പേജിൽ*

# തിരുവചന ശുശ്രൂഷ ഒരു ദിവ്യ ദൗത്യം

ഫാ. റ്റി. ജെ. ജോഷ്വ

എനിക്കു ലഭിച്ച ഒരു കത്താണ് ഈ ലേഖനത്തിനു പ്രേരകമായത്. അതിൽ ചോദിക്കുന്നു: "അച്ചനാണ് സെമിനാരിയിൽ വൈദിക വിദ്യാർത്ഥികൾക്ക് പ്രാക്റ്റിക്കൽ തിയോളജി പഠിപ്പിക്കുന്നതെന്ന് അറിയുവാൻ സാധിച്ചു. അതുകൊണ്ടാണ് ഈ കത്ത് എഴുതുന്നത്: വിശുദ്ധ കുർബാന മദ്ധ്യേ അച്ചന്മാർ പ്രസംഗിക്കുന്ന പ്രസംഗങ്ങളും ആത്മീയ പ്രസ്ഥാനങ്ങളിൽ നൽകുന്ന പ്രസംഗങ്ങളും എപ്രകാരം ഉള്ളതായിരിക്കണം? കുത്തുവാക്കുകളും ശാപവാക്കുകളും നിറഞ്ഞതായിരിക്കാമോ? ...... മദ്ബഹായിൽ നിന്നുകൊണ്ടു കത്തി പ്രയോഗം നടത്തുന്ന ഒരു വാടക കൊലയാളിയുടെ നിലവാരത്തിലേക്കു തരംതാണു പോകുന്നതു ശരിയാണോ?"

ഒറ്റപ്പെട്ട ഏതോ അനുഭവത്തെ സാമാന്യവൽക്കരിക്കുന്നതു ശരിയല്ല. പ്രസംഗങ്ങളെപ്പറ്റി ഇടവക ജനങ്ങളിൽ നിന്നും പൊതുവായി ലഭിച്ചുകൊണ്ടിരിക്കുന്ന റിപ്പോർട്ട് തൃപ്തികരമാണെന്നു ചൂണ്ടിക്കാണിക്കട്ടെ. ഇന്നത്തെ യുവവൈദികർ ഹ്രസ്വമായ നല്ല പ്രസംഗങ്ങൾ, വചനാധിഷ്ഠിതമായിത്തന്നെ നടത്തുന്നു എന്നാണ് പൊതുവെ ലഭിക്കുന്ന വിവരം. വചന പ്രബോധനത്തെപ്പറ്റി താത്വികവും പ്രായോഗികവുമായ ക്ലാസ്സുകൾ വിശദമായിത്തന്നെ സെമിനാരിയിൽ നൽകുന്നു. പ്രസംഗ പരിശീലന ക്ലാസ്സുകളിൽ വിദ്യാർത്ഥികൾ പ്രസംഗിക്കുകയും മറ്റുള്ളവർ അതിനോടു ക്രിയാത്മകമായി പ്രതികരിച്ച്, നല്ല വശങ്ങൾ ഉയർത്തിക്കാണിക്കുന്നതോടൊപ്പം പോരായ്മകളും പ്രമാദങ്ങളും സ്നേഹബുദ്ധ്യാ ചൂണ്ടിക്കാണിക്കുന്നു. ഈ പരിശീലന ക്ലാസിൽ വിദ്യാർത്ഥികളും, അദ്ധ്യാപകരും വെവ്വേറെ മാർക്കിടുന്നു. അവരിൽ ഏറ്റവും കൂടുതൽ മാർക്കു ലഭിക്കുന്ന ആളിന് "സെമിനാരി പ്രീച്ചർ" എന്ന സ്ഥാനം നൽകി ആദരിക്കുന്നു. എന്നാൽ ഇതിനൊന്നും അവസരം ലഭിക്കാതെ–വൈദിക സെമിനാരി പരിശീലനം ലഭിക്കാതെ വൈദിക പദവിയിലെത്തുന്ന സാഹചര്യം ഇന്നും സഭ



യിൽ നിലനില്ക്കുന്നു എന്നത് ശോചനീയമായ വസ്തുതയാണ് ഇക്കാര്യത്തിൽ പ്രതിക്കൂട്ടിൽ നിൽക്കുന്നത് ആരെന്നു ഞാൻ വിധിയെഴുതുന്നില്ല. അതിനു മുതിരാത്തതു പ്രയോജനമില്ലാത്തതു കൊണ്ടു തന്നെ.

1) അപ്പോസ്തോലിക കാലത്തെ സഭയെക്കുറിച്ച് നമുക്കു ലഭിക്കുന്ന ചിത്രത്തിൽ "അപ്പം നുറുക്ക"ലിനോടൊപ്പം 'വചനം നുറക്കപ്പെട്ടിരുന്നു. ഒന്നു മാത്രമായി ഒരിക്കലും നുറുക്കപ്പെട്ടിരുന്നില്ല' (അ.പ്ര. 2:42; 20:7) എമ്മവൂസ് സംഭവം വ്യക്തമാക്കുന്നതും ഇതു തന്നെ. രണ്ടു ശിഷ്യന്മാർ എമ്മവേസിലേക്കു യാത്ര ചെയ്യുമ്പോൾ അവരോടു ചേർന്നു നടക്കുന്ന യേശു തിരുവെഴുത്തിനെ അവർക്കു വ്യാഖ്യാനിച്ചു കൊടുക്കുന്നു; തുടർന്ന് ഭവനത്തിൽ വച്ച് അപ്പം നുറുക്കി കൊടുക്കുകയും ചെയ്യുന്നു. അപ്പോൾ അവരുടെ "കണ്ണുകൾ തുറന്നു" എന്നും കൂട്ടിച്ചേർക്കുന്നു. (ലൂക്കോ. 24:13 മു.).

പൗലോസ് ശ്ലീഹാ വചനശുശ്രൂഷ സുപ്രധാനമെന്നു കരുതി. ലഭിച്ച ഒരവസരവും അദ്ദേഹം പാഴാക്കിയില്ല. അതുകൊണ്ട് തന്റെ ശിഷ്യനും, എഫേസൂസിലെ സഭയുടെ ചുമതലക്കാരനുമായ തീമോത്തിയോസിന് എഴുതുന്നു: "സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചു കൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാവുന്നവനായി നില്പാൻ ശ്രമിക്ക." (2 തീമോ. 2:15) "വചനം പ്രസംഗിക്കുക; സമയത്തിലും അസമയത്തിലും ഒരുങ്ങി നിൽക്കുക, സകല ദീർഘക്ഷമയോടും ഉപദേശത്തോടും കൂടെ ശാസിക്കുക; തർജ്ജനം ചെയ്യുക; പ്രബോധിപ്പിക്കുക" (4:2) തീത്തോസിനെഴുതുമ്പോൾ, "നീയോ പഥ്യോപദേശത്തിനു ചേരുന്നതു പ്രസ്താവിക്കുക" (തീത്തോ. 2:1)

സഭയിലെ ചില പ്രവർത്തകരെ മുന്നിൽ കണ്ടുകൊണ്ട് അദ്ദേഹം ഉപദേശിക്കുന്നു: ദൈവവചനത്തിൽ കൂട്ടുചേർക്കാതെയും സത്യം വെളിപ്പെടുത്തണം" (2 കൊരി. 2:2) ദൈവവചനത്തിൽ "മായം ചേർക്കുന്നത്" എപ്പോ

ഴാണ്. a) ശരിയായി പഠിക്കാതെയും ഒരുങ്ങാതെയും പ്രസംഗിക്കുമ്പോൾ. b) സന്ദർഭത്തിൽ നിന്നു അടർത്തിമാറ്റി സ്വാർത്ഥലക്ഷ്യത്തോടെ അവതരിപ്പിക്കുമ്പോൾ. c) വാക്യം മുഴുവൻ ഉദ്ധരിക്കാതെ ഗൂഢലക്ഷ്യത്തോടെ, മുറിച്ച് ഉപയോഗിക്കുമ്പോൾ . d) ശ്രോതാക്കളെ കുറ്റപ്പെടുത്താനും കുത്തിനോവിക്കാനും ലക്ഷ്യമിടുമ്പോൾ. e) വാക്യത്തിനു നിരക്കാത്ത വ്യാഖ്യാനം നൽകുമ്പോൾ. വചനശുശ്രൂഷയിൽ സംഭവിക്കാവുന്ന അപചയങ്ങളാണ് മേൽപ്പറഞ്ഞവ. വചനശുശ്രൂഷ നടത്തുന്നവരെല്ലാവരും തന്നെ ജാഗ്രതയോടെ ശ്രദ്ധിക്കേണ്ട കാര്യങ്ങളാണ്.

വിശറിക്കു കാറ്റുവേണ്ടാ; അതു കയ്യിലെടുക്കുമ്പോൾ കാറ്റ് ഉണ്ടായിക്കൊള്ളും എന്നു പറയുംപോലെ പ്രത്യേകമായ ഒരുക്കമോ പഠനമോ ഒന്നുമാവശ്യമില്ല. പടിഞ്ഞാറോട്ട് തിരിഞ്ഞ് ജനത്തെ സംബോധന ചെയ്യുമ്പോൾ ചിന്തകൾ താനേ വന്നുകൊള്ളും എന്നു കരുതുന്നവരുണ്ട്. അവർ ദൈവവചനത്തെ അവഹേളിക്കുന്നവരും വചനശുശ്രൂഷയെ അവഗണിക്കുന്നവരുമാണ്.

2) കുർബാന മദ്ധ്യേ നടത്തുന്ന പ്രസംഗത്തിൽ ശ്രദ്ധിക്കേണ്ടത്:

1) അന്നത്തെ വേദവായന സസൂക്ഷ്മം വായിക്കണം. അവ പരസ്പരം ബന്ധമുള്ളവയാണ്. ഓരോ ദിവസത്തെ പ്രമേയത്തോട് ഓരോ വിധത്തിൽ ബന്ധപ്പെട്ടിരിക്കും.

തിരുവെഴുത്തിലെ വേദഭാഗം ഏതു പശ്ചാത്തലത്തിൽ ഉന്നയിക്കപ്പെട്ടു എന്നും, അവിടെ അർത്ഥമാക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്നും സൂക്ഷ്മതയോടെ ഗ്രഹിക്കേണ്ടതാണ്. ആ ഭാഗത്തെപ്പറ്റി വേദപണ്ഡിതന്മാരും, സഭാപിതാക്കന്മാരും വിശദമാക്കുന്നത് എന്തെന്നു പരിശോധിക്കണം. പ്രാർത്ഥനയിൽ കൂടി ലഭിക്കേണ്ട ഒന്നുണ്ട്; ആ ഭാഗത്തെ ചിന്തകൾക്ക് ഇന്നുള്ള പ്രസക്തി എന്താണ്. ശ്രോതാക്കൾ ആരാണ്? അവരുടെ സാഹചര്യവും, ജീവിതാവസ്ഥയും എന്താണ്? അവർക്കു പ്രസക്തമായ സന്ദേശം നമ്മുടെ പഠനത്തിൽ നിന്ന് എങ്ങനെ രൂപപ്പെടുത്താമെന്നുള്ളത് ദൈവസന്നിധിയിൽ കാതോർത്ത് സാധ്യമാക്കേണ്ടതാണ്. അവിടെയാണ് പരിശുദ്ധാത്മാവിന്റെ സഹായം നമുക്കു ലഭിക്കുന്നത്. “ജ്ഞാനത്തിന്റെയും വിവേകത്തിന്റെയും ആത്മാവ്” നമ്മിൽ വ്യാപരിച്ച് പ്രസക്തവും പ്രയോജനപ്രദവുമായ സന്ദേശം നമ്മുടെ ചിന്തയിൽ ലഭ്യമാക്കും.

നാം ആമുഖമായി പറയുന്നത് എന്താണ്: പിതാവും, പുത്രനും പരിശുദ്ധ റൂഹായുമായ സത്യേകദൈവത്തിന്റെ തിരുനാമത്തിൽ എന്നു പറയുന്നു. ദൈവനാമത്തിൽ സംസാരിക്കുകയാണ്; അവിടെ ആരോടെങ്കിലുമൊക്കെ വിദ്വേഷത്തിനോ, വൈരാഗ്യത്തിനോ, പ്രതികാരത്തിനോ, വിമർശനത്തിനോ ഒന്നും സ്ഥാനമില്ല. ദൈവത്തിന്റെ വചനത്തെ സത്യസന്ധമായും ആത്മാർത്ഥതയോടും നാം അവതരിപ്പിക്കുകയാണ്. അതു ചിലപ്പോൾ ചില വ്യക്തികളുടെ ഹൃദയത്തെ സ്പർശിക്കും; ചലിപ്പിക്കും; അവരോട് ദൈവം നേരിട്ടു സംസാരിക്കുകയായിരുന്നു എന്ന ബോധമുദിക്കും. പത്രോസ് പ്രസംഗിച്ചപ്പോൾ ഹൃദയത്തിൽ കുത്തുകൊണ്ടവരായി ഞങ്ങൾ എന്തു ചെയ്യേണ്ടു എന്നു ചോദിച്ചു. (അ.പ്ര. 2:37) ആ വാക്കുകൾ ശ്രോതാക്കളെ നന്മയിലേക്കു നയിക്കാൻ തക്കവണ്ണം സർഗ്ഗാത്മകമായ പ്രതികരണം വരുത്തുക തന്നെ ചെയ്യും. സെക്കുലർ പ്രഭാഷണവും, പ്രസംഗങ്ങൾ തന്നെ. പക്ഷേ ലക്ഷ്യവും സമീപനവും വ്യത്യസ്തമാണ്.

“കണ്ടതും കേട്ടതും” എന്ന പരിപാടി റേഡിയോവിലും ടി.വി.യിലും അവതരിപ്പിക്കാറുണ്ട്. ചിലരുടെ പ്രസംഗം ആ നിലവാരത്തിലേക്കു താണു പോകുന്നു. ദൈവവചനത്തോടും പ്രസക്ത ഭാഗത്തോടും ബന്ധമൊന്നുമില്ലാതെ ‘കണ്ടതും കേട്ടതും’ പറയുന്ന അനുഭവം ശ്രോതാക്കൾക്കുണ്ടാകാറുണ്ട്. അതിന്റെ കാരണം പ്രസംഗകൻ വചനശുശ്രൂഷയെ ഗൗരവമായിട്ടെടുക്കുകയോ, അതനുസരിച്ച് ആവശ്യമായ പഠനമോ പ്രാർത്ഥനയോ നടത്താത്തതാണ്. സെമിനാരി പരിശീലനം ലഭിച്ചിട്ടില്ലാത്തവർ തന്നെ വചനശുശ്രൂഷയെ ഗൗരവമായി കരുതി നന്നായി പഠിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത് ഫലപ്രദമായി ഈ രംഗത്തു പ്രവർത്തിക്കുന്നുണ്ട്. സെമിനാരിയിൽ നാലോ അഞ്ചോ വർഷം പഠിച്ചതുകൊണ്ടു മാത്രമായില്ല. തുടർപഠനം ആവശ്യമാണ്. അതു നമ്മുടെ പല വൈദികരും നടത്തുന്നില്ല എന്നു ഖേദത്തോടെ പറയേണ്ടിയിരിക്കുന്നു. ദിവസം ഒരു മണിക്കൂറെങ്കിലും തിരുവചന പഠനത്തിനു മാറ്റിവയ്ക്കണം. അതിന് ഒരു ആവശ്യബോധമാണ് ഉണ്ടാകേണ്ടത്.

പലരുടെയും പ്രസംഗത്തിൽ “ഞാൻ” അമിതമായി കടന്നുവരും. എണ്ണിനോക്കിയാൽ മതി, അഞ്ചു മിനിട്ടിനുള്ളിൽ എത്ര പ്രാവശ്യം “ഞാനും, എന്റെയും” പ്രത്യക്ഷപ്പെടുന്നു എന്ന് ബോധ്യമാകും. അഹന്തയും, ആത്മപ്രശംസയും ഉള്ളവരിലാണ് ഈ അതിപ്രസരം. പൗലോസ് ശ്ലീഹ പറയുന്നു: “ഞങ്ങളെത്തന്നെയല്ല ക്രിസ്തു യേശുവിനെ കർത്താവെന്നും, ഞങ്ങളെയോ യേശു നിമിത്തം നിങ്ങളുടെ ദാസന്മാർ എന്നും അത്രേ ഞങ്ങൾ പ്രസംഗിക്കുന്നത്” (2 കൊരി. 4:5) സ്വന്തം സാക്ഷ്യം പ്രയോജനപ്രദമെങ്കിൽ മാത്രമാകാം. അതു സന്ദേശത്തിന്റെ ശക്തി വർദ്ധിപ്പിക്കുന്നതിനും ആധികാരികത വെളിപ്പെടുത്തുന്നതിനും ഉതകുമെങ്കിൽ, അങ്ങനെ ഉത്തമ ബോധ്യമുണ്ടെങ്കിൽ മാത്രമാകാം അതിശയോക്തിയും അസത്യവും കടന്നുവരാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

ഒരു കാര്യം കൂടി മാത്രം പറയട്ടെ. കുർബാനയോടു ചേർന്നുള്ള പ്രസംഗത്തെക്കുറിച്ചു മാത്രമേ ഇവിടെ വിവക്ഷിക്കുന്നുള്ളു. പ്രസംഗത്തിന്റെ ദൈർഘ്യം ശ്രദ്ധിക്കേണ്ട ഒന്നാണ്. പത്തു മിനിട്ടിനും പതിനഞ്ചു മിനിട്ടിനും ഇടയിൽ പരിമിതപ്പെടുത്തണം. ദീർഘമായ ആരാധനയാണ് നമ്മുടെ കുർബ്ബാന. കുറഞ്ഞത് ഒരു മണിക്കൂർ വേണം. അതിന്റെ മദ്ധ്യേ ദീർഘമായ ഒരു പ്രസംഗത്തിന് പ്രസക്തിയില്ല. ചിലർക്ക് പ്രസംഗം നിറുത്താൻ അറിയാത്ത പ്രതീതിയാണ്. പട്ടക്കാരായാലും മേല്പട്ടക്കാരായാലും സമയ ക്ലിപ്തത പാലിക്കേണ്ടതാണ്. ചില മേല്പട്ടക്കാരെ മുന്നിൽ കണ്ടുകൊണ്ടാണ് സമയ ക്ലിപ്തതയെപ്പറ്റി ഞാൻ പരാമർശിക്കുന്നത്.

പ്രസംഗത്തിന്റെ ഒരു രൂപരേഖ നിശ്ചയമായും മനസ്സിൽ ഉണ്ടായിരിക്കണം. എങ്ങനെ ആരംഭിക്കണം, എങ്ങനെ സമാപിക്കണം എന്നു നേരത്തേ തന്നെ ചിന്തിച്ചു വ്യക്തത വരുത്തണം. അവതരിപ്പിക്കേണ്ട വിഷയത്തിൽ ഊന്നൽ കൊടുക്കേണ്ടവ എന്തൊക്കെയെന്നും ചിന്തിച്ചുറപ്പിച്ചാൽ പ്രസംഗം കാടുകയറാതെ ലക്ഷ്യത്തിലെത്തും; ഫലപ്രദവുമാകും. നമ്മുടെ പ്രസംഗത്തിന്റെ നിലവാരം പൊതുവേ മെച്ചപ്പെട്ടിട്ടുണ്ട്. എങ്കിലും അതിനു ചില അപശബ്ദങ്ങൾ ഇല്ലാതില്ല. അതാണല്ലോ ഈ ലേഖനത്തിനാധാരമായ കത്തു വെളിപ്പെടുത്തുന്നത്. കത്തയച്ചു തന്ന സഹോദരനുള്ള മറുപടിയാണെങ്കിലും, പട്ടക്കാർക്കും മേല്പട്ടക്കാർക്കും വചന ശുശ്രൂഷയിൽ വ്യാപരിക്കുന്ന ഏവർക്കുമുള്ള ഒരു സന്ദേശമായി ഇതിനെ കരുതുന്നു. ■

അഡ്വ. വി. ഫിലിപ്പ് മാത്യൂസ്

# വി. കുർബ്ബാന അനുഭവം



കഴിഞ്ഞ രണ്ടര ദശകത്തിലധികമായി വിശുദ്ധ മദ്ബഹായിലെ ശുശ്രൂഷകൻ എന്ന നിലയിൽ വിശുദ്ധ കുർബ്ബാന സ്വീകരിക്കുന്നവരെ അടുത്ത് നിന്ന് വീക്ഷിക്കുവാൻ അവസരം ലഭിച്ചിട്ടുണ്ട്. ചില ആളുകളെങ്കിലും ഒരുക്കത്തോടെയല്ല വി. കുർബ്ബാന അനുഭവിക്കുവാൻ വരുന്നത് എന്ന ബോധ്യമാണ് എന്നെ ഇത് എഴുതുവാൻ പ്രേരിപ്പിച്ചത്.

പ്രധാന വിഷയമായതിനാൽ വി. വേദപുസ്തകം, ഹൂദായ കാനോൻ, വട്ടശ്ശേരി തിരുമേനി രചിച്ച മതോപദേശസാരം, നമ്മുടെ സഭയുടെ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയങ്ങൾ എന്നിവയിൽ കുർബ്ബാന സ്വീകരണത്തെപ്പറ്റി പറഞ്ഞിട്ടുള്ള വസ്തുക്കൾ ഹ്രസ്വമായി അവതരിപ്പിക്കുക മാത്രമാണ് ഞാൻ ചെയ്യുന്നത്.

**വി. വേദപുസ്തകം**

ന്യായപ്രമാണം സ്വീകരിക്കുവാൻ ജനങ്ങൾ മൂന്ന് ദിവസം ഒരുങ്ങിയിരിക്കണമെന്ന് ദൈവം മോശയോട് പറയുന്നതായി പുറപ്പാട് പുസ്തകം 19–ാം അദ്ധ്യായം 10 മുതൽ 12 വരെ വാക്യങ്ങളിൽ വിവരിക്കുന്നു. ജനം വസ്ത്രം അലക്കി സീനായി പർവ്വതത്തിൽ തൊടാതെ ഒരുങ്ങി ഇരിക്കണമെന്ന് ദൈവം കൽപ്പിക്കുന്നു.

വിശന്നു വന്ന ദാവീദ് തനിക്കും കൂടെയുള്ളവർക്കും കഴിക്കുവാൻ ദേവാലയത്തിലെ കാഴ്ച അപ്പം ആവശ്യപ്പെട്ടപ്പോൾ ബാല്യക്കാർ സ്ത്രീകളോട് അകന്നിരിക്കുന്നുവെങ്കിൽ കാഴ്ച അപ്പം തരാമെന്ന് പുരോഹിതനായ അഹീമേലെക്ക് പറയുന്നതായി 1 ശമുവേൽ 21:4–5 ൽ കാണുന്നു.

അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ച് കുറ്റക്കാരൻ ആകുമെന്ന് പരിശുദ്ധനായ പൗലോസ് ശ്ലീഹാ 1 കൊരിന്ത്യർ 11:27–ൽ പറയുന്നു. തന്നെത്താൻ ശോധന ചെയ്തിട്ട് വേണം അപ്പവും വീഞ്ഞും അനുഭവിക്കേണ്ടത് എന്ന് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു.

ബലിമൃഗത്തെ ഭക്ഷിക്കുന്നവൻ വിശുദ്ധനായിരിക്കണമെന്ന് ലേവ്യാപുസ്തകം 6:27–ൽ പറയുന്നു.

**ഹൂദായ കാനോൻ**

കാനോന്റെ നാലാം അദ്ധ്യായം രണ്ടാം ഖണ്ഡികയിൽ "കുർബ്ബാന അനുഭവിക്കുന്നതിനുള്ള സൂക്ഷ്മത"യെക്കുറിച്ച് ഇപ്രകാരം പറയുന്നു.

1. പ്രായമുള്ള കുട്ടികൾക്ക് ഭക്ഷണം കഴിച്ച ശേഷം കുർബാന നൽകുന്നവരെ നിരോധനത്തിൽ നിർത്തണം.

2. ആർത്തവമുറയിലിരിക്കുന്ന സ്ത്രീ രക്തസ്രാവം നിൽക്കുന്നതുവരെ കുർബാനയിൽ സംബന്ധിക്കരുത്.

3. പുരുഷനോടു കൂടെ ശയിച്ച സ്ത്രീയും ആ ദിവസം കഴിയുന്നതുവരെ കുർബാനയിൽ സംബന്ധിക്കരുത്.

4. പുരുഷനും സ്ത്രീയും ശാരീരികബന്ധത്തിൽ ഏർപ്പെട്ടാൽ ആ ദിവസം കുർബാനയിൽ സംബന്ധിക്കുവാൻ പാടില്ല.

5. ഒരു അത്മായക്കാരന് സ്വപ്നസ്ഖലനം ഉണ്ടായാൽ അത് സ്ത്രീ ചിന്ത നേരത്തെ ഉണ്ടായിരുന്നത് കൊണ്ടാണെങ്കിൽ അവൻ കുർബാനയിൽ സംബന്ധിക്കുന്നത് ശരിയല്ല. എന്നാൽ കുർബാനയിൽ നിന്ന് തടുക്കുവാൻ വേണ്ടി സാത്താൻ അവരെ പരീക്ഷിച്ചതാണെങ്കിൽ സംബന്ധിക്കാം.

6. പെസഹാ വ്യാഴാഴ്ചക്കു രണ്ടോ മൂന്നോ ദിവസം മുമ്പ് പ്രസവിക്കുന്ന ഒരു സ്ത്രീ രക്തം മുഴുവനും കഴുകി വെടിപ്പാക്കുവാൻ സാധിക്കുന്ന പക്ഷം അവർക്ക് വി. കുർബാനയിൽ സംബന്ധിക്കാം.

7. രോഗസംബന്ധമായ അത്യാവശ്യമോ മരണകാരണമായ അപകടമോ കാരണമല്ലാതെ കുർബാന അനുഭവിക്കുന്നതിന് മുമ്പ് ആരും യാതൊരു വിധ ഭക്ഷണമോ പാനീയമോ കഴിക്കരുത്.

8. കുർബാന അനുഭവിച്ചശേഷം പൊതുസ്ഥലത്തു പോയി കുളിക്കുകയും തല മുക്കുകയും ചെയ്യുന്നത് യോഗ്യമല്ല.

> “
> **ശാരീരികരോഗം മാറുവാൻ ഡോക്ടർ പറയുന്ന പ്രകാരം മരുന്നു കഴിക്കണമെന്നത് പോലെ ആത്മാവിന്റെ രോഗം മാറുന്നതിനും സഭ കൽപ്പിക്കുന്നത് പോലെ കുർബാന സ്വീകരിക്കണം.**

9. കുർബാനയനുഭവിക്കുന്നതിനു മുമ്പായി ആരും വിജാതീയനോടോ, യഹൂദനോടോ സംസാരിക്കരുത്.

10. അന്യോന്യം വഴക്കിൽ ഇരിക്കുന്നവർ രമ്യതപ്പെടുന്നതുവരെ കുർബാനയിൽ സംബന്ധിക്കരുത്.

**മതോപദേശ സാരം**

പരിശുദ്ധനായ വട്ടശ്ശേരി മാർ ഗീവർഗീസ് ദിവന്നാസിയോസ് തിരുമേനി വിശ്വാസയോഗ്യതയുള്ള പുസ്തകങ്ങളെ പരിശോധിച്ച് സഭാംഗങ്ങൾക്ക് വിശ്വാസ രീതിയെക്കുറിച്ചും മതാചാരങ്ങളെക്കുറിച്ചും അറിവുണ്ടാകുവാൻ രചിച്ചിരിക്കുന്ന പുസ്തകമാണ് മതോപദേശ സാരം.

കുർബാന കൈക്കൊള്ളുന്നവർ സത്യ കുമ്പസാരം കഴിച്ച് വിശ്വാസത്തോടും ഭക്തിയോടും പ്രാർത്ഥനയോടും കുർബാനയുടെ ബഹുമാനത്തിനായി നോമ്പ് മുതലായ ഒരുക്കത്തോടും കൂടെ കൈക്കൊള്ളേണ്ടതാകുന്നു.

**പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയങ്ങൾ**

1979 ഫെബ്രുവരിയിൽ കൂടിയ സുന്നഹദോസ് സഭാംഗങ്ങളുടെ ദുർമ്മാർഗ്ഗജീവിതത്തിന് പ്രധാന കാരണം വി. കുമ്പസാരത്തിലും വി. കുർബാനയനുഭവത്തിലും അവർ കാണിക്കുന്ന അനാസ്ഥയാണ് വിലയിരുത്തി, ഈ ദുഃസ്ഥിതി മാറ്റി സഭാംഗങ്ങൾക്ക് ശിക്ഷണവും ആത്മീയ ഉണർവും ചുമതലാബോധവും സന്മാർഗ്ഗജീവിതവും, സദാചാരവും മറ്റും കൈവരുത്തുന്നതിന് ക്രമമായ വി. കുമ്പസാരവും, വി. കുർബാനയനുഭവവും നിർബന്ധപൂർവ്വം നടപ്പിലാക്കണമെന്ന് തീരുമാനിച്ചു. വിശ്വാസികൾ കുർബാന കണ്ടാൽ മാത്രം പോരാ അനുഭവിക്കുകയും ചെയ്യണമെന്നത് അവരുടെ ആത്മാവിന്റെ രക്ഷക്ക് അത്യന്താപേക്ഷിതമാകുന്നു. വി. കുർബാന അനുഭവം സംബന്ധിച്ച് താഴെ പറയുന്ന പ്രധാന തീരുമാനങ്ങൾ എടുത്തു.

1. കഴിവുള്ളടത്തോളം എല്ലാ ഞായറാഴ്ചകളിലും മോറാനായ പെരുന്നാളുകളിലും വി. കുർബാനയിൽ സംബന്ധിക്കുകയും വി. കുർബാന അനുഭവിക്കുകയും വേണം.

2. വി. കുർബാന ചൊല്ലുന്ന പട്ടക്കാരൻ മാത്രം വി. കുർബാന അനുഭവിച്ചാൽ പോരാ. കുർബ്ബാനയ്ക്കു കൂടുന്ന ശുശ്രൂഷക്കാരും, സഹായിക്കുന്നവരും പള്ളിയിൽ സന്നിഹിതരായിരിക്കുന്ന ജനങ്ങളും വി. കുർബ്ബാന അനുഭവിക്കാൻ കടപ്പെട്ടവരാകുന്നു. ആയതിനു അതതു പള്ളികളിലെ പട്ടക്കാർ നിഷ്കർഷിക്കേണ്ടതാകുന്നു.

3. വി. കുമ്പസാരവും വി. കുർബ്ബാനാനുഭവവും അന്യോന്യം ബന്ധപ്പെട്ടവയാണെങ്കിലും അവ രണ്ടും പ്രത്യേക കൂദാശകളാകുന്നു. പാപം ചെയ്തു പോയതായി ബോധ്യമുള്ള ആളുകൾ വി. കുമ്പസാരം നടത്തി പാപമോചനം പ്രാപിച്ചല്ലാതെ വി. കുർബ്ബാന അനുഭവിക്കുന്നതു ശരിയല്ലാത്തതും അതിനെ തിരായി ചെയ്യുന്നത് ശിക്ഷാവിധിക്കല്ലാതെ ആത്മീയ വർദ്ധനവിന് ഉതകുന്നതല്ലാത്തതുമാകുന്നു.

4. നാല്പതു ദിവസത്തിലൊരിക്കലോ, ആണ്ടിലൊരിക്കലോ വി. കുർബ്ബാന അനുഭവിക്കണമെന്നു പറയുന്നതു ശരിയായ നിർവ്വചനമല്ല. പാപത്തിൽ ജീവിക്കുന്നതു തെറ്റാകയാൽ പാപം ചെയ്യാതിരിപ്പാൻ സൂക്ഷിക്കുകയും ഏതെങ്കിലും അവസരത്തിൽ പാപ ബോധമുണ്ടായാൽ കുമ്പസാരിക്കുകയും ചെയ്യേണ്ടതാകുന്നു. ഒരു കുമ്പസാരം കഴിഞ്ഞാൽ നാല്പതു ദിവസങ്ങൾക്കുള്ളിൽ കുമ്പസാരിക്കണമെന്നു പറയുന്നതും, രണ്ടു സാമാന്യ നിർദ്ദേശങ്ങളെന്നേയുള്ളൂ. എന്നാൽ ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കാത്ത ആളിനെ സഭാംഗമായിപ്പോലും പരിഗണിക്കുവാൻ പ്രയാസമാണ്. അങ്ങനെയുള്ളവർ നമ്മുടെ പള്ളി പൊതുയോഗങ്ങളിൽ സംബന്ധിക്കുവാൻ സഭാഭരണഘടന അനുവദിക്കുന്നില്ല. ക്രമമായി കുമ്പസാരിച്ച് വി. കുർബ്ബാന അനുഭവിക്കാത്തവർ പള്ളി ഇടവകകളിലെയോ, മെത്രാസന ഇടവകകളിലെയോ, പൊതുസഭയിലെയോ ഔദ്യോഗിക സമിതികളിൽ അംഗങ്ങളായിരിക്കുന്നത് ഗുണത്തിനു പകരം ദോഷമുണ്ടാക്കുന്നതായിരിക്കും. അങ്ങനെ വരാതിരിക്കാൻ മേല്പട്ടക്കാരും പട്ടക്കാരും ജനങ്ങൾക്കു വേണ്ട ഉദ്ബോധനം കൊടുക്കണം.

5. ഏതെങ്കിലും ഗണ്യമായ പാപം ചെയ്തതായി മനഃസാക്ഷി പ്രകാരം ബോദ്ധ്യമില്ലെങ്കിലും ഒരുവൻ ദൈവ മുമ്പാകെ നീതിമാനാണെന്നു വരികയില്ല. അങ്ങനെയുള്ളവർക്ക് നമ്മുടെ കുമ്പസാര ക്രമത്തിലുള്ള തക്കതായ ഒരുക്കപ്രാർത്ഥനകളും ഏറ്റുപറച്ചിൽ പ്രാർത്ഥനകളും (മൗദ്യോനൂസോ) സ്വയമായി ചൊല്ലി പട്ടക്കാരന്റെ മുമ്പാകെയുള്ള ഏറ്റുപറച്ചിൽ (കുമ്പസാരം) കൂടാതെ പട്ടക്കാരനിൽ നിന്നു ഹൂസ്സോയോ (പാപമോചനം) പ്രാപിച്ച ശേഷം വി. കുർബ്ബാന അനുഭവിക്കാവുന്നതാണ്. അപ്രകാരം വി. കുർബ്ബാന അനുഭവിക്കുന്നവർ സ്വന്ത ഒരുക്കത്തോടും, ഉപവാസത്തോടും അപ്രകാരം ചെയ്യേണ്ടതാകുന്നു. അവർ പട്ടക്കാരന്റെ സൗകര്യം നോക്കി പള്ളിയിൽവന്ന് ഹൂസ്സോയോ പ്രാപിക്കേണ്ടതും പട്ടക്കാർ നിശ്ചയിച്ച് ജനങ്ങളെ അറിയിക്കേണ്ടതുമാകുന്നു. തലേദിവസമോ, തൂയോബായ്ക്കു മുമ്പോ, തൂയോബാ കഴിഞ്ഞോ, അപ്രകാരം ചെയ്യാവുന്നതാണ്.

**ഉപസംഹാരം**

വി. കുർബാന അവസാനിക്കാറാകുമ്പോൾ മാത്രം പള്ളിയിലെത്തി വിശേഷ ദിവസങ്ങളിലെ ഒരു ചടങ്ങായി യാതൊരു ഒരുക്കവും കൂടാതെ കുർബാനയനുഭവിക്കുന്ന ധാരാളം ആളുകൾ ഇന്ന് സഭയിൽ ഉണ്ട്. ശാരീരികരോഗം മാറുവാൻ ഡോക്ടർ പറയുന്ന പ്രകാരം മരുന്നു കഴിക്കണമെന്നത് പോലെ ആത്മാവിന്റെ രോഗം മാറുന്നതിനും സഭ കൽപ്പിക്കുന്നത് പോലെ കുർബാന സ്വീകരിക്കണം. ■


## പരസ്യനിരക്കുകൾ

| | | |
|---|---|---|
| Back Page (Colour) | : | 15,000 |
| Front Inside (Colour) | : | 12,000 |
| Back Inside (Colour) | : | 12,000 |
| Inner Page (Colour) | | |
| Full | : | 10,000 |
| Half | : | 5,500 |
| Quarter | : | 3,000 |
| Favours Block (Minimum) | : | 500 |
| Full page (B & W) | : | 4000 |
| Half page (B & W) | : | 2500 |
| Quarter page (B & W) | : | 1750 |
| Minimum (B & W) | : | 1000 |
| Matrimonial (Minimum) | : | 750 |
| Favours Block (B & W) (Stamp Size) | : | 300 |



# പൗരോഹിത്യ ശുശ്രൂഷയും: ശ്ലീഹന്മാരുടെ കാലവും

ഭാഗം - IV

ഫാ. ഡോ. ബേബി വർഗീസ്

**പന്തിരുവരുടെ സ്ഥാനാരോഹണം**

പുതിയ നിയമത്തിലെ ഇതര 'പട്ടം കൊട'കൾ

1) ഒന്നാമത്തെ മിഷനറി യാത്രക്ക് ബർന്നബാസും ശൗലും (പൗലൂസ്) പുറപ്പെടുമ്പോൾ, അന്ത്യോക്യയിലെ സഭയുടെ ചുമതലക്കാർ അവരുടെമേൽ കൈവെച്ച് അധികാരപ്പെടുത്തി: "അവർ ഉപവസിച്ചു പ്രാർത്ഥിച്ചു അവരുടെമേൽ കൈവെച്ചു അവരെ പറഞ്ഞയച്ചു (അ.പ്ര. 13:3). ഇവിടെ പ്രവാചകന്മാരും ഉപദേഷ്ടാക്കളും" ആണ് ബർന്നബാസിനും, ശൗലിനും കൈവെപ്പ് നൽകിയത്. അവർ അന്ത്യോക്യൻ സഭയുടെ തലവന്മാർ ആയിരുന്നിരിക്കണം). ആദിമസഭാ നേതാക്കന്മാർ മറ്റുള്ളവർക്ക് കൈവെപ്പിലൂടെ അപ്പൊസ്തലന്മാരുടെ ദൗത്യമായ സുവിശേഷ വേലയുടെ ചുമതല നൽകുന്നതിന്റെ ഉദാഹരണമാണിത്.

2) ബർന്നബാസും പൗലൂസും തങ്ങൾ സ്ഥാപിച്ച സഭകളിൽ മൂപ്പന്മാരെ കൈവെച്ച് വാഴിച്ചു: "അവർ സഭതോറും അവർക്കു മൂപ്പന്മാരെ നിയമിക്കുകയും ഉപവസിച്ചും പ്രാർത്ഥിച്ചും കൊണ്ട് തങ്ങൾ വിശ്വസിച്ച കർത്താവിങ്കൽ അവരെ ഭരമേൽപ്പിക്കയും ചെയ്തു" (അ.പ്ര. 14:23), ഇവിടെ 'മൂപ്പന്മാർ' (presbyters or elders) എന്നതിന് ഗ്രീക്കിൽ presbyteros എന്നും സുറിയാനിയിൽ 'കശീശ്ശാ' എന്നും ആണ് കാണുന്നത്. പൗലൂസും, ബർന്നബാസും 'കശീശ്ശാമാരെ വാഴിച്ചു എന്നാണ് ഈ വേദഭാഗം പറയുന്നത്.'

3) വി. പൗലൂസ് സ്ഥാപിച്ച ക്രേത്ത (crete)യിലെ സഭയുടെ ചുമതലക്കാരനായി തീത്തോസിനെ നിയമിച്ചു. ക്രേത്തയിൽ "പട്ടണം തോറും മൂപ്പന്മാരെ (presbyters or elders) ആക്കി വെക്കുവാൻ" പൗലൂസ് തീത്തോസിനോട് നിർദ്ദേശിക്കുന്നു (തീത്തോ. 1:5) (ഇവിടെയും സുറിയാനിയിൽ 'കശ്ശീശ്ശാ' എന്ന വാക്കാണ് ഉപയോഗിച്ചിരിക്കുന്നത്).

4) വി. പൗലൂസ്, തീമോത്തിയോസിന് കൈവെപ്പ് നൽകി; "എന്റെ കൈവെപ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണം എന്നു നിന്നെ ഓർമ്മപ്പെടുത്തുന്നു". (2 തീമോ. 1:6). മൂപ്പന്മാരുടെ (presbyters) സാന്നിദ്ധ്യത്തിലും സഹകരണത്തിലും ആയിരിക്കണം തീമോത്തിയോസ് കൈവെപ്പ് സ്വീകരിച്ചത്. (1 തീമോ. 4:14).

5) തീത്തോസിന്റെ കാര്യത്തിൽ എന്നപോലെ തീമോത്തിയോസിനും, മറ്റുള്ളവരുടെമേൽ കൈവെക്കാനുള്ള അധികാരം സിദ്ധിച്ചിരുന്നു. എന്നാൽ ശ്രദ്ധാപൂർവ്വം വേണം ഒരു സഭാ ശുശ്രൂഷകനെ കൈവെച്ചു വാഴിക്കേണ്ടതെന്ന് പൗലൂസ് തീമോത്തിയോസിനെ അനുസ്മരിപ്പിക്കുന്നു: "യാതൊരുത്തന്റെമേലും വേഗത്തിൽ കൈ വെക്കരുത്" (1 തീമോ. 5:22)

മേൽപ്പറഞ്ഞ കാര്യങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം. കർത്താവ് ശിഷ്യന്മാരെ തന്റെ ശുശ്രൂഷയിൽ പങ്കു ചേർക്കുകയും, അതു തുടരുവാൻ അവരെ അധികാരപ്പെടുത്തുകയും ചെയ്തു. തന്റെ പ്രതിനിധികളായിട്ടാണ് കർത്താവ് ശിഷ്യന്മാരെ അയച്ചത് (യോഹ. 17:18;ലൂക്കോ. 10:16; മത്താ. 10:40), അതേ രീതിയിൽ അപ്പോസ്തലന്മാർ മറ്റുള്ളവരെ കർത്താവിന്റെ ശുശ്രൂഷയിൽ പങ്കു ചേർത്തു (ഉദാ. സ്തേഫാനോസ്: അ.പ്ര. 6:8 മുതൽ കാണുക) അന്ത്യോക്യൻ സഭയുടെ തലവന്മാർ ബർന്നബാസിനെയും പൗലൂസിനെയും അതേ ശുശ്രൂഷയിൽ പങ്കുചേർത്തു, തീത്തോസ്, തീമോത്തിയോസ്, മറ്റു മൂപ്പന്മാർ എന്നിവരെ വി. പൗലൂസ് കർത്താവിന്റെ ശുശ്രൂഷയിൽ പങ്കു ചേർത്തു. അപ്പോസ്തോലിക കാലം മുതൽ സഭയുടെ ചുമതലക്കാർ അടുത്ത തലമുറയെ ഇതേ വിധത്തിലാണ് കർത്താവിന്റെ ശുശ്രൂഷ ഭരമേൽപ്പിക്കുക, അത് ഇന്നുവരെ സഭയിൽ തുടർന്നു വരുന്നു. ഇതിന് 'പൗരോഹിത്യ പിന്തുടർച്ച' (priestly succession) എന്നു പറയുന്നത്. അപ്പോസ്തൊലിക കാലം മുതൽ കൈവെപ്പിലൂടെയാണ് പുതിയ തലമുറയെ കർത്താവിന്റെ ശുശ്രൂഷയിൽ പങ്കു ചേർത്തിരുന്നത്.

**കൈവെപ്പിന്റെ അർത്ഥം:**

പുതിയ നിയമകാലം മുതൽ സഭാ ശുശ്രൂഷകരെ വാഴിച്ചിരുന്നത് കൈവെപ്പ് (Laying on of hands) നൽകി ആയിരുന്നുവെന്ന് കണ്ടു. രണ്ടു വാക്കുകൾ ആണ് പുതിയ നിയമത്തിൽ ഉപയോഗിച്ചിരിക്കുന്നത്:

1) കൈകൾ വെക്കുക (Laying on of hands. ഗ്രീക്കിൽ epithesis ton cheiron)

2) നിയമിക്കുക (ordain appoint - cheirothonein = കൈവെപ്പ് നൽകുക).

രണ്ടു വാക്കുകളുടെയും അർത്ഥം ഒന്നു തന്നെയാണ്. ഒരു ദൗത്യത്തിനോ, ശുശ്രൂഷക്കോ ആയി അധികാരപ്പെടുത്തുക എന്നാണർത്ഥം, ഇതിൽ "നിയമിക്കുക"

> “ അപ്പോസ്തോലിക കാലം മുതൽ സഭയുടെ ചുമതലക്കാർ അടുത്ത തലമുറയെ ഇതേ വിധത്തിലാണ് കർത്താവിന്റെ ശുശ്രൂഷ ഭരമേൽപ്പിക്കുക, അത് ഇന്നുവരെ സഭയിൽ തുടർന്നു വരുന്നു. (priestly succession)

(cheirothonein) എന്ന വാക്ക് പുതിയ നിയമത്തിൽ രണ്ടു തവണ മാത്രമേ ഉപയോഗിച്ചിട്ടുള്ളു. (അ. പ്ര. 14:23; 2 കൊരി. 8:19). ‘പട്ടം കൊട’യെപ്പറ്റി പരാമർശിക്കുന്ന മറ്റു വേദഭാഗങ്ങളിൽ ‘‘കൈകൾ വെക്കുക” എന്ന വാക്കാണ് കാണുന്നത്.

(അ.പ്ര. 6:6; 13:3; 1 തീമോ 4:14; 5:22; 2 തീമോ. 1:6) (തീത്തോസ് 1:5–ൽ നിയമിക്കുക–katastysis എന്ന വാക്കാണ് കാണുന്നത്.

കൈവെപ്പിലൂടെ ശുശ്രൂഷകരെ വാഴിക്കുന്ന പാരമ്പര്യം പഴയ നിയമ കാലത്തുണ്ടായിരുന്നു, മോശ യോശുവായെ കൈവെച്ചാണ് ഇസ്രായേലിന്റെ നേതൃസ്ഥാനത്ത് അവരോധിച്ചത്:

‘‘യഹോവ മോശെയോടു കൽപ്പിച്ചതു: എന്റെ ആത്മാവുള്ള പുരുഷനായി തന്റെ മകനായ യോശുവയെ വിളിച്ചു അവന്റെ മേൽ കൈവെച്ച് അവനെ പുരോഹിതനായ എലെയാസറിന്റെയും സർവ്വസഭയുടെയും മുമ്പാകെ നിറുത്തി അവർ കാൺകെ അവന് ആജ്ഞ കൊടുക്ക (....). അവന്റെ മേൽ കൈവെച്ചു യഹോവ മോശെ മുഖാന്തരം കൽപ്പിച്ചതുപോലെ അവനു ആജ്ഞ കൊടുത്തു” (സംഖ്യ. 27:18–23). അതേ സംഭവത്തെപ്പറ്റി ആവർത്തനപുസ്തകത്തിൽ കാണുന്നത് ഇപ്രകാരമാണ്.

“തന്റെ മകനായ യോശുവയെ മോശ കൈവെച്ച് അനുഗ്രഹിച്ചിരുന്നതു കൊണ്ട് അവൻ ജ്ഞാനാത്മ പൂർണ്ണനായിത്തീർന്നു”. (ആവ. 34:9).

ഇവിടെ കൈവെപ്പും ആത്മാവിന്റെ ദാനവും തമ്മിൽ ബന്ധപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധേയമാണ്. യഹോവയുടെ ആത്മാവുള്ള യോശുവയാണ് കൈവെപ്പിലൂടെ യിസ്രായേലിന്റെ തലവനായത്.

പുതിയ നിയമത്തിൽ ‘ആത്മാവും, ജ്ഞാനവും, നല്ല സാക്ഷ്യവുമുള്ള ഏഴു പേരെയാണ് അപ്പൊസ്തലന്മാർ വാഴിച്ചത്.’ (അ.പ്ര. 6:2) പരിശുദ്ധാത്മാവിന്റെ വെളിപാടനുസരിച്ചാണ് അന്ത്യോക്യാ സഭ നേതാക്കന്മാർ ബർന്നബാസിനും, പൗലൂസിനും കൈവെപ്പ് നൽകിയത് (അ. പ്ര.13:2–3); എഫെസൂസിലെ എപ്പിസ്കോപ്പാമാരെ/മൂപ്പന്മാരെ പരിശുദ്ധാത്മാവാണ് സഭയുടെ അദ്ധ്യക്ഷന്മാരാക്കി വെച്ചത് (അ.പ്ര. 20:28).

കൈവെപ്പിലൂടെ, പുതിയ ശുശ്രൂഷകൾ പരിശുദ്ധാത്മാവിനെ പ്രാപിക്കുന്നു എന്നാണ് ഈ വേദഭാഗങ്ങൾ സൂചിപ്പിക്കുന്നത്.

കൈവെപ്പിലൂടെ സഭാശുശ്രൂഷകരെ വാഴിക്കുന്നതു യഹൂദ പാരമ്പര്യത്തിൽ നിന്നും സ്വീകരിച്ചതാണ്. യഹൂദ റാബിമാർ (ഉപദേഷ്ടാക്കൾ) ശിഷ്യന്മാരെ കൈവെപ്പിച്ചത് പഠിപ്പിക്കുവാൻ അധികാരപ്പെടുത്തിയിരുന്നു. വർഷങ്ങളോളം നീണ്ടു നിൽക്കുന്ന പരിശീലനത്തിനുശേഷം, സീനിയർ റാബിമാർ ശിഷ്യന്മാർക്ക് പരസ്യമായി പ്രാർത്ഥനയോടെ കൈവെപ്പ് നൽകിയിരുന്നു. ജ്ഞാനത്തിന്റെ ആത്മാവും, ബോധത്തിനുള്ള അധികാരവും ഉത്തരവാദിത്തവും കൈവെപ്പിലൂടെ പുതിയ റാബിക്ക് ലഭിക്കുന്നു എന്നായിരുന്നു ഈ ചടങ്ങിന്റെ അർത്ഥം. പുതിയ നിയമത്തിൽ കൈവെപ്പിനെപ്പറ്റി പരാമർശിക്കുന്ന ഭാഗങ്ങളിൽ ഈ ആശയങ്ങൾ കാണുന്നുണ്ടെന്നുള്ളത് ശ്രദ്ധേയമാണ്.

തുടരും... ■

## സൈലന്റ് സാം – ജോയി കുളനട



ചിന്ത

ഫാ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്
(വൈദിക ട്രസ്റ്റി)

# മലങ്കര സഭയുടെ ഭരണഘടനയിലെ ജനാധിപത്യ തത്വങ്ങൾ

ക്രിസ്തീയ സഭകളെ വിശാലമായി എപ്പിസ്ക്കോപ്പൽ എന്നും, കോൺഗ്രിഗേഷണൽ എന്നും തരം തിരിക്കാറുണ്ട്. കോൺഗ്രിഗേഷണൽ സഭകൾ പരിപൂർണ്ണമായും ജനാധിപത്യ തത്വങ്ങളാൽ ഭരിക്കപ്പെടുന്നവയാണ്. എന്നാൽ എപ്പിസ്ക്കോപ്പൽ സഭകളുടെ ഭരണക്രമത്തിൽ ജനാധിപത്യ വ്യവസ്ഥകൾക്ക് പരിഗണന ഉണ്ടായേക്കാം എങ്കിലും എപ്പിസ്ക്കോപ്പായ്ക്കാണ് പ്രാധാന്യം. ഭരണത്തിൽ ജനങ്ങൾക്ക് കാര്യമായ പങ്കൊന്നുമില്ലാത്ത ഒരു എപ്പിസ്ക്കോപ്പൽ സഭയാണ് കത്തോലിക്കസഭ. ജനപങ്കാളിത്തവും, എപ്പിസ്ക്കോപ്പസിയും ഒരേപോലെ സമന്വയിപ്പിക്കുന്ന ഒരു ഭരണക്രമമാണ് മലങ്കര സഭയുടേത്. "എപ്പിസ്ക്കോപ്പ ഇല്ലാത്തിടത്ത് സഭയില്ല" എന്ന അന്ത്യോഖ്യയിലെ മാർ ഇഗ്നാത്തിയോസിന്റെ പഠിപ്പിക്കൽ അടിസ്ഥാനമായി സ്വീകരിച്ചുകൊണ്ടു തന്നെ വൈദികർക്കും, ജനങ്ങൾക്കും അർഹമായ പങ്കാളിത്തം നൽകുന്ന ഒരു ഭരണഘടനയാണ് മലങ്കര ഓർത്തഡോക്സ് സഭയുടേത്. 1934–ലെ ഭരണഘടനയിൽ വിവക്ഷിക്കുന്നത്രയും ജനപങ്കാളിത്തം മറ്റൊരു കിഴക്കൻ സഭയുടെയും ഭരണക്രമത്തിൽ ഉണ്ടെന്നു തോന്നുന്നില്ല. സഭാ മാനേജിംഗ് കമ്മറ്റിയുടെ അധികാരങ്ങളും, മെത്രാൻ തെരഞ്ഞെടുപ്പിന്റെ നടപടികളും എല്ലാം ഇതിന് ഉദാഹരണങ്ങളാണ്. ജനങ്ങളോടും, വൈദികരോടും ചേർന്നു നിന്ന്, അവരോട് സഹകരിച്ചു കൊണ്ടു വേണം ഒരു എപ്പിസ്ക്കോപ്പ തന്റെ അധികാരങ്ങൾ വിനിയോഗിക്കുവാൻ എന്ന് ഭരണഘടന വിഭാവനം ചെയ്തവർ ആഗ്രഹിച്ചു. ഇടവകതലം, ഭദ്രാസനതലം, സഭാതലം എന്നിങ്ങനെ മൂന്നു തട്ടുകളിലായിട്ടാണ് സഭാ ഭരണം ക്രമീകരിച്ചിരിക്കുന്നത്. ഈ മൂന്ന് തലങ്ങളിലെയും ഭരണരീതികൾ തമ്മിൽ ഏറെ സാമ്യമുണ്ട്. അവ ഓരോന്നും നമുക്കൊന്നു പരിശോധിക്കാം.

**1. ഇടവക തലം**

ഒരു ഇടവകയുടെ നായകത്വം ഇടവക വികാരിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്. മെത്രാപ്പോലീത്തായുടെ സ്ഥാനത്തു നില്ക്കുന്ന വികാരി, ആരാധനയിൽ ജനത്തെ നയിക്കുകയും, ഇടവകയിലെ എല്ലാ കമ്മറ്റികളുടെയും, ആത്മിക പ്രസ്ഥാനങ്ങളുടെ അദ്ധ്യക്ഷനായിരിക്കുകയും ചെയ്യുന്നു. ഇടവകയിലെ രണ്ടു ട്രസ്റ്റിമാരിൽ ഒരാളായിരിക്കുന്ന വികാരിയിൽ വളരെ അധികാരങ്ങൾ നിക്ഷിപ്തമായിരിക്കുന്നു എങ്കിലും തന്നിഷ്ടം പോലെ എന്തും ചെയ്യാനുള്ള അധികാരം

> ജനങ്ങൾ ഒരു എപ്പി സ്ക്കോപ്പയെ തിരഞ്ഞെടുക്കുക എന്നത് കത്തോലിക്ക സഭയ്ക്കു ചിന്തിക്കുവാൻ പോലും സാധ്യമല്ല. സഭാതലവൻ ബിഷപ്പുമാരെ നോമിനേറ്റു ചെയ്യുന്ന രീതിയാണ് മിക്കവാറും സഭകൾ അവലംബിക്കുന്നത്.

അദ്ദേഹത്തിനില്ല–പ്രത്യേകിച്ച് ലൗകിക ഭരണത്തിന്റെ കാര്യത്തിൽ. വികാരി ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെടുന്നയാളല്ല എങ്കിലും പൊതുവായി വൈദിക വൃത്തിയിലേക്കു വരുന്ന ഓരോരുരുത്തരും പൊതുസാക്ഷ്യമുള്ളവരായിരിക്കണമെന്നു ഭരണഘടന നിഷ്കർഷിക്കുന്നു. അവരവരുടെ ഇടവക പൊതുയോഗം ശുപാർശചെയ്യുകയോ, ഇടവക മെത്രാപ്പോലീത്തായുടെ അന്വേഷണത്തിൽ കുറ്റമറ്റവരെന്നു കാണുകയോ ചെയ്യുന്നവർക്കു മാത്രമേ വൈദികരാകുവാനുള്ള സാധ്യതയുള്ളു (ക്ലോസ്. 111). ഇടവക ഭരണത്തിൽ തെരഞ്ഞെടുക്കപ്പെട്ട കൈസ്ഥാനിയോടൊപ്പം, പരസ്പരധാരണയിൽ വേണം വികാരി പണവും മറ്റു സ്വത്തുക്കളും കൈകാര്യം ചെയ്യുവാൻ (ക്ലോസ്. 39) തെരഞ്ഞെടുക്കപ്പെടുന്ന കൈക്കാരന്മാർ രണ്ടു പേർ വരെ ആകാം. വ്യവഹാരങ്ങൾ വേണ്ടി വന്നാൽ ആത്മായ കൈക്കാരൻ മാത്രം കക്ഷി ചേർന്നാൽ മതിയാവും (ക്ലോസ്.32). തിരഞ്ഞെടുക്കപ്പെടുന്ന കൈക്കാരനെ മാറ്റുവാൻ വികാരിക്കോ, മെത്രാപ്പോലീത്തായ്ക്കോ അധികാരമില്ല, ഇടവക പൊതുയോഗത്തിനു മാത്രമേ അതിന് അധികാരമുള്ളു. എന്നാൽ ഇക്കാര്യത്തിന് മെത്രാപ്പോലീത്തായുടെ അനുമതി ആവശ്യമാണു താനും. പള്ളിയുടെ കണക്കു സൂക്ഷിക്കുക ബജറ്റ് അവതരിപ്പിക്കുക, ഇടവക സ്വത്തുക്കളുടെ രജിസ്റ്റർ സൂക്ഷിക്കുക മുതലായ ചുമതലകളെല്ലാം കൈക്കാരന്മാരുടെ കൂട്ടുത്തരവാദിത്വത്തിൽപ്പെടുന്ന കാര്യങ്ങളാണ്.

കൈക്കാരന്മാരുടെ തൊട്ടുമുകളിലുള്ള അധികാര കേന്ദ്രം ഇടവക മാനേജിംഗ് കമ്മറ്റിയാണ്. പട്ടക്കാരെ കൂടാതെ 5 നും 15 നും ഇടയിൽ അംഗങ്ങൾ ഉണ്ടായിരിക്കേണ്ട ഈ സമിതിയെ ഇടവക പൊതുയോഗമാണ് തിരഞ്ഞെടുക്കേണ്ടത്. പൊതുയോഗത്തിന്റെ ഒരു പ്രവർത്തക സമിതിയായി (executive Committee) ഇതിനെ കണക്കാക്കാം. നടപ്പാക്കേണ്ട ഭരണക്രമീകരണങ്ങൾ പൊതുയോഗത്തിനു ശുപാർശചെയ്യേണ്ടതും കണക്കും, ബജറ്റും പരിശോധിക്കേണ്ടതും ഈ കമ്മറ്റിയാണ്. ഈ കമ്മറ്റിയുടെയും, കൈക്കാരൻ, സെക്രട്ടറി എന്നീ സ്ഥാനികളുടെയും സാധാരണ കാലാവധി ഓരോ വർഷമാണ് എന്നതും ശ്രദ്ധേയമാണ്. ജനപങ്കാളിത്തം പരമാവധി വർദ്ധിപ്പിക്കുന്നതിന് ഇത് സഹായകമാണ്.

ഇടവക മാനേജിംഗ് കമ്മറ്റിയുടെയും മുകളിലുള്ള യഥാർത്ഥ അധികാര കേന്ദ്രം ഇടവകയോഗമാണ്. 21 വയസ്സ് തികഞ്ഞവരും, ആണ്ടിൽ ഒരിക്കലെങ്കിലും കുമ്പസാരം നടത്തിയിട്ടുള്ളവരുമായ എല്ലാ പുരുഷന്മാരും ഉൾക്കൊള്ളുന്ന ഈ സമിതിയാണ് യഥാർത്ഥത്തിൽ പള്ളി സ്വത്തുക്കളുടെ ട്രസ്റ്റി–അഥവാ Board of Trustees. ബജറ്റും കണക്കും പാസാക്കുക പള്ളിക്ക് ആവശ്യമായ വസ്തുവകകൾ വാങ്ങുക, വിൽക്കുക, പള്ളിക്ക് ആവശ്യമായ എല്ലാ കാര്യങ്ങളെക്കുറിച്ചും ചർച്ച ചെയ്തു തീരുമാനിക്കുക മുതലായ ചുമതലകൾ പൊതുയോഗത്തിന്റേതാണ്. പൊതുയോഗത്തിന്റെ തീരുമാനങ്ങളിൽ ഏതെങ്കിലും തീർത്തും അനുചിതമെന്നു തോന്നുകയോ, പരാതി ലഭിക്കുകയോ ചെയ്താൽ തീരുമാനം റദ്ദാക്കുവാൻ മെത്രാപ്പോലീത്തായ്ക്ക് അധികാരമുണ്ടെങ്കിലും, സ്വന്ത ഇഷ്ടങ്ങൾ പൊതുയോഗത്തിന്മേൽ അടിച്ചേല്പിക്കുവാൻ മെത്രാപ്പോലീത്തായ്ക്ക് സാധിക്കയില്ല.

**2. ഭദ്രാസനതലം**

ഇടവക തലത്തിലെ ഭരണക്രമത്തിന്റെ ഏതാണ്ട് അതേ രൂപത്തിൽ തന്നെയാണ് ഭദ്രാസന തല ഭരണവും ക്രമീകരിച്ചിരിക്കുന്നത്. ഇടവക വികാരിയുടെ സ്ഥാനത്ത് മെത്രാപ്പോലീത്ത നില്ക്കുന്നു. ഇടവക കൈക്കാരന് തുല്യമായ ഒരാൾ ഭദ്രാസനത്തിൽ ഇല്ല എന്നത് ഒരു വ്യത്യാസമാണ്. അതുകൊണ്ട് ഭദ്രാസനത്തിലെ അക്കൗണ്ടുകളും പണസംബന്ധമായ ക്രയവിക്രയങ്ങളും പൂർണ്ണമായും ഭദ്രാസന മെത്രാപ്പോലീത്തായിൽ നിക്ഷിപ്തമായിരിക്കുന്നു. ലൗകിക സ്വത്തിന്റെ ഉടമസ്ഥത ഒരു വൈദികനോ ആത്മായക്കാരനോ ആയിരിക്കരുത് എന്ന കാനോൻ നിബന്ധന പാലിച്ചുകൊണ്ടായിരിക്കാം പിതാക്കന്മാർ ഇത്തരമൊരു ക്രമീകരണം വരുത്തിയത്.

ഇടവക പൊതുയോഗത്തിനു തത്തുല്യമായി, ഭദ്രാസനത്തിലെ പള്ളികളിൽ നിന്ന് പൊതുയോഗങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളെ ഉൾക്കൊള്ളിച്ച് ഭദ്രാസന പൊതുയോഗവും, ഈ പൊതുയോഗം തിരഞ്ഞെടുക്കുന്ന executive കമ്മറ്റിയായ ഭദ്രാസന കൗൺസിലും, ഭദ്രാസന സെക്രട്ടറിയും ചേർന്നാണ് ഭദ്രാസന ഭരണം നടത്തേണ്ടത്. ഭദ്രാസന മെത്രാപ്പോലീത്തായായി ഭദ്രാസനം തെരഞ്ഞെടുക്കുന്നില്ല എങ്കിലും, സുദീർഘവും സുതാര്യവുമായ ഒരു ജനാധിപത്യപ്രക്രിയയിൽ കൂടിതന്നെയാണല്ലോ ഓരോ മേല്പട്ടക്കാരും നിയമിതമാകുന്നത്. പണത്തിന്റെ ക്രയവിക്രയം മെത്രാപ്പോലീത്തയാണ് നടത്തുന്നത്. എങ്കിലും, സ്ഥാവര വസ്തുക്കളുടെ ക്രയവിക്രയം ഭദ്രാസന പൊതുയോഗത്തിന്റെ നിശ്ചയപ്രകാരമേ നടത്താനാകു. (54). ബജറ്റ് പാസേക്കേണ്ടത് കൗൺസിലും, കണക്കുകൾ പാസ്സാക്കേണ്ടത് ഭദ്രാസന പൊതുയോഗവുമാണ്. ഭദ്രാസന പൊതുയോഗത്തിന്റെയും, അവർ തിരഞ്ഞെടുക്കുന്ന സ്ഥാനികളുടെയും കാലാവധി 5 വർഷമായി നിജപ്പെടുത്തിയിരിക്കുന്നു. ഇവിടെയും ജനാധിപത്യതത്വങ്ങളാണ് അടിസ്ഥാനം.

**3. സഭാതലം**

മുകളിൽ പറഞ്ഞ രണ്ടു തലങ്ങളിലെയും മാതൃകയിൽ തന്നെയാണ് സഭയുടെ കേന്ദ്ര ഭരണവും നടക്കുന്നത്. കാതോലിക്കയും, മലങ്കര മെത്രാപ്പോലീത്തായുമായ സഭാ തലവനിൽ വളരെ അധികാരങ്ങൾ നിക്ഷിപ്തമായിരിക്കുന്നു എങ്കിലും അദ്ദേഹത്തോടൊപ്പം ഭരണത്തിൽ സജീവ പങ്കാളിത്തം വഹിക്കുന്ന സമിതികളുണ്ട്. ഇടവക തലത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ട്രസ്റ്റിക്കു സമാനമായ ഒരു പദവി സഭാതലത്തിലും ഇല്ലാത്തതിനാൽ. സഭയുടെ പണം ക്രയവിക്രയം ചെയ്യുന്നതിനുള്ള അധികാരം സഭാ തലവനു മാത്രമാണ് എങ്കിലും സമിതികളുടെ ശുപാർശയനുസരിച്ചു മാത്രമേ പണമിടപാടുകൾ നടത്താനാവൂ.

മലങ്കരസഭ ഒരു എപ്പിസ്കോപ്പൽ സഭയായതിനാൽ ഉന്നതാധികാരസമിതി പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസു തന്നെ. അവിടെയും ഒരു സമിതിക്കാണ് വ്യക്തിക്കല്ല അധികാരം. സഭാതലവന് എതിരെപോലും അച്ചടക്ക നടപടി സ്വീകരിക്കുവാനുള്ള അധികാരം ഈ സമിതിക്കുണ്ട് (106). വിശ്വാസം, പട്ടത്വം, അച്ചടക്ക (Discipline) എന്നീ വിഷയങ്ങളിൽ തീരുമാനമെടുക്കുവാനുള്ള അധികാരം സുന്നഹദോസിൽ

നിക്ഷിപ്തമാണ്. ഈ ഉന്നത അധികാര സമിതിയിലെ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതു ജനങ്ങളും വൈദികരും ചേർന്നാണ്. ജനങ്ങൾ ഒരു എപ്പിസ്ക്കോപ്പയെ തിരഞ്ഞെടുക്കുക എന്നത് റോമൻ കത്തോലിക്ക സഭയ്ക്കു ചിന്തിക്കുവാൻ പോലും സാധിക്കാത്തതാണ്. സഭാതലവൻ തന്നെ ബിഷപ്പുമാരെ നോമിനേറ്റു ചെയ്യുന്ന രീതിയാണ് മിക്കവാറും മറ്റ് ഓർത്തഡോക്സ് സഭകൾ പോലും അവലംബിക്കുന്നത്. ഇക്കാര്യത്തിൽ മലങ്കര സഭ വളരെ പുരോഗമനപരമായ ഒരു കാഴ്ചപ്പാടാണ് എടുത്തിട്ടുള്ളത്. സഭയിലെ എല്ലാ പള്ളികളിൽ നിന്നും പ്രതിനിധികളെ കൂട്ടി രൂപീകരിക്കുന്ന അസോസിയേഷൻ തിരഞ്ഞെടുക്കണം എന്നു മാത്രമല്ല, വൈദികരുടെയും ആത്മായരുടെയും വെവ്വേറെ ഭൂരിപക്ഷം ലഭിക്കുകയും വേണം ഒരാൾക്ക് മേൽപ്പട്ടസ്ഥാനം ലഭിക്കുവാൻ. സഭാ തലവൻ, കൂട്ടുട്രസ്റ്റിമാർ എന്നിവരെയും തിരഞ്ഞെടുക്കേണ്ടതും ഭരണഘടന ഭേദഗതി ചെയ്യേണ്ടതും എല്ലാം സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ തന്നെ. ഇതിനു തുല്യമായ ഒരു സമിതി മറ്റേതെങ്കിലും ഓർത്തഡോക്സ് സഭയിൽ ഉണ്ടെന്നു തോന്നുന്നില്ല.

ഇതേ അസോസിയേഷൻ തന്നെ തിരഞ്ഞെടുക്കുന്ന, എല്ലാ ഭദ്രാസനങ്ങളിൽ നിന്നും പ്രാതിനിധ്യമുള്ള മാനേജിംഗ് കമ്മിറ്റിയാണ് സഭാ ഭരണത്തിൽ പ്രധാന പങ്കു വഹിക്കുന്ന മറ്റൊരു സമിതി. അസോസിയേഷൻ വളരെ വലിയ സമിതിയായതിനാൽ എപ്പോഴും കൂടുക സാധ്യമല്ലാത്തതിനാൽ ആ സമിതിയുടെ അധികാരങ്ങളെല്ലാം നല്കപ്പെട്ടിരിക്കുന്നത് മാനേജിംഗ് കമ്മറ്റിക്കാണ്. സഭാഭരണത്തിൽ വളരെ പ്രധാനപ്പെട്ട പങ്കു വഹിക്കുന്ന സഭാ സെക്രട്ടറിയെ തിരഞ്ഞെടുക്കുന്നതും ഈ സമിതി തന്നെ. ഏതെങ്കിലും സംഗതിക്ക് മലങ്കരസഭയുടെ പണം ചെലവാക്കേണ്ടി വന്നാൽ എപ്പിസ്ക്കോപ്പൽ സുന്നഹദോസിന്റെയും മാനേജിംഗ് കമ്മറ്റിയിലെ ബിഷപ്പുമാർ ഒഴിച്ചുള്ള അംഗങ്ങളുടെയും ഭൂരിപക്ഷം ഉണ്ടായിരിക്കണം (83). സഭയുടെ ബജറ്റ് പാസ്സാക്കേണ്ടതും, കണക്കുകൾ പരിശോധിക്കേണ്ടതും, ഭദ്രാസനങ്ങൾക്ക് മെത്രാപ്പോലീത്തന്മാരെ നിയമിക്കുവാൻ ശുപാർശ ചെയ്യേണ്ടതും മാനേജിംഗ് കമ്മറ്റിയാണ്. ഈ സമിതിക്ക് വിവിധ സബ് കമ്മറ്റികൾ നിയമിക്കാനുള്ള അവകാശമുണ്ട്. എന്നാൽ സുന്നഹദോസിന്റെ അംഗീകാരമുണ്ടായിരിക്കണം.

മാനേജിംഗ് കമ്മറ്റിയുടെ തീരുമാനങ്ങൾ നടപ്പാക്കാനും, സഭാ തലവന്റെ ആലോചനാ സമിതിയായി പ്രവർത്തിക്കുവാനും ഒരു വർക്കിംഗ് കമ്മറ്റിയും വിഭാവനം ചെയ്തിട്ടുണ്ട്. ഈ കമ്മറ്റിയിലും ഏതാനും അംഗങ്ങളെ സഭാതലവന് തന്റെ ഇഷ്ടപ്രകാരം നാമനിർദ്ദേശം ചെയ്യാമെങ്കിലും ഭൂരിപക്ഷം അംഗങ്ങളും തിരഞ്ഞെടുക്കപ്പെടുന്നവരാണ്.

സഭാ സ്വത്തുക്കളുടെയെല്ലാം പ്രധാന ട്രസ്റ്റിയായിരിക്കുന്ന മലങ്കര മെത്രാപ്പോലീത്തായോടൊപ്പം അസോസിയേഷനാൽ തിരഞ്ഞെടുക്കപ്പെടുന്ന രണ്ടു കൂട്ടു ട്രസ്റ്റിമാർ കൂടെയുണ്ട്. വൈദിക ട്രസ്റ്റി, അത്മായ ട്രസ്റ്റി എന്നി പേരുകളിൽ അറിയപ്പെടുന്ന ഇവർക്ക് ഇന്ന് നേരിട്ട് അധികാരമുള്ളത് കോട്ടയം പഴയ സെമിനാരി വസ്തുക്കളിന്മേൽ മാത്രമാണ്. എന്നാൽ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ഒഴികെ സഭയുടെ എല്ലാ പ്രധാന സമിതികളിലും കൂട്ടു ട്രസ്റ്റിമാർ അംഗങ്ങൾ ആയിരിക്കുന്നതിനാൽ പൊതുവായ ജനാധിപത്യ പ്രക്രിയയുടെ ഭാഗമായി നിന്നുകൊണ്ട് ഭരണത്തിൽ ഗണ്യമായ പങ്കാളിത്തം വഹിക്കുവാൻ സാധിക്കുന്നവരാണ് കൂട്ടു ട്രസ്റ്റിമാർ.

**ഉപസംഹാരം**

ഇടവകതലത്തിലായാലും, ഭദ്രാസന തലത്തിലായാലും, സഭാതലത്തിലായാലും ജനങ്ങളുടെയും, വൈദികരുടെയും, മേല്പട്ടക്കാരുടെയും സഹകരണത്തോടെ സഭാഭരണം നടത്തുന്നതിനാണ് മലങ്കര സഭയുടെ ഭരണഘടന പ്രാധാന്യം നല്കുന്നത്. വൈദികസ്ഥാനികൾക്ക് മുൻതൂക്കമുണ്ട് എങ്കിലും അവരുടെ തന്നിഷ്ടം പോലെ ഭരണം നടത്തുവാനല്ല ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ടു തന്നെയാണ് 1995ലെ സുപ്രീംകോടതി വിധിയിൽ വളരെ ശ്രദ്ധാപൂർവ്വം ജഡ്ജിമാർ പറഞ്ഞത്. "All we need hold is that it (Malankara Church) is episcopal to the extent it is so declared in the 1934 constitution". ■

## യുവജനപ്രസ്ഥാനം
# അന്തർദേശീയ വാർഷികം

ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം 74–ാമത് അന്തർദേശീയ വാർഷിക സമ്മേളനം 2010 മെയ് 20, 21, 22 തീയതികളിൽ അങ്കമാലി ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിൽ ആലുവ, വൈ.എം.സി.എ. ഇന്റർനാഷണൽ ക്ലബ് സൈറ്റിൽ (മാർ തെയോഫിലോസ് നഗർ) നടക്കും. സമാധാനത്തിന്റെ വൈരുദ്ധ്യാത്മകത (Dialetics of Peace) എന്നുള്ളതാണ് മുഖ്യ ചിന്താവിഷയം. സമ്മേളനത്തിന്റെ നടത്തിപ്പിനായി യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്ത, വെരി. റവ. മത്തായി ഇടനാൽ കോർ എപ്പിസ്ക്കോപ്പ, ഫാ. ബോബി വർഗഗീസ്, വെരി. റവ. തോമസ് പോൾ റമ്പാൻ, പി. വി. സാജു, ടിൽസൺ വർഗീസ്, ഏലിയാസ് ഐസക്ക് എന്നിവരുടെ നേതൃത്വത്തിൽ വിപുലമായ സ്വാഗതസംഘം രൂപീകരിച്ചിട്ടുണ്ട്. പ്രസ്ഥാനത്തിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഉത്ഘാടനവും ഇതോടനുബന്ധിച്ച് നടക്കും. നവാഭിഷിക്തരാകുന്ന 7 മെത്രാപ്പോലീത്താമാർക്ക് സമ്മേളനത്തിൽ സ്വീകരണം നൽകും. രജിസ്ട്രേഷൻ ഫീസ് 200 രൂപ. ഏപ്രിൽ 30–ന് മുമ്പ് www.orthodoxyouthmovement.org. എന്ന വെബ്സൈറ്റ് വഴിയോ, ഫാ. സ്പെൻസർ കോശി, ജനറൽ സെക്രട്ടറി, ഓർത്തഡോക്സ് യൂത്ത് സെന്റർ, പഴയ സെമിനാരി റോഡ്, ചുങ്കം, കോട്ടയം–1 എന്ന വിലാസത്തിൽ നേരിട്ടോ രജിസ്റ്റർ ചെയ്യണം. ഈ വർഷം തൽസമയ രജിസ്ട്രേഷൻ ഉണ്ടായിരിക്കുന്നതല്ല.

*For Favours Received*


Mrs. A. Mathai Bhubaneswar


ഒരു വിശ്വാസി


ഒരു വിശ്വാസി

HOLY SPIRIT

A firm believer Kunnamkulam

# തുമ്പമൺ വലിയ പള്ളിയിൽ അതിപുരാതന യുക്ക്നോ

ഡോ. ജോർജ് വർഗീസ്



പുരാതന ക്രൈസ്തവ ദേവാലയങ്ങളിൽ കൂടുതലും വി. ദൈവമാതാവിന്റെ നാമത്തിൽ സ്ഥാപിക്കപ്പെട്ടവയാണ്. തൊള്ളായിരത്തോളം വർഷം പഴക്കമുള്ള തുമ്പമൺ ഓർത്തഡോക്സ് വലിയ പള്ളിയും വി. ദൈവമാതാവിന്റെ നാമത്തിൽ തന്നെ.

ഇപ്പോഴത്തെ സെന്റ് മേരീസ് കത്തീഡ്രൽ പണിതിട്ടും 800–ലധികം വർഷമായി എന്നാണ് സൂചനകൾ. മുമ്പത്തെ പള്ളി ചെറുതായിരുന്നു എന്നു പറയപ്പെടുന്നു.

അതിപുരാതനമായ ഒരു യുക്ക്നോ ഈ പള്ളിയുടെ മേടയിൽ നിന്ന് ഈയിടെ കണ്ടെടുത്തു. വി. ദൈവമാതാവ് ഉണ്ണിയേശുവിനെ എടുത്തുകൊണ്ടു നിൽക്കുന്ന ചിത്രം സ്വർണ്ണത്തകിടിയിൽ ആലേഖനം ചെയ്തിരിക്കുന്നു. കൊത്തുപണികൊണ്ട് മനോഹരമാക്കിയ വെള്ളിക്കവചത്തിനുള്ളിലാണിത്. ഈ യുക്ക്നോയ്ക്ക് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്.

പ. പരുമല തിരുമേനി തുമ്പമൺ ഭദ്രാസനാധിപനായിരുന്നല്ലോ. ഈ ഭദ്രാസനം നിലവിൽ വന്നത് 1876–ലാണ്. പ. പരുമല തിരുമേനിയുടെ കാലഘട്ടം വരെ പ്രധാന ത്രോണോസിൽ പ്രതിഷ്ഠിക്കപ്പെട്ടിരുന്ന ഈ യുക്ക്നോ തിരുമേനി പരിശുദ്ധനായി പ്രഖ്യാപിക്കപ്പെട്ടപ്പോൾ അദ്ദേഹം താമസിച്ചിരുന്ന മാളിക മുറിയിലേക്കു മാറ്റിയതാകാം എന്നാണ് വികാരി ഫാ. കെ. എം. തോമസ്സിന്റെ അഭിപ്രായം.

ഈ മാളികപ്പുറത്തെ വലിയ പെട്ടിയിൽ ചരിത്രപരമായി വളരെ പ്രധാനപ്പെട്ട രേഖകളും ഉപകരണങ്ങളും വായിക്കാൻ കഴിയാതിരുന്ന ചില ലിഖിതങ്ങളും സൂക്ഷിച്ചിരുന്നു. തൊട്ടടുത്തുള്ള സഭ വക ഹൈസ്ക്കൂളിൽ ഹെഡ്മാസ്റ്ററായിരുന്ന ഒരു വൈദികൻ തിരുവനന്തപുരത്ത് ഒരു പ്രദർശനത്തിനുവേണ്ടി ഇവയിൽ പലതും എടുത്തുകൊണ്ടുപോയി. ഒന്നും തിരികെ കൊണ്ടു വന്നില്ലത്രെ. സാധനങ്ങളുടെ ഒരു പട്ടിക പോലും ഉണ്ടാക്കിയില്ല. ആ അച്ചൻ ഇപ്പോൾ ജീവിച്ചിരിപ്പില്ല. അന്നത്തെ ഇടവക വികാരിയും മൺമറഞ്ഞു. ചരിത്രം സൂക്ഷിക്കാൻ ഓർത്തഡോക്സുകാർ പൊതുവെ പിന്നിലാണല്ലോ.

വിശിഷ്ട ലോഹങ്ങളിൽ കൊത്തിയെടുത്ത ഈ ചിത്രം തുമ്പമൺ ഭദ്രാസ്സനാധിപൻ കുറിയാക്കോസ് മാർ ക്ലിമ്മീസ് പരിശോധിച്ചു. ഇതിന്റെ പ്രാധാന്യം അദ്ദേഹത്തിനു ബോധ്യപ്പെടുകയും ചെയ്തു.

വി. മാതാവിന്റെ ഓർമ്മ വലിയ പെരുന്നാളായി ജനുവരി 15, 16 തീയതികളിൽ ഈ പള്ളിയിൽ ആഘോഷിക്കുന്നു. പെരുന്നാളിനോട് അനുബന്ധിച്ച് 2010 ജനുവരി 16–ന് കുറിയാക്കോസ് മാർ ക്ലീമീസ് തിരുമേനി പ്രത്യേക പ്രാർത്ഥനകൾക്കു ശേഷം യുക്ക്നോ വി. മദ്ബഹായിൽ വച്ചു. അതിനു മുമ്പ് മദ്ബഹായ്ക്കു മുമ്പിൽ തയ്യാറാക്കിയ പ്രത്യേക പീഠത്തിൽ പ്രദർശിപ്പിച്ചു. നൂറു കണക്കിനു വിശ്വാസികൾ പ്രാർത്ഥനാ നിരതരായി ചടങ്ങുകളിൽ പങ്കെടുത്തു. അടുത്ത ദിവസം യുക്ക്നോ മദ്ബഹായിൽ തിരികെ വച്ചു. ഈ പുനഃപ്രതിഷ്ഠാ ചടങ്ങിൽ അനേകം വൈദികരും സംബന്ധിച്ചിരുന്നു.

എല്ലാ വർഷവും വി. മാതാവിന്റെ പെരുന്നാൾ വെളയിൽ യൂക്ക്നോ പൊതുദർശനത്തിനു വയ്ക്കാനാണ് പരിപാടി. വി. മാതാവിന്റെ പെരുന്നാളിനൊപ്പം അഹത്തള്ളാ ബാവായുടെ ഓർമ്മപ്പെരുന്നാളും ഈ പള്ളിയിൽ ആഘോഷിക്കുന്നു. പ. പരുമല തിരുമേനിയുടെ പെരുന്നാളും ഇവിടെ ഏറെ ഭക്തിപൂർവ്വം ആഘോഷിക്കുന്നു. തിരുമേനി നേരിട്ടു സ്ഥാപിച്ച ഇംഗ്ലീഷ് മിഡിൽ സ്ക്കൂൾ പള്ളിയുടെ തൊട്ടടുത്തുണ്ട്.

ഈയുക്ക്നോ എവിടെ നിർമ്മിച്ചുവെന്നോ എന്നു നിർമ്മിച്ചുവെന്നോ വ്യക്തമാക്കുന്ന രേഖകൾ ഇതുവരെ കണ്ടിട്ടില്ല. ഏതെങ്കിലും പിതാക്കന്മാരോ വിദേശത്തു നിന്നു വന്നവരോ പള്ളിക്ക് നൽകിയതുമാകാം.

ദൈവസാന്നിദ്ധ്യം വെളിപ്പെടുത്തുന്ന ചിത്രത്തെ ഐക്കൺ എന്നു പറയുന്നു. ഈ ഗ്രീക്കു പദത്തിന്റെ അർത്ഥം പ്രതിരൂപം എന്നാണ്.

പൗരസ്ത്യ ഓർത്തഡോക്സ് പാരമ്പര്യത്തിലും ബൈസാന്റയിൻ പാരമ്പര്യത്തിലും ഇതിനു കൂടുതൽ പ്രാധാന്യമുണ്ട്. “പല ഓർത്തഡോക്സ് സഭകളിലും ഐക്കൺ കൂദാശ എന്ന ഒരു ശുശ്രൂഷാക്രമമുണ്ട്. യൽദോ മഫ്രിയാനയുടെ പള്ളിക്രമ പുസ്തകത്തിൽ ‘കുദൊശ് യുക്ക്നെ’ എന്ന പേരിൽ ഐക്കൺ കൂദാശക്രമമുണ്ട്. കശീശായ്ക്ക് പട്ടമേൽക്കുമ്പോൾ സ്ഥാനചിഹ്നമായി ഐക്കൺ നൽകുവാൻ സുറിയാനി പട്ടം കൊട പുസ്തകത്തിൽ നിർദ്ദേശമുണ്ട്. സിറിയൻ പാരമ്പര്യത്തിൽ ഐക്കൺ ഇല്ല. നമ്മുടെ പല പഴയ പള്ളികളിലും കാണുന്ന ചുവർ ചിത്രങ്ങളും മറ്റും സിറിയൻ ബന്ധത്തെയല്ല, മറ്റ് ദേശീയ ഓർത്തഡോക്സ് സഭകളുമായുള്ള ബന്ധത്തെയാണ് കാണിക്കുന്നത്. അംശവസ്ത്രങ്ങളിലും പള്ളിവിരിപ്പുകളിലും ഒക്കെ സിറിയൻ സഭയിലും ഇപ്പോൾ ഐക്കണുകൾ ഉപയോഗിക്കുന്നു. മേല്പട്ടക്കാർ ഐക്കണുകൾ മാലയിൽ ഉപയോഗിക്കാറുണ്ട്” (ഇന്ത്യൻ ഓർത്തഡോക്സ് സഭാ ചരിത്ര വിജ്ഞാന കോശം) ■

# പദപ്രശ്നം

12

| | | | | | | |
|---|---|---|---|---|---|---|
| 1 | | 2 | 3 | 4 | 5 | ■ |
| | ■ | | 7 | | 8 | |
| 9 | 10 | 11 | | | | ■ |
| 12 | | | 13 | 14 | 15 | |
| 16 | | 17 | | | | ■ |
| | 18 | | | | 19 | |
| 20 | | | | 21 | | |

### വലത്തോട്ട്

1. തൂബൽ ഖയീമിന്റെ പെങ്ങൾ, രെഹബയാമിന്റെ അമ്മയ്ക്കും ഇതേ പേരായിരുന്നു (3)
3. പഴയ നിയമത്തെ മൂന്നായി വിഭജിച്ചിരിക്കുന്നതിൽ ഒരു ഭാഗത്തിന് പറയുന്ന പേര്. സങ്കീർത്തനം, സദൃശ്യവാക്യം എന്നിവ ഈ ഗണത്തിൽപ്പെടുന്നു (3)
7. മനുഷ്യൻ കേവലം.....പാത്രങ്ങളാകുന്നു (കൂടാരം) എന്ന് വിശുദ്ധ പൗലോസ് പറഞ്ഞിരിക്കുന്നു (2)
8. ഫറവോന് യഹോവ നല്കിയ തുടർ പരീക്ഷണങ്ങൾ. ഇത് പത്തെണ്ണമുണ്ടായിരുന്നു ഒടുവിൽ യിസ്രായേൽ ജനത്തെ വിട്ടയച്ചു (2)
9. വിശുദ്ധ കുർബ്ബാനക്ക് പറയുന്ന മറ്റൊരു പേര് (5)
12. സ്വർഗ്ഗരാജ്യം വയലിൽ ഒളിച്ചു വച്ച........യോട് സദൃശ്യം (2)
15. ധനവാന് ഉണ്ടായിരുന്നതും ലാസറിന് ഇല്ലാതിരുന്നതും ഇതാണ് (2)
18. ഹഖല്യാവിന്റെ മകനായ ഈ പ്രവാചകനാണ് യരുശലേമിന്റെ തകർന്ന മതിൽ പണിയുവാൻ നേതൃത്വം നൽകിയത് (4)
19. വിശുദ്ധ കുർബ്ബാനയിൽ കർത്താവിന്റെ രക്തം ഈ പാത്രത്തിലാണെടുക്കുന്നത് (2)
20. എട്ടാമത്തെ വയസ്സിൽ യഹൂദാ രാജാവായ ആൾ (4)
21. യേശുവിന്റെ ജനന സമയത്ത് വിദ്വാന്മാർ കണ്ടത് (3)

### താഴോട്ട്

1. തൊണ്ണൂറാം വർഷം ആഘോഷിക്കുന്നത് (3)
2. സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള ഉപമയിൽ ഒരു സ്ത്രീ പുളിപ്പ് സൂക്ഷിച്ചു വച്ചത് ഇതിലാണ്. ഇത് മൂന്നുപറ ഉണ്ടായിരുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു (2)
4. വെളിപ്പാട് പുസ്തകത്തിൽ "ജയിക്കുന്നവനെ എന്റെ ദൈവത്തിന്റെ ആലയത്തിൽ...........ആക്കും" എന്ന് പറഞ്ഞിരിക്കുന്നു (2)
5. നെബുഖദ്നേസർ രാജാവിന്റെ കാലത്തുണ്ടായിരുന്ന ആരാധനാരീതി (5)
7. യേശുവിന്റെ ശിഷ്യന്മാരിൽ ഒരാൾ (3)
10. രക്തം എന്നർത്ഥം (3)
11. മഴ കൊണ്ടു വരുന്നതായി ഇയ്യോബിന്റെ പുസ്തകത്തിൽ കാണുന്ന കാറ്റ് (3)
12. സമാഗമന കൂടാരത്തിന് തിരു.......എന്നും പേരുണ്ട് (3)
13. പുരോഹിതനായിരുന്ന ഹില്കീയാവിന്റെ മകനായ പ്രവാചകൻ (4)
14. യേശു സ്തോത്രം ചെയ്തുകൊണ്ട് കയറിപ്പോയ മല (3)
16. ആഴ്ച എന്നർത്ഥം (2)
17. കടലിൽ ഉണ്ടാകുന്നത്. യേശുവും ശിഷ്യന്മാരും കടലിൽ യാത്ര ചെയ്യുമ്പോൾ ഇതുണ്ടായപ്പോൾ ശിഷ്യന്മാർ പരിഭ്രമിച്ചു (2)

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം**
**പദപ്രശ്നം,**
**മലങ്കരസഭ മാസിക**
**കാതോലിക്കേറ്റ് അരമന, ദേവലോകം, കോട്ടയം-38**

*ഉത്തരങ്ങൾ അയക്കേണ്ട*
*അവസാന തീയതി : 10-05-2010*

## പദപ്രശ്നം - 10 ശരിയുത്തരം അയച്ചവർ

**വിജയി:- അരുൺ ജേക്കബ് ബാംഗ്ലൂർ**

2. അനു തങ്കച്ചൻ, പുനലൂർ; 3. ആൻ മറിയം കോശി, കടമ്പനാട്; 4. പി.സി. അലക്സാണ്ടർ, മാവേലിക്കര; 5. അക്കാമ്മ ജോർജ്, പാമ്പാക്കുട; 6. അമ്മിണി സഖറിയ, പഴഞ്ഞി; 7. അമ്മിണി യോഹന്നാൻ, ഉള്ളന്നൂർ; 8. അമ്മിണി കോശി, ആറ്റുവ; 9. ആലീസ് നൈനാൻ; എരുമേലി; 10. ആലീസ് ഏബ്രഹാം, തമിഴ്നാട്; 11. ആൻസി തോമസ്, ജയ്പൂർ; 12. ആൻസി മാത്യു, ഗൂഡല്ലൂർ; 13. അന്നമ്മ ചെറിയാൻ, നീർവിളകം; 14. അന്നമ്മ മത്തായിക്കുട്ടി, നാസിക്; 15. അന്നമ്മ ജോർജ്, മുളക്കുഴ; 16. അന്നമ്മ ജോസഫ്, നെടുമാവ്; 17. ഏലമ്മ വർഗീസ്, ഉദയ്പൂർ; 18. ഏലമ്മ ഏബ്രഹാം കളമശേരി; 19. ഏലിയാമ്മ ശാമുവേൽ മുംബൈ; 20. ഏലിയാമ്മ സഖറിയ, കൽക്കട്ട; 21. ഏലിയാമ്മ ജോർജ്, കുരീപ്പള്ളി; 22. ഡോ. ഏലിയാമ്മ ഐസക്, പുത്തൂർ; 23. ഏലിയാമ്മ ജോർജ്, മിറാറോഡ്; 24. ഏലിയാമ്മ പൗലോസ്, വയനാട്; 25. കെ. കെ. ഏബ്രഹാം, പനയമ്പാല; 26. ഏബ്രഹാം കെ. ജോർജ്, പേരൂർക്കട; 27. ബേബി ഡേവിഡ്, തൃശൂർ; 28. ബെൻസി വിത്സൺ, നരിയാപുരം; 29. ബ്രൂണോ ജെ. തിരുവനന്തപുരം; 30. ബിന്ദു ബിജു, മാവേലിക്കര; 31. ബീനാ ജോണി, ഹരിപ്പാട്; 32. ചിന്നമ്മ ജോൺ, തിരുവനന്തപുരം; 33. കെ. സി. എലിസബത്ത് തമ്പി, കോയമ്പത്തൂർ; 34. ഡെയ്സി ജോസ്, തലവൂർ; 35. എം.എം. ജോർജ്, പാമ്പാക്കുട; 36. ജിജി സജി, വെള്ളപ്പാറ; 37. ജയമോൾ മാത്യു, നെടുങ്ങാടപ്പള്ളി; 38. ജിറ്റി ആനി ഏബ്രഹാം, കാഞ്ഞിരപ്പള്ളി; 39. ജോർജ് ജോൺ, പാമ്പാക്കുട; 40. ഹന്നാ പുന്നൂസ്, അയ്മനം; 41. എം.സി. കുറിയാക്കോസ്, പാമ്പാക്കുട; 42. കുഞ്ഞമ്മ പൈലി, കോലഞ്ചേരി; 43. കുമാരി കെ. ചാക്കോ, തിരു; 44. കുഞ്ഞുമോൾ ജോർജ്, കാർത്തികപ്പള്ളി; 45. ലീലാമ്മ തോമസ് പണിക്കർ, കുണ്ടറ; 46. ലിസി വർഗീസ്, തിരുവല്ല; 47. കുഞ്ഞൂഞ്ഞമ്മ വർഗീസ്, കൊട്ടാരക്കര; 48. ലിനു തോമസ്, വള്ളികുന്നം; 49. ലീലാമ്മ കുര്യൻ, പുതുപ്പള്ളി; 50. ലവ്‌ലി കോശി, പത്തനംതിട്ട; 51. ലിജി തോമസ്, മുഖത്തല; 52. ലീലാ പൗലോസ്, ചാലക്കുടി; 53. ലീലാമ്മ ജോർജ്, ജലഹള്ളി, ബാംഗ്ലൂർ; 54. ലീലാമ്മ മാത്യു, തൃക്കണ്ണമംഗൽ; 55. ലിസി ചെറിയാൻ, ബത്തേരി; 56. മേരിക്കുട്ടി കോശി, മാവേലിക്കര; 57. കെ. മേരി മാത്യു, അരീപ്പറമ്പ്; 58. മേരിക്കുട്ടി അലക്സാണ്ടർ,

*ശേഷം 22-ാം പേജിൽ*

**പദപ്രശ്നം-10-ശരിയുത്തരം**

| | | | | | | |
|---|---|---|---|---|---|---|
| 1 അ | മ്മാ | 2 വി | അ | പ്പ | ൻ | 3 കു |
| രു | 4 കു | രു | 5 വി | ■ | 6 കൂ | ടും |
| 7 വി | രു | ന്നു | വാ | ഴി | 8 ഹോ | ബ |
| 9 ഈ | ത്തോ | ഭ | ഹം | 10 ഗ | ർ | ഭ |
| 11 ആ | 12 ല | വ | ണം | ന്യാ | ■ | ദ്ര |
| കാ | ■ | നം | 13 ഹാ | 14 യി | ■ | ത |
| 15 ശം | ഗ | ർ | 16 യി | ശ്മാ | യേ | ൽ |

**(അഭിപ്രായങ്ങളും സംശയങ്ങളും അറിയിക്കുക:**
**ഫാ. തോമസ് മാത്യു, കൊട്ടാരക്കര**
**ഫോൺ: 9847555113)**

അജി വർഗീസ്, ബത്തേരി

ദൃഷ്ടി



ലേഖനം

# ധൂപക്കുറ്റിയുടെ പത്താം വാർഷികാഘോഷം




**കൊ**ച്ചിയിലെ പ്രസിദ്ധമായൊരു ഈവെന്റ് മാനേജ്മെന്റ് (കൊച്ചുകാര്യങ്ങളെ കൈകാര്യം ചെയ്ത് വലിയ സംഭവങ്ങളാക്കുന്ന) കാര്യാലയത്തിലേക്ക് ഒരു വൈകുന്നേരം നന്നായി വസ്ത്രം ധരിച്ച (കോളറില്ലാത്ത ജുബയ്ക്കു മുകളിലായി സ്വർണ്ണമാല കാണുന്ന വിധം) നാലുപേർ രംഗപ്രവേശം ചെയ്യുന്നു. കോട്ടും ടൈയും ധരിച്ച സുമുഖനായ കൈകാര്യക്കാരൻ അവരെ ഒരു 'ടൈ'യുമില്ലാത്ത വിടർന്ന് വിലസുന്ന ചിരിയോടെ സ്വീകരിച്ചു. നാലുപേരിൽ ശാരീരികമായി ഏറ്റവും വികസിച്ചയാൾ അവർ ചുമന്നുകൊണ്ടുവന്ന വലിയ പ്രശ്നത്തെ ഇങ്ങനെ ഇറക്കിവെച്ചു.

'സാർ ഞങ്ങൾ ഒരു വലിയ കത്തീഡ്രൽ പള്ളിക്കാരാണ് (മഹായിടവക എന്നും പറയും). ഞങ്ങൾക്ക് ഒരു ഈവെന്റ് വേണം. മാനേജ്മെന്റ് വേണ്ട, അത് ഞങ്ങൾ തന്നെയങ്ങ് മാനേജ് ചെയ്തു കൊള്ളാം.?

ഇതുവരെ നിസാരമെന്ന മുഖഭാവത്തോടെ കോട്ടിട്ടവൻ അവരെ നോക്കിയപ്പോൾ വിശാല കഷണ്ടിയിലെ ഇല്ലാത്ത വിയർപ്പുമണികളെ ഒപ്പിയെടുക്കുന്നുവെന്ന വ്യാജേന രണ്ടാമൻ ഇടയ്ക്കുകയറി "സംഭവം അടിപൊളിയും വെറയിറ്റിയുമായിരിക്കണം" സംഗതിയുടെ ഗൗരവം ബോധ്യപ്പെട്ടു തുടങ്ങിയ മാനേജുമെന്റുകാരൻ നാലുപേർക്കും മധുരമില്ലാത്ത ചായ പകരുന്നതിനിടയിൽ തിരക്കുള്ള ബസിലേക്ക് ഇടിച്ചു കയറുന്ന വൈദഗ്ധ്യത്തോടെ മൂന്നാമൻ കഴിഞ്ഞ കുറച്ചു കാലങ്ങളായി അവർ നടത്തിയ ചില മഹാസമ്മേളനങ്ങളുടെ പേരു വിവരങ്ങൾ സംഗീതപരിപാടികളിൽ ചില ജഡ്ജുമാരെപോലെ ഇങ്ങനെ പ്രഖ്യാപിച്ചു.

ഒന്ന് – പള്ളി പണിതതിന്റെ സുവർണ്ണജൂബിലി

രണ്ട് – വിശുദ്ധന്മാരുടെ രണ്ട് തിരുശേഷിപ്പുകൾ

മൂന്ന് – മഹായിടവക പ്രഖ്യാപനം

നാല് – ആഗോള തീർത്ഥാടന പ്രഖ്യാപനം

അഞ്ച് – കുരിശിൻതൊട്ടി കൂദാശയുടെ പത്താം വാർഷികാഘോഷം

ആറ് – കൺവെൻഷൻ ആരംഭിച്ചതിന്റെ നാല്പതാം വാർഷികം

ഏഴ് – കത്തീഡ്രൽ പ്രഖ്യാപനത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം

എട്ട് – ആഘോഷങ്ങൾക്ക് സ്പെഷ്യൽ പതിപ്പുകൾ ഇറക്കാൻ തുടങ്ങിയതന്റെ പത്താം വാർഷികം

ആഘോഷിച്ച പരിപാടികളുടെ പട്ടിക കേട്ട് ഞെട്ടിപ്പോയ യുവാവ് തന്റെ ഞെട്ടൽ മറയ്ക്കുന്നതിനിടയ്ക്ക് അവർ പറഞ്ഞ ചില ഈവന്റുകൾ മറ്റുചില പള്ളിക്കാർക്ക് പ്രയോജനപ്പെടുമെല്ലേയെന്നോർത്ത് മനസിൽ കുറിച്ചുവെയ്ക്കുകയും അതീവ ധ്യാന പൂർവ്വം പുതിയൊരു ഈവന്റിനായി തലപുകയ്ക്കുകയും ചെയ്തു.

'യുറേക്കാ... യുറേക്കാ.... യുവാവ് നിലവിളിച്ചു കൊണ്ട് ചോദിച്ചു. 'സാറൻമാരേ നിങ്ങളുടെ പള്ളിയിലെ ധൂപക്കുറ്റി വെള്ളിയുടേതോ അതോ സ്വർണ്ണത്തിന്റേതോ? 'വെള്ളിയുടേത്'. അവസാന അവസരം മുതലാക്കിക്കൊണ്ട് നാലാമൻ ആശ്വാസവാക്കുതീർത്തു.


'എന്നാലിന്നാ പിടിച്ചോ... നമ്മുടെ വെള്ളിയുടെ ധൂപക്കുറ്റി വാങ്ങിയതിന്റെ പത്താം വാർഷികാഘോഷം. 'താങ്കയു താങ്ക്യൂ വെരി മച്ച്'. നാലുപേരും ആഹ്ലാദത്തോടെ മുറിവിട്ടിറങ്ങി. 'പേറ്റന്റി'നു ലഭിച്ച തുക എണ്ണിതിട്ടപ്പെടുത്തിയ മാനേജുമെന്റുവിദഗ്ധൻ വീണ്ടും ധ്യാനപൂർവ്വം കണ്ണുകളടച്ചു... അയാൾ പുതിയ ബോധങ്ങളുടെ ബുദ്ധനായി കണ്ണുതുറന്നു...

'കറന്റു കണക്ഷൻ ലഭിച്ചതിന്റെ ഇരുപത്തഞ്ചാം വാർഷികം, കൊടിമരം നാട്ടിയതിന്റെ ഗോൾഡൻ ജൂബിലി, പഴയപള്ളി പൊളിച്ചതിന്റെ വാർഷികാഘോഷം, കുരിശിൻ തൊട്ടിയിലെ വഞ്ചികുത്തിത്തുറന്നു പണമപഹരിച്ച കള്ളനെ പിടികൂടിയതിന്റെ അർദ്ധവാർഷികാഘോഷം....' വെളിപ്പെട്ടുകിട്ടിയ പുതിയ ആശയങ്ങൾക്കായി അയാൾ ദൈവത്തിനു നന്ദിയർപ്പിച്ചു. ■



കവിത

റജി സ്ലീബാ, പഴയ സെമിനാരി




# ആദ്യാക്ഷരം

ആദ്യാക്ഷരങ്ങളാം അറിവിൻ മുത്തുകൾ
ആദ്യമായ് നുണയുവാനെത്തിയനാൾ
കൈവിരൽ പിടിച്ചാദ്യമായ്
ഭൂമിമാതാവിൻ നെറുകയിൽ തൊടുവിച്ചു;
അറിഞ്ഞു ഞാനന്നറിവിൻ മുത്തുകൾ
ഭൂമി മാതാവിൻ സ്വന്തമെന്ന്;
അമ്മയെന്നക്ഷരങ്ങളെൻ വിരലുകൾ
ആ മണ്ണിൽ കുറിച്ചപ്പോൾ
മൺതരികൾ എൻ വിരൽതുമ്പിൽ
നൊമ്പരങ്ങൾ നൽകിയെങ്കിലും
അറിയാതെ ഞാൻ കൊതിച്ചൂ
അക്ഷരങ്ങളെൻസ്വന്തമാക്കാൻ
അമ്മയെൻ സ്വന്തമെന്നപോലെ;
ദിനങ്ങൾ കടന്നുപോയൊന്നൊന്നായ്
അറിഞ്ഞുവെങ്കിലും അറിയാത്തപോൽ,
വിരലുകൾ നൊമ്പരങ്ങളിലൂടെ
നന്മയ്ക്ക് വഴി മാറിയപ്പോൾ
വിരലുകളിൽ നിന്ന് വാക്കുകൾ
ജനിച്ചിടുമ്പോഴും അറിയുന്നു ഞാനാ
സ്നേഹസ്പർശം...
തുടിക്കുന്നെൻ ഹൃത്തും, ആ മണൽതരികളും
കാലം മറക്കാത്ത അറിവിൻ ബന്ധം.

*20–ാം പേജിൽ നിന്നു തുടർച്ച...*

തിരു.; 59. മേരിക്കുട്ടി പാപ്പച്ചൻ, കലയപുരം; 60. മറിയാമ്മ ഫിലിപ്പോസ്, അഴൂർ; 61. മറിയാമ്മ തോമസ്, ഇലവുംതിട്ട; 62. മറിയാമ്മ മാത്യു, കളമശേരി; 63. മറിയാമ്മ സൈമൺ, മുംബൈ; 64. മറിയാമ്മ വർഗീസ്, ഡുൺഗാർപൂർ; 65. മനോ ബിനു, നാസിക്; 66. മിനി ശാമുവേൽ, നാസിക്; 67. മോളി മാത്യൂസ്, നാരങ്ങാനം; 68. നീതു സാറാ ബാബു, പുനലൂർ; 69. ഓമന ചാക്കോ, നിരണം; 70. കെ. യു. പൗലോസ്, പട്ടം, തിരു.; 71. റാഹേലമ്മ തോമസ്, തുവയൂർ; 72. റേച്ചൽ അലക്സാണ്ടർ, പുനൈ; 73. രെഞ്ചിനി റജി, കളമശേരി; 74. റെനു റേച്ചൽ മാത്യു, നിരണം; 75. രേണു ഷാബു, നാസിക; 76. റോസമ്മ തങ്കച്ചൻ, ജയ്പൂർ; 77. റോസമ്മ കുര്യൻ, മാവേലിക്കര; 78. സാറാമ്മ യോഹന്നാൻ, ഏനാത്ത്; 79. സാറാമ്മ ശാമുവേൽ, വെട്ടിപ്പുറം; 80. സാറാമ്മ തമ്പി, കോയമ്പത്തൂർ; 81. സാലി ജോസ്, കുമ്പഴ; 82. സാറാമ്മ ഐസക്, ആറ്റുവ; 83. സൂസമ്മ രാജൻ, കൊൽക്കത്ത; 84. ശോശാമ്മ യോഹന്നാൻ, ജംഷഡ്പൂർ; 85. ശോശാമ്മ തോമസ്, കൈതക്കോട്; 86. സൂസൻ മാത്യു, കൊച്ചി; 87. സൂസമ്മ വർഗീസ്, മൂന്നാർ; 88. സൂസമ്മ പുന്നൂസ്, ജെയ്പൂർ; 89. സൂസമ്മ മാത്യു, നാരങ്ങാനം; 90. ഷിജിൻ അന്ന ലാലൻ, തട്ടാരമ്പലം; 91. ഷിജോ കെ. തോമസ്, കങ്ങഴ; 92. ഷൈനി തോമസ്, ഇൻഡോർ; 93. സുജ മോൻസി, ബാംഗ്ലൂർ; 94. ഷിനു ഫിലിപ്പ്, മുംബൈ; 95. സുജാ ജോർജ്, നാസിക; 96. സുജ ജേക്കബ്, തൃശൂർ; 97. ഷൈനി ജോൺസൺ; ഏനാത്ത്; 98. ഷാജി മാമ്മൻ മാത്യു, മാന്നാർ; 99. തങ്കമ്മ ചാക്കോ, ന്യൂഡൽഹി; 100. വി. എ. തോമസ്, കറ്റാനം; 101. കെ. തോമസ് ഇൻഡോർ; 102. വി. റ്റി. തോമസ്, തിരുമൂലപുരം; 103. തങ്കമ്മ ഏബ്രഹാം, കോടുകുളഞ്ഞി; 104. ഉണ്ണി വർഗീസ്, തിരുവല്ല; 105. ഫാ. കെ. പി. വർഗീസ്, മാവേലിക്കര; 106. വൽസമ്മ നൈനാൻ, മാവേലിക്കര; 107. എ. ജെ. വർഗീസ്, ഹൈദരാബാദ്, 108. എം. വി. വർഗീസ്, റാഞ്ചി; 109. വിൽസൺകുട്ടി, മുട്ടത്തുകോളം; 110. വത്സമ്മ ജോൺ പോൾ, പുത്തൻകാവ്, 111. റ്റി. വി. യോഹന്നാൻ, മുംബൈ.



# A Journey Through My Life

**Purna Chandra Jena**

From my student days, I had an inclination towards social work. Through different organizations like YMCA, CASA, and SCM, I was engaged in relief, rehabilitation and food-for-work programmes during holidays. These were organized during times of droughts, floods, cyclones, and for refugees from East Pakistan ( now Bangladesh). All these programmes were considered charity and those persons were considered as objects of charity. There was no scope for justice, human dignity and equality.

After completion of my studies in mechanical engineering, I did my B.A. and planned to study B.D. However, for various reasons, this did not materialize. By living and working with the Dalit and Adivasi communities, I have learnt and practiced some of their values. Of prime importance is their human dignity and their satisfaction with limited earning, leading a simple life without any worry for tomorrow. This influenced my Christian faith. By learning different ideologies and theological perspectives, I took a conscious position to speak only on what I believe and that which I am able to practice.

Later, I joined an NGO to materialize my vision. This opened an opportunity to know and experience the NGO nature and character in India. Unfortunately, there is no other legal opening to get into the voluntary work in an organized and systematic manner. Therefore, anyone interested to do some social work with voluntary spirit is trapped in the NGO structure. I too had the opportunity to visit some of the Asian countries. However, my experience..

I was very shocking. In most cases, I found that in the name of “development”, “people’s power”, and “people’s movement”. the NGOs were developing and strengthening their own power and position. This disappointing experience challenged me to understand and experiment with what was exactly meant by “people’s power”. I left that organization and began organizing traditional marine fisher-folk in coastal Orissa. My effort was to form a union of the fisher-folk. A few friends supported this initiative. We formed a small team and evolved a programme to promote the leadership of fisher-folk in all possible areas of life, particularly political and economic. We worked together under the leadership of a small group of selected individuals from among the fisher-folk. The movement gained momentum, grew successfully, its members increased, and they even won some of their struggles too. Those who supported this movement demanded that I be their leader and lead the trade union. I had to refuse their demand for the following reasons:

I. If I became the leader that would certainly have brought name and fame to me and my friends who supported this noble cause, but the fisher-folk would get nothing - they would remain simple followers.

2. Being a non fisherman and belonging to the middle class I would always have a tendency to go up, for this reason there was the possibility that I would betray their Dalit interests.

3. The community was well aware of its own problems and possible solutions, and that mistakes are committed by every person. However, that should not be the criteria to impose someone on their community as their leader. The best is collective decision and teamwork and learning from mistakes.

The above arguments were not acceptable to those friends. They tried to convince me that I was foolishly refusing a bright future. With much difficulty, I continued to be with the fisher folk in their struggles. When I felt that they were capable of handling things on their own, I left.

This experience was a revelation for me. In most cases, the supporters of people’s movements put their own persons for their own political benefit at the cost of these poor dalits and adivasis. Even the Church too supports this activity in a subtle manner. Later I was the coordinator of Urban Rural Mission of NCCI for two terms and was associated with Indian Social Action Forum (INSAF) for a few years. These experiences enriched me to do something that would help the people. Of course, I continue to relate to the people even though I am not engaged anywhere today.

Let me share one of my experiences while working with an Adivasi community in Chattisgarh, organizing them into a trade union. There were about 27 families in one of the colonies in a village who owned small plots of agricultural land. Some landlords of the same village manipulated the land records and took away the land of these adivasis. These adivasis complained to us in the union office.

Our staff went to the Tehsil office, filed cases against the landlords, fought all possible legal battles for more than two years, and finally the judgment went in favour of the landlords. This was a very disappointing incident for all of us, particularly to those adivasi families who lost their livelihood along with their land. They were helpless and without hope.

With this miserable condition, during next ploughing season, these adivasis decided to praise and worship their god 'Kurrupat', that is a small hillock near their village which these adi vasi communities worship as their god. While they thought of worshipping Kurrupat with all their might, their hopes and aspirations arose. They knew that neither did they have the power to get back their land, nor could their friends or union help them with this matter. They had a strong faith that Kurrupat is capable and could give them their land back. Those in the community conceived this idea and inculcated it into the hearts of every person in their community. The people were convinced that Kurrupat would certainly give them back their land. Each person in the community became vibrant with a new hope and strength. They were about 150 persons including children and the elderly.

They decided to go together to one of their plots very early in the morning the day before the landlord sent his men to plough. On that particular morning, the entire community gathered, began shouting "Kurrupat ki jai" and proceeded to their plot. When they reached that plot, they heard the sound of a tractor. After some time they saw the tractor coming towards them. They were continuously shouting Kurrupat ki jai. The tractor came closer and was about to enter into that plot. At that time, for a moment, some of the leaders looked confused and nervous, when one person from the group started shouting Kurrupat ki jai at the top of his voice, and everyone joined him with vigour. By that time, the front wheels of the tractor had already entered into the plot and the rear wheels were just about to enter. At that moment, a very powerful bursting sound shook the entire village. Before anyone could realize what had happened, the tractor driver jumped out of his seat and ran towards the village. By then the people realised that the rear tyre had burst. Unbelievable. Generally, the rear tyres are so strong that they never burst.

The community gathered there praised Kurrupat their god for listening to their cry and went back to their homes. The tractor driver ran to the landlord and reported on the incident. The landlord called other friends who had taken the land of these poor people. They discussed the issue, considered that this was a curse of god on them, and decided to return the land immediately. In haste, they fulfilled all the legal formalities and handed over the land with proper documents to the adivasis.

We discussed this within our team, but most of the union leaders did not believe. According to many, this was a mere coincidence. However, this was a great learning for me - when all our efforts failed, and the people cried helplessly, God responded.

I would like to share that it is easy to lead a comfortable/ luxurious life, but it is very difficult to lead a simple life. The choice is in our hand.

*(Purna Chandra Jena is a frugal and down-to-earth social activist from Orissa, a writer of more than 20 books in Oriya and English, and a sought- after speaker on Dalits, Adivasis, NGOs, social justice, conversion, globalization, oppression, the caste system, and other issues)*

## ലളിതം മധുരം

**സഖറിയാ മാർ അന്തോനിയോസ്**
(പ്രസിഡന്റ്, മലങ്കരസഭ)



# സ്വച്ഛത നഷ്ടപ്പെടുത്തരുത്

**പ**ത്താം തരത്തിൽ പഠിക്കുമ്പോൾ അദ്ധ്യാപകനായിരുന്ന ശുദ്ധ ബ്രാഹ്മണൻ പറയുമായിരുന്നു "ഒരു ഗ്ലാസ്സ് പച്ചവെള്ളം കുടിച്ചാലും സ്വഛമായി കുടിക്കണം. 1962-ൽ കേട്ട കാര്യമാണ്. 'സ്വച്ഛ'മായി ചെയ്യാൻ കഴിയുന്നതെല്ലാം ദൈവികം തന്നെയാണ് നമസ്ക്കരിക്കുന്നതുപോലെ... ഭക്ഷണം കഴിക്കുന്നതു പോലും ഒരു നമസ്ക്കാരമാകണമെന്നു പറഞ്ഞാൽ അതിന്റെ ഭംഗി ഇഴതിരിച്ചെടുക്കേണ്ട കാര്യമാണ്."

ഈ സ്വഛത നഷ്ടപ്പെടുന്ന ലോകമാണിത്. ഇനിയെന്ത് എന്ന ഒരു അങ്കലാപ്പിലേക്ക് മനസ്സ് വീഴുന്നു. പിശാച് തന്റെ തിളക്കം കുറഞ്ഞ ആയുധം പുറത്തെടുക്കുകയാണിവിടെ ഏതാണെന്നറിയേണ്ടേ... നിരാശ. ഏറ്റവും തിളക്കമേറിയത് ക്രോധമാണ്. ഈർഷ്യയും, ദേഷ്യവും, ധാർഷ്ട്യവുമൊക്കെ ഉപോല്പന്നങ്ങൾ. വലിയ പ്രവാചകനായ ഏലിയാവ് പോലും 'മതി' എന്നു പറഞ്ഞ തിളക്കം കുറഞ്ഞ നിമഷങ്ങൾ.

വിദ്യാർത്ഥികൾക്കിടയിൽ പകരുന്ന 'നിരാശ'യ്ക്കു പിറകിലും ഇതു തന്നെ യാഥാർത്ഥ്യം. ഉദ്ദേശിക്കുന്ന റിസൾട്ട് കിട്ടിയില്ലെങ്കിൽ മതിയാക്കേണ്ടതാണോ ജീവിതം. എല്ലാറ്റിനും A+ കിട്ടിയാൽ പിന്നെ A+ ന്റെ വിലയെന്താണ്? പരിശ്രമിക്കേണ്ടെന്നു പറയുന്നില്ല പക്ഷേ ജീവിതം പോലും ഉത്തരം കിട്ടാത്ത ചോദ്യമാണെന്നു മറക്കരുത്.

മാർക്കിനു വേണ്ടി കുട്ടികളെ ഹേമിക്കുന്ന അമ്മമാരോട് ഒരു വാക്ക്. മക്കളെ ശകാരിക്കുമ്പോൾ നിങ്ങൾക്കു പണ്ട് കിട്ടിയ മാർക്കുകൾ കൂടി ഒന്നോർത്തു നോക്കുക. അവർ നമ്മുടെ ബാക്കിയല്ലേ?

സ്വച്ഛത നഷ്ടപ്പെടാതിരിക്കട്ടെ...

From Our Church

# നമ്മിലൊരാൾ





സേവനങ്ങളെ പരിഗണിച്ച് 2010 ഏപ്രിൽ 7-ന് രാജ്യം പത്മശ്രീ നല്കി ആദരിക്കുന്നു

**പത്മശ്രീ കുര്യൻ ജോൺ മേളാംപറമ്പിൽ**

നിസ്വാർത്ഥമായ സാമൂഹ്യ സേവനം കൊണ്ട് വ്യക്തിമുദ്ര പതിപ്പിച്ച മലങ്കര സഭാംഗമാണ് ശ്രീ. കുര്യൻ ജോൺ മേളാംപറമ്പിൽ. തിരുവല്ല പാലിയേക്കര സെന്റ് ജോർജ് ഇടവകാംഗമായ ശ്രീ. കുര്യൻ ജോൺ ഒട്ടനവധി സാമൂഹ്യ സേവന പരിപാടികളിൽ പ്രസ്ഥാനങ്ങളിലും നേതൃത്വം കൊടുക്കുന്നു. 'മേളം ചാരിറ്റീസ്' എന്ന പേരിൽ രോഗികൾക്കായി നല്കുന്ന സഹായം ജാതിമതഭേദമെന്യേ പലർക്കും ആശ്വാസമാണ്. സേവനങ്ങളെ പരിഗണിച്ച് 2010 ഏപ്രിൽ 7-ന് രാജ്യം പത്മ ശ്രീ നല്കും.

1954-ൽ പത്തനംതിട്ട ജില്ലയിൽ തിരുവല്ല മേളാപ്പറമ്പിൽ എം.വി. ജോണിന്റെയും ലീലാമ്മ ജോണിന്റെയും മകനായാണ് ജനനം. തിരുവല്ല എം.ജി.എം. സ്ക്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. തുടർന്ന് കുറ്റപ്പുഴ മാർത്തോമ്മാ കോളേജിലും, തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജിലും ഉപരിപഠനം. പിന്നീട് ഇൻഡോർ സ്ക്കൂൾ ഓഫ് സോഷ്യൽ വർക്ക്സിൽ നിന്ന് സോഷ്യൽ വർക്സിൽ ബിരുദാനന്തര ബിരുദവും കരസ്ഥമാക്കി. തുടർന്ന് 12 വർഷക്കാലം പ്രമുഖ ദിനപത്രത്തിൽ സീനിയർ എക്സിക്യൂട്ടീവായി ജോലി ചെയ്തു.

1978-ൽ ഹൃദയസ്തംഭനം മൂലം ശ്രീ കുര്യന്റെ പിതാവ് ഇഹലോക വാസം വെടിഞ്ഞു. പിതാവിന്റെ മരണം കുര്യന്റെ മനസിൽ വളരെയധിക വേദനയുളവാക്കുകയും പുതിയ ദിശാബോധത്തോടെ കർമപഥത്തിലേക്ക് ഇറങ്ങുവാൻ പ്രേരണ നല്കുകയും ചെയ്തു.

ഹൃദ്രോഗത്താലും മറ്റനേകം രോഗത്താലും കഷ്ടപ്പെടുന്നവരെയും ചികിത്സ ലഭിക്കാതെ ബുദ്ധിമുട്ടുന്നവരെയും കുറിച്ചുള്ള ചിന്തകൾ അദ്ദേഹത്തിന്റെ മനസിനെ മുറിപ്പെടുത്തി. 1981 മുതൽ ശമ്പളത്തിന്റെ നല്ലൊരു ഭാഗം രോഗികൾക്കുള്ള സഹായമായി നല്കികൊണ്ടിരുന്നു. സോഷ്യൽ വർക്സിലുള്ള ബിരുദാനന്തരപഠനം സാമൂഹ്യ സേവനത്തിന് മനരേഖ ഒരുക്കുന്നതിന് സഹായകമായി.

1986 സെപ്റ്റംബർ 10-ന് "മേളം ചാരിറ്റീസ്" എന്ന പേരിൽ തന്റെ പിതാവിന്റെ സ്മരണയ്ക്കായി ഒരു സേവന സംഘടനയ്ക്ക് തുടക്കം കുറിച്ചു. അശരണരായ രോഗികളെ സഹായിക്കുക എന്നതായിരുന്നു പ്രധാന ലക്ഷ്യം. മേളം ചാരിറ്റീസിന്റെ സേവന പന്ഥാവ് വികസിച്ചതോടുകൂടി കൂടുതൽ ധനം ആവശ്യമായി വന്നു. അതിനുവേണ്ടി നൂതനമായ ബിസിനസ് സംരംഭത്തിലേക്ക് ഇറങ്ങുവാൻ തീരുമാനിച്ചു. 1992-ൽ ഇപ്രകാരം തുടങ്ങിയ മേളം ബ്രാന്റ് പ്രോജക്റ്റ്സ് ഇന്ന് ഇൻഡ്യയിലെ പ്രമുഖ എക്സ്പോർട്ടിംഗ് ബ്രാണ്ടാണ്.

ക്രിസ്തീയ ധർമ്മ ബോധത്തിൽ മനസ്സുറപ്പിച്ചു കൊണ്ട് ലാഭത്തിന്റെ നല്ലൊരംശവും മേളം ചാരിറ്റീസിൽ വിനിയോഗിക്കുന്നു.

**ഏകദേശം 200 ആശുപത്രികളിലായി ആയിരത്തിലധികം പേർക്ക് മാസം തോറും സഹായം നല്കുന്നു. മനുഷ്യ സേവനമാണ് ജീവിത ലക്ഷ്യമെന്ന് ശ്രീ. കുര്യൻ ജോൺ ശക്തമായി വിശ്വസിക്കുന്നു.**

എം.വി.ജെ. ഫുഡ്സ് പ്രൈവറ്റ് ലിമിറ്റഡ്, മേളം കമ്മ്യൂണിക്കേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്, എം.ജെ. അസ്സോസിയേറ്റ്സ് തുടങ്ങിയവയുടെ ചെയർമാനും മാനേജിംഗ് ഡയറക്ടറും കൂടിയാണ് ശ്രീ. കുര്യൻ. വൈ.എം.സി.എ. കൊച്ചി റീജിയൺ വൈസ് പ്രസിഡന്റ്, ചൈതന്യ മെന്റലി റിട്ടാർഡഡ് ഹോം, വൈ.എം.സി.എ. ബോയ്സ് ഹോം, കേരള യുവത തുടങ്ങിയവയുടെ ചെയർമാനുമായും പ്രവർത്തിക്കുന്നു.

ലയൺ എക്സലൻസി അവാർഡ് 2003-04, റൈസ് ഓഫ് ഇൻഡ്യ എക്സിക്യൂട്ടീവ് അവാർഡ് 2009, ജനസേവ ദേശീയ പുരസ്ക്കാരം 2003, ഉദ്യോഗ് രത്ന അവാർഡ്, ശ്രേഷ്ഠ ഉദ്യോഗ് പുരസ്കാർ 2002, ഗോൾഡ് സ്റ്റാർ മില്ലനിയം അവാർഡ്, ബെസ്റ്റ് സിറ്റിസൺ ഓഫ് ഇൻഡ്യാ അവാർഡ് 1998, ഭാരത വികാസ് എക്സലന്റ്സ് അവാർഡ് 1997, ഭാരതീയ വ്യവസായ വകുപ്പിന്റെ 1997ലെ ദേശീയ അവാർഡ് തുടങ്ങിയ ഒട്ടനവധി അംഗീകാരങ്ങൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. 2010 ഏപ്രിൽ 7-ാം തീയതി രാജ്യം പത്മശ്രീ നല്കി അദ്ദേഹത്തിന്റെ വ്യവസായ-സാമൂഹ്യ-സേവനങ്ങളെ ആദരിക്കുന്നു.

അദ്ദേഹത്തിന്റെ കർമ്മപഥത്തിൽ പിൻതാങ്ങായി നില്ക്കുന്നത് സഹധർമ്മിണി സുജാതയാണ്. രണ്ട് മക്കൾ: ദിവ്യയും, ധന്യയും. ദിവ്യ വിവാഹിതയാണ്. രതീഷ് മാത്യുവാണ് ഭർത്താവ്. ധന്യ എം.ബി.എ. വിദ്യാർത്ഥിനിയാണ്.

പത്മശ്രീ കുര്യൻ മേളാംപറമ്പിലിന് മലങ്കരസഭയുടെ അനുമോദനങ്ങൾ.

**– ഫാ. യൂഹാനോൻ ജോൺ**




## മദ്ധ്യവയസ്ക്കരുടെ

# എസ്.എം.എസ്.

പള്ളിയിൽ ഫാ. പത്രോസ് എന്നു പേരുള്ള അച്ചൻ പ്രസംഗിച്ചുകൊണ്ടിരിക്കുക ആയിരുന്നു. അന്നേരം ആണ് വളരെ ഉച്ചത്തിൽ സംസാരിക്കുന്ന ഒരു സ്ത്രീയെ ശ്രദ്ധയിൽപ്പെട്ടത്. ആ സ്ത്രീയുടെ പേര് അന്നാമ്മ എന്നായിരുന്നു. എല്ലാം കഴിഞ്ഞ് അച്ചൻ അവരെ അടുത്തേക്ക് വിളിച്ചു.

അച്ചൻ : അന്നാമ്മോ, ഞാൻ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ നിങ്ങൾ എന്തെടുക്കുകയായിരുന്നു?

സ്ത്രീ : എനിക്ക് ഒരു ചൂടുള്ള എസ്എം.എസ്. കിട്ടി.

അച്ചൻ : എസ്.എം.എസോ?

സ്ത്രീ : അതെ, short message service

അച്ചൻ : എസ്.എം.എസ്. എന്തായിരുന്നു?


സ്ത്രീ : അതൊരു രസകരമായ എസ്.എം.എസ്.



വരക്കളരി



എബിൻ ഒ. വിൽസൺ, പറന്തൽ



കവിത

# മരിച്ചുകൊണ്ടിരിക്കുന്ന സ്നേഹം



അങ്ങ് ദൂരെ സൂര്യോദയദിക്കിൽ
ഉണങ്ങി നിൽക്കുമാ മാമരകൊമ്പിൽ
കണ്ടു ഞാൻ രണ്ടിണ പക്ഷികളെ
തഴുകിതലോടുമാ ഇളം കാറ്റിൽ
മന്ത്രിക്കുന്നവർ പരസ്പരം
ജീവിതത്തിൽ വിജയഗാഥകളോ
പരാജയത്തിൻ ദുഖധ്വനികളോ
എന്തെന്നറിയില്ലെനിക്ക്
എങ്കിലും കണ്ടു ഞാനാ മുഖങ്ങളിൽ



ആയിരുന്നു.

അച്ചൻ : ഒന്നു മൂളീയിട്ട്, രസകരമായ എസ്.എം.എസോ!!

സ്ത്രീ : അതേ, Nancy എന്ന പെൺകുട്ടിയുടെ ഒളിച്ചോട്ടത്തെക്കുറിച്ചായിരുന്നു.

അച്ചൻ : എന്റേശുവേ! ഇതാരാ ഈ എസ്.എം.എസ്. അയച്ചത്?

സ്ത്രീ : ഇത് susanna അയച്ചതന്നതാണ്.

അച്ചൻ : എന്ത് എന്റെ മരുമകളോ?

സ്ത്രീ : അച്ചാ!! അച്ചന്റെ പ്രസംഗം ഭയങ്കര കത്തിയാ. അച്ചന്റെ മരുമകൾ തന്നതുപോലുള്ള നല്ല വാർത്തകൾ അച്ചനും തന്നൂടെ.

അച്ചൻ : ഹോ, ഇതൊരു short message service അല്ല പരദൂഷണ service ആണ് ie Slander Message service (SMS)

**- Steffin Ann Jacob, Punalur**

## കുട്ടിത്തമാശ

*സണ്ടേസ്ക്കൂളിലിരുന്നു അടക്കം പറഞ്ഞ കുട്ടികളെ കയ്യോടെ പിടിച്ച അധ്യാപിക ദേഷ്യത്തോടെ...*

- എന്താടി അടക്കം പറഞ്ഞത്...
- ടീച്ചർമാർ അടക്കം പറഞ്ഞതിന്റെ ബാക്കി എന്താന്നു ചിന്തിക്കുകയായിരുന്നു...
- എന്തു പറഞ്ഞതിന്റെ
- നമ്മുടെ ഹെഡ്മിസ്ട്രസിന്റെ സാരിയെപ്പറ്റി... ടീച്ചറല്ലേ പറഞ്ഞിട്ടുള്ളത്. അദ്ധ്യാപക പറയുന്നത് ശ്രദ്ധിച്ചു കേൾക്കണമെന്ന്...
- അങ്ങനെ കിട്ടിയതാ!!!

## വചനപാത...

അപ്പന് മക്കളോട് കരുണ തോന്നുന്നതു പോലെ യഹോവയ്ക്ക് തന്റെ ഭക്തന്മാരോട് കരുണ തോന്നുന്നു. (സങ്കീ. 23:1)



ജെയ്നു അലക്സ്, നാലാഞ്ചിറ

കവിത

# യേശുവേ നാഥാ

യേശുവേ നാഥാ..... ഹാലേലൂയ്യാ പാടീടാം ഞാൻ
എനിക്കെന്നെന്നും നിൻ സ്നേഹം മാത്രം മതി.

നാഥാ നീ എന്നെ സൃഷ്ടിച്ചപ്പോൾ
നിൻ ശ്വാസവും നിൻ സ്പർശവും
ഞാനനുഭവിച്ചു.

ഇനിയീ സൗഭാഗം അനുഭവിക്കാൻ
നീയെൻ അരികിൽ വരുമോ നാഥാ...

നിൻ വരവിൻ കാലൊച്ച കേൾപ്പാൻ
ഞാനെന്നെന്നും കാതോർത്തിരിക്കും.

കോഴി തൻ കുഞ്ഞിനെ ചിറകിൻ കീഴിൽ
ചേർക്കും പോലെ
നീ എന്നെ നിൻ അരിയാത്തു ചേർക്കേണണേ.

എൻ സന്തോഷം – നിൻ സാനിധ്യം മാത്രം
നാഥാ.... എൻ ദുഃഖമകറ്റാൻ നീയെൻ

അരികിൽ വരേണമേ. യേശുവേ നാഥാ...
നീ മാത്രമെൻ സന്തോഷം നാഥാ...
നീ മാത്രം

***ആൻസി ദാസ്, മണപ്പള്ളി***

മതിക്കുന്നവർ പരസ്പരം
ജീവിതത്തിൽ വിജയഗാഥകളോ
പരാജയത്തിൻ ദുഖധ്വനികളോ
എന്തെന്നറിയില്ലെനിക്ക്
എങ്കിലും കണ്ടു ഞാനാ മുഖങ്ങളിൽ
തെളിഞ്ഞു നിൽക്കും പുഞ്ചിരികൾ
പരസ്പരം വാക്കുകൊണ്ടും
മനസുകൊണ്ടും ക്ഷമിക്കുന്നവർ
ആകാശത്തിലെ പക്ഷികൾക്കു പോലും
പവിത്രമാകും ഈ സ്നേഹം ഇന്നെവിടെ?
ആരും കൊലകളും ചോരത്തളങ്ങളും
കാണാതെ കണ്ണിറുക്കുന്നു ആകാശ വിതാനം.
ഇന്നു സ്നേഹിക്കുന്ന ഇരുദ്ദേഹങ്ങൾ
നാളെ പരസ്പരം മുഖം മറയ്ക്കുന്ന ശത്രുക്കൾ
ഇവിടെയാണോ ഇന്നത്തെ സ്നേഹം?
മുൻ തലമുറയിൻ ശക്തികൾ വസിക്കും
വൃദ്ധസദനത്തിലോ ഈ സ്നേഹം?
അവസാനിക്കുന്നു പല കുടുംബങ്ങളും
കോടതി മുറിക്കുള്ളിൽ
കത്തിജ്വലിക്കുന്നവർ മനസിനെ
കീറിമുറിക്കുന്നവർ മനസിനെ
പരസ്പരം വാക്കുകളാൽ
ഇവിടെയും തേടുന്നു ഞാൻ
സ്നേഹത്തിൻ പ്രസക്തി.

പെട്ടന്നോർത്തു ഞാൻ
ജീവനായി കേഴുന്ന ഭൂമിയെ
കോടാനുകോടി കല്പാദവും
അംബരചുംബി കെട്ടിടവും
ചുമക്കുന്ന ഈ മാതാവിനെ
ഭാരം താങ്ങാൻ ശക്തിയില്ല
എങ്കിലും ക്ഷമിക്കുന്നു
സ്നേഹിക്കുന്നു മാനവരെ
പരസ്പരം മല്ലടിക്കുന്ന മനുജർക്ക്
നൽകുന്ന ഭക്ഷണം സസ്യങ്ങൾ
ഇവിടെയും തെളിയുന്ന സ്നേഹം
മാലിന്യങ്ങൾ നിക്ഷേപിച്ച്
ഈ സ്നേഹത്തിന് പകരം വീട്ടുന്നു നാം
എന്തിന്? പ്രകൃതിപോലും പവിത്രമായി
കാണും ഈ സ്നേഹത്തെ നാം
കൊല്ലുന്നു?

**-Sincy Kuttiyani**



Women Zone

# വനിതാസഭ

പ്രൊഫ. മേരി കുര്യൻ

*"ഇതാകുന്നുവോ ഉപവാസം? ഇതിനോ നോമ്പെന്നും... പറയുന്നത്? അന്യായ ബന്ധനങ്ങളെ അഴിക്കുക... പീഡിതരെ സ്വതന്ത്രമായി വിട്ടയ്ക്കുക... എല്ലാ നുകത്തെയും തകർക്കുക.... ഇതല്ലോ എനിക്കിഷ്ടമുള്ള ഉപവാസം." (യശയ്യാ 58:5,6)*

# നൊമ്പരപ്പെടുന്നതാണ് നോമ്പ്

രക്ഷാകരമായ കഷ്ടാനുഭവ വാരം നാം പിന്നിട്ടു. ഉയിർപ്പു കൊണ്ടാടുകയാണ്. കഷ്ടാനുഭവത്തിലും ഉയിർപ്പിലും യേശുവിന്റെ കൂടെ യാത്ര ചെയ്ത ഒരുപറ്റം സ്ത്രീ രത്നങ്ങളുണ്ട്. യേശുവിനെ പിൻപറ്റിയ ഈ ധീരവനിതകളിൽ പലരും നമുക്ക് സുപരിചിതരാണ്: അവന്റെ അമ്മ, അമ്മയുടെ സഹോദരി, മഗ്ദല മറിയം, സലോമി, യോഹന്നാ, യോസയുടെ അമ്മ മറിയം, സൂസന്ന, ക്ലെയോഫാവിന്റെ ഭാര്യ മറിയം തുടങ്ങിയവർ.

ഈ ധീരവനിതകളുടെ സഞ്ചാര വഴികൾ നമുക്കിന്ന് തേടിപ്പോവാം. ധ്യാനിക്കാം. രണ്ടു സഹസ്രാബ്ദങ്ങൾക്കു ശേഷം, അവർ സമകാലീക സമൂഹത്തിന് നല്കുന്ന ജീവിത പാഠങ്ങൾ എന്തെന്ന് നോക്കാം.

**I. ഈ സ്ത്രീരത്നങ്ങളുടെ സഞ്ചാരവഴികൾ**

*a) കാൽവരിയാത്രയിൽ യേശുവിനെ പിൻതുടർന്ന യരുശലേം പുത്രിമാർ: (ലൂക്കോ. 23:27, മത്താ. 27:34)*

സ്ത്രീകളുടെ ഒരു വലിയ സമൂഹം അവനോടൊപ്പമുണ്ടായിരുന്നു. ക്രിസ്തുവിനുവേണ്ടി അലമുറയിട്ടു കരയുന്ന സ്ത്രീകൾ. കുരിശും പേറി പരിക്ഷീണനായി കാൽവരി കുന്നിലെത്തിയ ക്രിസ്തുവിന്, ക്രൂശീകരണ സമയത്തു വേദന അറിയാതിരിപ്പാൻ കയ്പുകലർത്തിയ പുളിവീഞ്ഞ് അവർ കുടിപ്പാൻ കൊടുത്തു. യരുശലേമിലെ ധനിക വനിതകൾ നടത്തിപ്പോന്ന ഒരു ജീവകാരുണ്യ പ്രവർത്തനമായിരുന്നു ഇത്. കൊലക്കളത്തിലേക്കു കുരിശിപ്പാൻ കൊണ്ടു പോകുന്ന എല്ലാ കുറ്റക്കാർക്കും അവർ ഇത് നല്കിപ്പോന്നു. കുരിശുംപേറി ക്രിസ്തുവിനോടൊപ്പം നടന്ന മറ്റു രണ്ടുപേരും ഈ പാനോപഹാരം സ്വീകരിച്ചു. രുചിച്ചു നോക്കിയാറെ ഈ പാനീയം, കുടിപ്പാൻ യേശുവിന് മനസ്സു വന്നില്ല.

*b) കുരിശിന്റെ ചുവട്ടിലെ വനിതകൾ*

(മർക്കോ. 15:40, യോഹ. 19:26)

കുരിശിന്റെ ചുവട്ടിലെത്തിയപ്പോഴും ഒരു വലിയ സംഘം വനിതകൾ അവനോടൊപ്പമുണ്ടായിരുന്നു. ക്രൂശിൽ തല ചായ്ച് ജീവൻ വെടിയും മുൻപ്, സ്നേഹ ധനയായ തന്റെ അമ്മയെ, യേശു യോഹന്നാനെ ഏല്പിച്ചു. അന്നു മുതൽ അവൻ അവളെ സ്വന്തം ഭവനത്തിൽ സ്വീകരിച്ചു.

*c) യേശുവിന്റെ ഉയിർപ്പ് ദർശിച്ച മഹതികൾ (മത്താ. 28:10, യോഹ. 20:18)*

ക്രൈസ്തവ സഭയുടെ അടിസ്ഥാനം ക്രിസ്തുവിന്റെ ഉത്ഥാനമാണ്. ഇതിന് ആദ്യം സാക്ഷ്യം വഹിച്ചതും തന്റെ സ്ത്രീ ശിഷ്യകളായിരുന്നു. ശാബതു കഴിഞ്ഞ ഉടൻ സുഗന്ധ ദ്രവ്യങ്ങളുമായവർ ക്രിസ്തുവിന്റെ ശവകുടീരത്തിലെത്തി. ഉയർപ്പിനവർ സാക്ഷികളായി. മഹാസന്തോഷത്തോടെ ഈ സുവാർത്ത ശിഷ്യരെ അവർ അറിയിച്ചു. എതിരെ വന്ന ഉത്ഥിതനായ ക്രിസ്തുവിന്റെ പാദം തൊട്ട് അവർ വന്ദനം ചൊല്ലി.

**II. ഈ മഹിളാ രത്നങ്ങൾ നമുക്കു നല്കുന്ന ജീവിത പാഠങ്ങൾ.**

ക്രിസ്തു ശിഷ്യരായ ഈ ഊയിർപ്പു സാക്ഷികൾ, ഇന്ന് നമ്മുടെ മനസ്സിൽ ഉണർത്തുന്ന കുറെ ധ്യാന ചിന്തകളുണ്ട്. ഇനി, അവയെന്തെന്നു നോക്കാം.


*a) ആ ധീരവനിതകളുടെ പിൻമുറക്കാരാണ് നാം.*

അവരുടെ ക്രിസ്തുവിലുള്ള വിശ്വാസ ദാർഢ്യം പുലർത്തിപ്പോരാൻ ഇന്നു നമുക്കു കഴിയുന്നുണ്ടോ? ക്രിസ്തു ശിഷ്യനായ തോമ്മാ ശ്ലീഹാ സ്ഥാപിച്ച, അതിപുരാതന സഭയിലെ അംഗങ്ങളാണ് നാം. വാഗ്‌വിലാസമുള്ള ഉപദേശിമാരുടെ കൂടാരങ്ങളിൽ ആദ്യം ചെന്നെത്തുന്നത്, നമ്മൾ, വീട്ടമ്മമാരല്ലേ? ശാപം, ബന്ധനം, കടബാദ്ധ്യത, ചാവുദോഷം, ഭൂതാവേശം, എന്തെല്ലാം ചതിക്കുഴികളിലാണ് നാം നിപതിക്കുന്നത്. ഒരു വീട്ടിൽ തന്നെ രണ്ടും മൂന്നു സഭകൾ സൃഷ്ടിച്ച് കുടുംബ ഭദ്രത തകർക്കുന്നത് നാമല്ലേ? രക്ഷകനായ ക്രിസ്തുവാണോ, അതോ വ്യക്തിഗതമായ ഈ കൂട്ടായ്മകളാണോ ഇന്ന് നമുക്കു മുഖ്യം. ക്രിസ്തുവിന്റെ ഉയിർപ്പിനു സാക്ഷികളായ

ശേഷം 41-ാം പേജിൽ



ഫാ. വിൽസൺ മാത്യു
(ബേസിൽ ദയറ)



# ‘A Cheerful Mind is a good medicine’

(Proverbs: 17:22)

> അനിയാ, എല്ലാക്കാര്യങ്ങളും ഓർത്ത് ഇങ്ങനെ വിഷമിക്കാതെ കുറെ മുകളിലുള്ളവനും കൊടുക്ക്. എല്ലാം നീ തന്നെ ചെയ്യാൻ ശ്രമിച്ചാൽ അദ്ദേഹത്തിന് പണിയില്ലാതെ വരുമല്ലോ?

സംതൃപ്തിദായകമായ മനസ്സും, സന്തുഷ്ടിയുള്ള മനസ്സും സ്മരണീയമാണ്. ജീവിതത്തിൽ എന്തുണ്ടെങ്കിലും അതിന് അർത്ഥവും, വ്യാപ്തിയും നല്കുന്നത് ‘ദൈവാധിഷ്ഠിതമായ സംതൃപ്തി’ എന്ന അവസ്ഥയാണ്. സംതൃപ്തിയില്ലെങ്കിൽ ജീവിതമാകമാനം നിയന്ത്രണം നഷ്ടമായ അവസ്ഥയിലായിരിക്കും. “സംതൃപ്തിരഹിതമായ ജീവിതം അനാരോഗ്യത്തിന്റെ പ്രതീകമാണ്, ദൈവനിന്ദയുടെ പ്രതീകവും.

യേശുതമ്പുരാൻ മനുഷ്യാവതാരകാലത്ത് അഞ്ചപ്പവും, രണ്ടു മീനും കൊണ്ടും, ഏഴപ്പവും, കുറെ ചെറുമീനുംകൊണ്ടും അത്ഭുതം പ്രവർത്തിച്ചു. അഞ്ചപ്പവും, രണ്ടുമീനും എടുത്തപ്പോൾ അയ്യായിരം പുരുഷന്മാരുൾപ്പെടെയുള്ള വലിയൊരു സമൂഹത്തിന് തൃപ്തിവന്നു, 12 കൊട്ട നിറച്ചെടുക്കുകയും ചെയ്തു. എന്നാൽ, ഏഴപ്പവും, കുറെ ചെറുമീനുകളും എടുത്തപ്പോൾ നാലായിരം പുരുഷന്മാരുൾപ്പെടെയുള്ള സമൂഹം ഭക്ഷിച്ചു. ശേഷിപ്പിച്ചത് 7 കൊട്ടകളും. കുറച്ചപ്പവും, മീനും എടുത്തപ്പോൾ അധികം പേർ ഭക്ഷിച്ചിട്ടും 12 കൊട്ട ശേഷിച്ചു. കൂടുതലപ്പവും, മീനും എടുത്തപ്പോൾ കുറച്ചുപേരെ ഭക്ഷിച്ചുള്ളുവെങ്കിലും ശേഷിപ്പും കുറവായിരുന്നു. ഈ സംഭവത്തിൽ സംതൃപ്തിയുടെ ഒരുതലം പ്രകടമാകുന്നു. അഞ്ചപ്പവും, രണ്ടുമീനും വാഴ്ത്തിയ അതേ കരങ്ങൾ കൊണ്ടാണ് ഏഴപ്പവും മീനുകളും വാഴ്ത്തിയത്. രണ്ടുഘട്ടത്തിലും ദൈവത്തിന്റെ ശക്തിയ്ക്കോ, കരങ്ങൾക്കോ കുറവോ, ചോർച്ചയോ വന്നില്ല. അഞ്ചപ്പവും, രണ്ടുമീനും എത്രമാത്രം വർദ്ധിച്ചിട്ടുണ്ടോ. അതിന് അനുപാതികമായി ഏഴപ്പവും, കുറെ ചെറുമീനുകളും വർദ്ധിച്ചിട്ടുണ്ട്. (അഞ്ചപ്പം ഒരു ലക്ഷമായി വർദ്ധിച്ചെങ്കിൽ ഏഴപ്പം ഒന്നേകാൽ ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്). എന്നാൽ ജനങ്ങളുടെ സംതൃപ്തിയാണ് ഇവിടെ വിഷയം. ആദ്യവിഭാഗത്തിലെ ജനങ്ങൾ തങ്ങൾക്കു ലഭിച്ചത് മിതമായി ഉപയോഗിച്ച് തൃപ്തരായെങ്കിൽ, രണ്ടാം ഘട്ടത്തിൽ അമിതമായി ഉപയോഗിച്ച് തൃപ്തിനേടുന്നു. മിതത്വത്തിലെ സംതൃപ്തി ഇവിടെ കൈമോശം വരുമ്പോൾ ശേഷിപ്പും ഭാഗികമാകുന്നു. അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ച ഒരു സമയം പണ്ടുണ്ടായിരുന്നെങ്കിൽ, അയ്യായിരം അപ്പം കൊണ്ട് അഞ്ചുപേരെ പോഷിപ്പിയ്ക്കാൻ ഇന്ന് ബുദ്ധിമുട്ടാണെന്ന് പലരും പറയുന്നത് ഈ അർത്ഥത്തിൽ പ്രസക്തമാണ്.

‘സംതൃപ്തി’ എന്നത് ദൈവിക ഗുണത്തിന്റെ ഒരു വിശേഷണമാണ്.

ശേഷം 43-ാം പേജിൽ

POLITICAL

അഡ്വ. ജെയ്സി കരിങ്ങാട്ടിൽ



# വനിതാ ബില്ലും നേതൃത്വവും



'വനിതാബില്ല്' യാഥാർത്ഥ്യമാകുമ്പോൾ ഇപ്പോഴത്തെ 11 ശതമാനത്തിന്റെ സ്ഥാനത്ത് 33 ശതമാനം സ്ത്രീകൾക്ക് ഇന്ത്യൻ പാർലമെന്റിലെത്തുവാൻ സാധിക്കും. ലോക്സഭയിൽ നിലവിലുള്ള 59 സ്ത്രീകളുടെ സ്ഥാനത്ത് 181 വനിതാ എം.പി മാരുണ്ടാകും.

വനിതാ ബില്ല് നിയമപ്രാബല്യമാകുന്നുതോടെ പുരുഷനൊപ്പം സ്ത്രീയ്ക്കും നിയമനിർമ്മാണ സഭകളിൽ പ്രാതിനിധ്യം ലഭ്യമാകും. വനിതാ എം. പി. മാർ 15–ാം ലോക്സഭയിൽ (2009–14) 59 മാത്രം. ഇത് അംഗബലത്തിന്റെ 11 ശതമാനമാണ്. ആദ്യമായാണ് ലോകസഭയിൽ സ്ത്രീ പ്രാതിനിധ്യം 50നു മുകളിൽ എത്തുന്നത്. 'വനിതാബില്ല്' യാഥാർത്ഥ്യമാകുമ്പോൾ ഇപ്പോഴത്തെ 11 ശതമാനത്തിന്റെ സ്ഥാനത്ത് 33 ശതമാനം സ്ത്രീകൾക്ക് ഇന്ത്യൻ പാർലമെന്റിലെത്തുവാൻ സാധിക്കും. ലോകസഭയിൽ നിലവിലുള്ള 59 സ്ത്രീകളുടെ സ്ഥാനത്ത് 181 വനിതാ എം. പി മാരുണ്ടാകും. വിവിധ പ്രാതിനിധ്യ സമിതികളിലും ഈ വർദ്ധനവ് ഉണ്ടാകും.

സമൂഹത്തിന്റെ മുഖ്യധാരയിൽനിന്നും സ്ത്രീകളെ ഏക്കാലത്തും ബോധപൂർവ്വം അകറ്റി നിർത്തിയിരുന്നു. സ്ത്രീകൾ സംഘടിക്കുകയും സേവനവേതന വ്യവസ്ഥകൾ ആവശ്യപ്പെടുകയും ചെയ്തതോടെ സ്ത്രീ മുന്നേറ്റത്തിന് പ്രാരംഭമായി. 1910 ൽ കോപ്പൻ ഹേഗനിൽ നടന്ന സോഷ്യലിസ്റ്റ് വനിതാ സമ്മേളനം മാർച്ച് 8 സർവ്വദ്ദേശീയ വനിതാ ദിനമായി ആചരിക്കുവാൻ തീരുമാനിച്ചു. 1975 വനിതാ വർഷമായി ഐക്യരാഷ്ട്രസംഘടന ആചരിച്ചതുമുതൽ വനിതാദിനം ഔദ്യോഗികമായി. 1975 മുതൽ ഇന്ത്യയിൽ വനിതാ സംവരണം എന്ന ആശയത്തിന് പ്രചാരം വർദ്ധിച്ചു.

അന്താരാഷ്ട്ര വനിതാ ദിനത്തിന്റെ ശതാബ്ദിയോടനുബന്ധിച്ചാണ് (1910–2010) ഇന്ത്യയിൽ വനിതാബില്ല് രാജ്യസഭ പാസ്സാക്കിയത്. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ച് 63 വർഷം കാത്തിരിക്കേണ്ടിവന്നു പാർലമെന്റിലേക്ക് 33 ശതമാനം വനിതകൾ എത്തുവാൻ (ഇനിയും എത്രയോ കടമ്പകൾ....?)

81–ാം ഭരണഘടനാ ഭേദഗതിയായി 1996 ലാണ് വനിതാ സംവരണബിൽ ആദ്യമായി പാർലമെന്റിൽ അവതരിപ്പിക്കുന്നത്. രാഷ്ട്രീയ അനിശ്ചിതത്വത്തിൽ വനിതാബില്ല് നീണ്ടുപോയി. 2010ൽ വനിതാബില്ല് 108–ാം ഭരണഘടനാ ഭേദഗതിയായി അവതരിപ്പിച്ചു. ഇന്ത്യയിലെ പ്രമുഖ രാഷ്ട്രീയ പ്രസ്ഥാനങ്ങളായ കോൺഗ്രസ്സും, ബി. ജെ. പിയും ഇടതുപക്ഷപാർട്ടികളും വനിതാബില്ലിനെ പിന്തുണച്ചു. ചെറുകിട പാർട്ടികളുടെ കോലാഹലമാണ് വനിതാ ബില്ല് അട്ടിമറിക്കുന്നത്.

1992ൽ പഞ്ചായത്ത് രാജ് ഭരണസമിതികളിൽ 33 ശതമാനം വനിതാ സംവരണം ഏർപ്പെടുത്തിക്കൊണ്ട് 73, 74 ഭരണഘടനാ ഭേദഗതികൾ പാർലമെന്റ് പാസ്സാക്കി. ഇതിൻപ്രകാരം ഇന്ത്യയിലെ ത്രിതല പഞ്ചായത്തുകളിൽ ഇപ്പോൾ 33ലധികം ശതമാനം സ്ത്രീകൾ ഭരണസമിതികളിൽ കർമ്മനിരതരാണ്.

വനിതാബിൽ യാഥാർത്ഥ്യമാകുമ്പോൾ നിയമം മൂലം പാർലമെന്റിൽ വനിതാസംവരണം ഏർപ്പെടുത്തിയ 40 രാജ്യങ്ങളുടെ ഗണത്തിലേക്ക് ഇന്ത്യയും എത്തിച്ചേരും. 50 രാജ്യങ്ങളിലെ മുഖ്യ രാഷ്ട്രീയ പാർട്ടികൾ, പാർട്ടി നിയമാവലിയിൽ സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്. ബ്രിട്ടനും ജർമ്മനിയും ഉൾപ്പെടെ 14 യൂറോപ്യൻ രാജ്യങ്ങളിൽ രാഷ്ട്രീയ പാർട്ടികൾ സ്വമേധയാ നിശ്ചിത ശതമാനം വനിതകളെ സ്ഥാനാർത്ഥികൾ ആക്കുന്നു.

ഇന്ത്യയിൽ വനിതാബില്ല് നിലവിൽ വരുന്നത് എന്തുകൊണ്ടാണ്? സ്ത്രീകളെ പരമ്പരാഗതമായി രാഷ്ട്രീയ പാർട്ടികൾ അധികാരകേന്ദ്രത്തിൽ നിന്നും പുറന്തള്ളിയതിനാലും രാഷ്ട്രീയരംഗത്ത് സ്ത്രീകൾ സ്വയം

മുന്നോട്ട് വരാതിരുന്നതിനാലുമാണ്. വനിതാ പ്രാതിനിധ്യം നിയമം മൂലം ഉറപ്പിക്കുന്നതോടെ സ്ത്രീകൾ രാഷ്ട്രീയരംഗത്ത് സജ്ജീവരാകും. സ്ത്രീശക്തീകരണത്തിന്റെ വാതായാനങ്ങൾ വിശാലമാകും. സാമൂഹികമായും രാഷ്ട്രീയമായും മതപരമായും സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് ഒരളവുവരെ പരിഹാരമാകും. സ്ത്രീകൾക്ക് എതിരെയുള്ള പീഡനവും അതിക്രമവും നിയന്ത്രിക്കപ്പെടേണ്ടതല്ലേ? സ്ത്രീകളുടെ അവകാശധ്വംസനങ്ങളും പ്രാതിനിധ്യ നിഷേധവും പരിഹരിക്കപ്പെടണം. സ്ത്രീകൾക്ക് നിയമപരമായും സാമൂഹികമായും പരമാവധി നീതി ഉറപ്പാക്കുവാൻ ഇത്തരം പ്രാതിനിധ്യം സഹായകരമാകും.

വനിതാസംവരണം പ്രാബല്യത്തിലാകുമ്പോൾ ലോകസഭയിൽ 181 വനിതകൾ. ഇനിയും 28 നിയമ സഭകളിലെ 4109 എം. എൽ. എ മാരിൽ 1370 പേർ വനിതകളായിരിക്കും. വനിതാ പ്രാതിനിധ്യം പതിന്മടങ്ങ് വർദ്ധിക്കുകയാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 30 ശതമാനം വനിതാ സംവരണം ഇപ്പോൾ 50 ശതമാനമായി ഉയർന്നു. നിയമനിർമ്മാണ സഭകളിലെ വനിതാ പ്രാതിനിധ്യത്തിന്റെ വർദ്ധനവ് നിയമം മൂലം ഉറപ്പിക്കുന്നു!

'വനിതാബില്ല്' യാഥാർത്ഥ്യമാകുന്നതോടെ ഇന്ത്യൻ രാഷ്ട്രീയത്തിന് പുതിയ ദിശാബോധം ഉണ്ടാകുകയാണ്. വർഷങ്ങളായി പുരുഷന്മാർ കീഴടക്കിയിരുന്ന മണ്ഡലങ്ങൾ ഇതോടെ കൈവിടും. ഒരു മണ്ഡലവും സ്ത്രീയുടെയും പുരുഷന്റെയും കുത്തകയായി കാത്തുസൂക്ഷിക്കുവാൻ കഴിയുകയില്ല. വനിതാസംവരണം മണ്ഡലങ്ങളിൽ ചാക്രിക അടിസ്ഥാനത്തിലാണ് (rotation basis) ക്രമപ്പെടുത്തിയിരിക്കുന്നത്. പൊതുവിഭാഗത്തിലും (General Seat) സ്ത്രീകൾക്ക് മത്സരിക്കാം. ഇതോടെ സ്ത്രീകളുടെ പ്രാതിനിധ്യം 33 ശതമാനത്തിലധികമാകും. ത്രിതല പഞ്ചായത്തിൽ 50 ശതമാനത്തിൽ അധികവും! എന്നാൽ ഇത്തരം രാഷ്ട്രീയ പ്രവേശനത്തിന് കരുത്തുറ്റ സ്ത്രീകളുടെ ഒരു നിരതന്നെ ഉണ്ടാകണം. അതിന് രാഷ്ട്രീയ പാർട്ടികളും മതസാമൂഹിക സംഘടനകളും ബോധപൂർവ്വം ശ്രമിച്ചെങ്കിലേ സാധിക്കൂ. സ്ത്രീകളുടെ സാന്നിദ്ധ്യവും നേതൃത്വവും അനിവാര്യമാണെന്ന് എല്ലാ മുഖ്യ രാഷ്ട്രീയ കക്ഷികളും തിരിച്ചറിഞ്ഞത് ഒരു ശുഭ പ്രതീക്ഷയത്രേ.

വനിതാബില്ലിൽ ലഭ്യമാകുന്ന പ്രാതിനിധ്യം ഓർത്തഡോക്സ് സഭയിലെ സ്ത്രീകൾക്കും ലഭ്യമാകേണ്ടതല്ലേ?

സ്ത്രീകളുടെ പ്രാതിനിധ്യത്തെക്കുറിച്ച് മലങ്കര ഓർത്തഡോക്സ് സഭയിൽ വളരെ സുപ്രധാനമായ തീരുമാനങ്ങൾ ഉണ്ടായത് ശ്രദ്ധേയമാണ്. സഭയിൽ സ്ത്രീകൾക്ക് പങ്കാളിത്തവും പ്രാതിനിധ്യവും അനിവാര്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ പരി. സുന്നഹദോസിന്റെ നിശ്ചയപ്രകാരം പരി. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവായുടെ 2008 ലെ 266–ാം നമ്പർ കല്പന "ഇടവകപൊതുയോഗത്തിൽ സ്ത്രീകൾക്ക് അഭിപ്രായ സ്വാതന്ത്ര്യവും ഇടവകയിലെ ഉപസമിതികളിൽ സ്ത്രീകളെ അംഗങ്ങൾ ആക്കാവുന്നതുമാണെന്ന പ്രഖ്യാപനം സ്ത്രീ പ്രാതിനിധ്യത്തിന് വിശാലമായ മാർഗ്ഗം പകർന്നിരിക്കുകയാണ്. എന്നാൽ എത്ര സ്ത്രീകൾക്ക് ഇടവക പൊതുയോഗത്തിൽ പങ്കുചേരുവാൻ കഴിയുന്നു. പരി. ബാവായുടെ കല്പന ഉണ്ടായിട്ടും വനിതകളെ പങ്കെടുപ്പിക്കാതെ(?) ഇടവകപൊതുയോഗം നടത്തുന്ന എത്രയോ ഇടവകകൾ ഉണ്ട്.

പരി. ബാവായുടെ കല്പന പരസ്യമായി നിഷേധിക്കുന്ന ഇടവകകൾക്ക് എതിരെ പരാതിപ്പെടുവാനോ പ്രതിഷേധിക്കുവാനോ നമ്മുടെ സ്ത്രീകളോ സ്ത്രീ സമാജസമിതികളോ തയ്യാറല്ല. രാഷ്ട്രീയത്തിലും സഭയിലും മറ്റും സ്ത്രീകൾക്ക് ലഭ്യമാക്കേണ്ട പ്രാതിനിധ്യത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും സഭാ നേതൃത്വം ജനങ്ങളെ ബോധ്യപ്പെടുത്തിയിട്ടുമില്ല. സഭയിൽ സ്ത്രീകൾക്ക് ലഭ്യമാക്കേണ്ട സ്ഥാനത്തെക്കുറിച്ച് ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസ് പറയുന്നത് ശ്രദ്ധേയമാണ്: 'സ്ത്രീകൾക്ക് പുരുഷന്മാരോട് തുല്യമായ സ്ഥാനമാണ് കർതൃശരീരത്തിലുള്ളത്... സഭാഭരണത്തിലും ഉപദേശത്തിലും സ്ത്രീകൾക്കുള്ള പങ്ക് സാമൂഹിക വ്യവസ്ഥിതി മാറുന്നതനുസരിച്ച് വ്യത്യാസപ്പെട്ടിരുന്നു. അതിനാൽ ഇന്നത്തെ സാമൂഹിക വ്യവസ്ഥിതി മാറുന്നതനുസരിച്ച് വ്യത്യാസങ്ങൾ വരുത്തുവാൻ സഭയ്ക്ക് അവകാശമുണ്ട്'. (സഭയും സ്ത്രീകളും, എം. ഒ. സി, 2009, പേജ് 30).

ഇടവക പൊതുയോഗത്തിൽ സ്ത്രീപങ്കാളിത്തം പരി. ബാവാതിരുമേനി കല്പന മൂലം നടപ്പാക്കിയിട്ടും നമ്മുടെ സ്ത്രീകൾക്ക് ഇതിൽ വലിയ താല്പര്യമില്ല. ഈ പ്രവണത തന്നെയാവും 'വനിതാ സംവരണ ബില്ലിനോടും' നമ്മുടെ സ്ത്രീകൾ പുലർത്തുന്നത്. വിവിധ രാഷ്ട്രീയ പാർട്ടികൾ നമ്മുടെ സ്ത്രീകൾക്ക് പ്രാതിനിധ്യം നൽകുവാൻ താല്പര്യം പ്രകടിപ്പിച്ചാലും എത്ര സ്ത്രീകളെ സ്ഥാനാർത്ഥികളായി ചൂണ്ടിക്കാണിക്കുവാനുണ്ട് (പുരുഷന്മാരും ഇല്ല എന്നാണ് പ്രമുഖ രാഷ്ട്രീയ പാർട്ടിക്കാർ പറയുന്നത്). സഭയിലെ സ്ത്രീസമിതികൾ വഴി എത്ര സ്ത്രീകൾ സഭയുടെ കേന്ദ്രതല പ്രവർത്തനങ്ങളിൽ പങ്കുചേർന്നിട്ടുണ്ട്? രാഷ്ട്രീയ സാമൂഹിക സഭാരംഗത്ത് നമ്മുടെ സ്ത്രീകളുടെ സാന്നിദ്ധ്യം എങ്ങനെയാണ്?

> ” പരി. ബാവായുടെ കല്പന ഉണ്ടായിട്ടും വനിതകളെ പങ്കെടുപ്പിക്കാതെ(?) ഇടവക പൊതുയോഗം നടത്തുന്ന എത്രയോ ഇടവകകൾ ഉണ്ട്.

സ്ത്രീകളുടെ ശക്തീകരണത്തിനും രാഷ്ട്രീയ പ്രവേശനത്തിനുമായി സഭ കേന്ദ്രീകൃതമായി ബോധന ശില്പശാലകളും പ്രബോധന നേതൃത്വപഠനശിബിരങ്ങളും സംഘടിപ്പിക്കണം. അടുത്തുവരുന്ന വിവിധ തെരഞ്ഞെടുപ്പുകളിൽ സഭയിലെ സ്ത്രീകളുടെ പങ്കാളിത്തവും പ്രാതിനിധ്യവും ഉറപ്പാക്കുവാൻ എന്തെങ്കിലും ചെയ്യേണ്ടേ?

വിവിധ എക്യുമെനിക്കൽ സഭാസമിതികളിലും രാഷ്ട്രീയ സാമൂഹിക സാംസ്കാരിക സംഘടനകളിലും നമ്മുടെ വനിതകളുടെ പ്രാതിനിധ്യം വിരളമാണ്. വനിതാ ബില്ലിന്റെ പശ്ചാത്തലത്തിൽ മലങ്കര ഓർത്തോഡ്ക്സ് സഭയിലെ വനിതകളുടെ ശക്തമായ മുന്നേറ്റത്തിന് ആർക്ക് എന്തുചെയ്യുവാൻ കഴിയും? ചർച്ചകളും വിശകലനങ്ങളും നിർദ്ദേശങ്ങളും അനിവാര്യമാണ്!

**(യുവജനപ്രസ്ഥാനം കേന്ദ്രസെക്രട്ടറിയാണ് ലേഖിക)** ■

## പാവനസ്മരണയ്ക്കു മുമ്പിൽ

# ആദരാഞ്ജലികൾ



**ഒരു വിശ്വാസി**




## BRIDE GROOM WANTED

Orthodox Parents invite proposals for their daughter 25/165 cms. Ayurveda Doctor doing House Surgency.

Contact:-

**Ph: 0479-2332169**
**9496828083**

## BRIDEGROOM WANTED

Orthodox parents presently working in Hyderabad invites proposal for their daughter BSc. (Nursing) 162/24 years, working in a reputed Hospital at Indore, from parents of Professional/Graduate God fearing boys from Orthodox working in India or abroad with clean habits.

**E-mail: tv_abh@yahoo.com**
**Ph: 09989235507 / 08106582623**

## BRIDEGROOMWANTED

**Re-Marriage**

Well Settled Orthodox Parents from Mangalore invite proposals for thier daughter (30/157) medium, MA, B.Ed., working as teacher from parents of professionally qualified boys.

**Ph: 09611637304**

## BRIDE WANTED

35 വയസ്സുള്ള ഓർത്തഡോക്സ് യുവാവ് ITI, സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. അനുയോജ്യമായ വിവാഹ ആലോചനകൾ ക്ഷണിച്ചുകൊള്ളുന്നു. സാമ്പത്തികം പ്രശ്നമല്ല.

**Contact No.-**
**9495823163**

*For Favours Received*





ഒരു വിശ്വാസി



ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

# സമ്യഗ് ദർശനം

Bonsai ബോൺസായ് എന്നത് ജാപ്പനീസ് വാക്കാണ്. അർത്ഥം 'Tray Cultivation.' 'പൂന്തോട്ട സങ്കല്പങ്ങളിലെ കുഞ്ഞൻ വൃക്ഷങ്ങൾ'. വടവൃക്ഷങ്ങളായി അറിയപ്പെടുന്നവയുടെ വേരുകൾ മുറിച്ചുമാറ്റി ശാഖകൾ മുറിച്ചു മാറ്റി ചെറിയ പ്രതലങ്ങൾ മാറ്റിമാറ്റി അവയുടെ വളർച്ച മുരടിപ്പിച്ചുകൊണ്ട് ഇരിക്കുക. അതിനെ അതിജീവിക്കുന്ന ശാഖകളെ വരിഞ്ഞു മുറുക്കി ബന്ധനത്തിലാക്കുക. ഇത് രോഗാതുരമായ ഉത്തരാധുനീക കാലഘട്ടത്തിന്റെ കാഴ്ചയാണ്. താങ്ങാകുന്ന തണലാകുന്ന വടവൃക്ഷങ്ങൾ നമുക്ക് വേണ്ടായെന്ന് സങ്കല്പിക്കുന്നത് ആപൽക്കരമാണ്. അവയുടെ നാരായ വേരുകൾ അറുത്തുമാറ്റുന്നത് നമ്മുടെ വീഴ്ചയുടെ ആക്കം കൂട്ടുകയുള്ളു. അവയുടെ ശാഖകൾ നഷ്ടപ്പെടുന്നിടത്ത് തണൽ തേടി അലയുന്ന ഒരു തലമുറ സൃഷ്ടിക്കപ്പെടുന്നു.

ജനിച്ച കുഞ്ഞിനെ വീണ്ടും തങ്ങളുടെ സ്വപ്നങ്ങളുടെ ഉദരത്തിലിട്ടു വളർത്തുന്ന മാതാപിതാക്കൾ ഒരു ബോൺസായി മാതൃകയാണ്. പരിധികൾ ലംഘിക്കുന്നതിന് വിലക്ക് നിലനിർത്തുന്ന ആശയ ലോകവും സംഘടനാ പ്രവർത്തനവും ബോൺസായി മാതൃകയാണ്. ന്യായപ്രമാണം നിർജ്ജീവമാകുന്നിടത്ത് ബോൺസായി രൂപപ്പെടുന്നു. ന്യായപ്രമാണം നിവൃത്തിക്കപ്പെട്ട് സജീവമാകുന്നിടത്തേക്ക് ഒരു വടവൃക്ഷം രൂപപ്പെടുന്നു. യേശു ജീവന്റെ വൃക്ഷവും വൃക്ഷഫലവുമാണ്. ഈ വൃക്ഷവും വൃക്ഷഫലവും സ്വകാര്യ അലങ്കാരവും അഹങ്കാരവുമാകുന്നിടത്ത് ഒരു ബോൺസായി രൂപപ്പെടുന്നു. വടവൃക്ഷമെപ്പോഴും നേടുന്നതിനേക്കാൾ നൽകിക്കൊണ്ടിരിക്കുന്നതാണ് പഠിപ്പിക്കുന്നത്. കീഴടക്കുന്നതിനേക്കാൾ കീഴ്‌വഴങ്ങുന്നതാണ് പാലിക്കുന്നത്. ക്രൂരത നഷ്ടപ്പെട്ടിടത്ത് ശാന്തത കൈവരിക്കുന്നതാണ്. വടവൃക്ഷമാകാൻ വിളിക്കപ്പെട്ടവൻ ബോൺസായി മാത്രമാകുന്നത് ദുരന്തമാണ്. ആടുകളെ വിട്ട് ഓടിപ്പോകുന്നവൻ 'വരിക ഇവനെ നാം കൊല്ലുക' എന്ന ചിന്തയുള്ള സമൂഹം ഈ ദുരന്തത്തിന് ആക്കം കൂട്ടുകയേയുള്ളു.

'എല്ലാ തിന്മയും സ്വരഭംഗമാണ്. മനുഷ്യനും പ്രകൃതിയുമായുള്ള സ്വരഭംഗം. മനുഷ്യനും ചരാചരങ്ങളുമായുള്ള സ്വരഭംഗം. മനുഷ്യനും ആത്മസത്തയുമായുള്ള സ്വരഭംഗം'. (പ്ലേറ്റോ)

സ്വരഭംഗം നിയതമായ നിയമത്തിന്റെ വഴിതെറ്റലാണ്. ബോൺസായി ആ വഴിതെറ്റലിൽപ്പെടുന്നതാണ്. മനുഷ്യത്വം നഷ്ടപ്പെടുന്നിടത്തും ഈ വഴിതെറ്റൽ കടന്നുകൂടുന്നു. അവിടെ പ്രകൃതിയും അതിന്റെ നിയമങ്ങളും ആക്രമിക്കപ്പെടുന്നു. ഗുരുത്വങ്ങൾ നിയതമായ നിയമമാണ്. ഗുരുത്വക്കേടുകൾ അതിന്റെ വിപരീതവുമാണ്. സാത്താൻ ആരാധനാ കേന്ദ്രവും മനുഷ്യൻ ആരാധനാ പാത്രവുമാകുന്നത് ഈ ഗുരുത്വക്കേടുകളെയാണ് ഓർമ്മിപ്പിക്കുന്നത്. ഭൂമിയുടെ അറ്റത്തോളം സുവിശേഷം അറിയിക്കപ്പെടുക എന്നത് എല്ലാ പരിധികളും ലംഘിക്കപ്പെട്ട ക്രിസ്തു സ്വാതന്ത്ര്യത്തിലേക്കുള്ള ഉൾവഴിയാണ്. തനിമയുള്ള സംസ്കാരങ്ങളുടെ ആത്മീയതയുടെ വേരറ്റുപോകുന്നതിന്റെ ഹൃദയത്തുറപ്പുള്ള നിർമ്മല ബന്ധങ്ങളുടെ ശാഖകൾ അറ്റുപോകുന്നതിന്റെ അതിജീവനത്തിന്റെ നാമ്പുകളെ ജഡത്തിന്റെ പുതിയ പരിതോവസ്ഥകളുടെ വള്ളിപ്പടർപ്പുകൾ വരിഞ്ഞു മുറുക്കുന്നതിന്റെ കാഴ്ചയാണ് ബോൺസായി പങ്കുവയ്ക്കുന്നത്.

"എവിടെ മനസ്സ് നിർഭീകവും ശിരസ്സ് ഉയർന്നുമിരിക്കുന്നുവോ
എവിടെ വിജ്ഞാനം സ്വതന്ത്രമായിരിക്കുന്നുവോ
എവിടെ ലോകം ചിന്നഭിന്നമാകാതിരിക്കുന്നുവോ
അവിടേക്ക് എന്റെ പിതാവേ എന്റെ രാജ്യം ഉണരേണമേ"

(ടാഗോർ) ■

# THE MALANKARA ORTHODOX CHURCH
## DIOCESE OF THIRUVANANTHAPURAM
## MAR DIOSCORUS COLLEGE OF PHARMACY

**Sreekariyam, Thiruvananthapuram-695017**
**Phone : 0471-2592728, 3296245**

### Admission : B Pharam-Degree (നാലുവർഷത്തെ ഡിഗ്രി കോഴ്സ്)

* കുറഞ്ഞത് 50 ശതമാനം മാർക്കോടെ 12–ാം ക്ലാസ്സ് പാസ്സായിരിക്കണം, Physics, Chemistry, Biology or Maths എന്നീ വിഷയങ്ങൾ പഠിച്ചിരിക്കണം
* D. Pharm പാസായവർക്ക് രണ്ടാം വർഷത്തിലേക്ക് പ്രവേശനം
* വിദ്യാർത്ഥി പ്രവേശനത്തിനും നിയമനങ്ങൾക്കും ഡൊണേഷൻ ഇല്ലാത്ത സ്വാശ്രയ സ്ഥാപനം
* ഗവണ്മെന്റ് നിശ്ചിത ഫീസ്
* Govt of Kerala, AICTE, Pharmacy Council of India, Kerala University അംഗീകാരമുള്ള സ്ഥാപനം
* ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ഹോസ്റ്റൽ സൗകര്യം
* തലസ്ഥാന നഗരിക്ക് സമീപം, പ്രകൃതി രമണീയമായ അന്തരീക്ഷം
* ഓർത്തഡോക്സ് വിദ്യാർത്ഥികൾക്ക് ആരാധനാ സൗകര്യം
* ക്യാമ്പസ് സെലക്ഷൻ
* മാനേജ്മെന്റ് സീറ്റിലേക്ക് ബുക്കിംഗ് തുടങ്ങി കഴഞ്ഞു

**ഉടൻ ബന്ധപ്പെടുക**

മാനേജർ
**ഡോ. ഗബ്രിയേൽ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത**
9441766857

ഡയറക്ടർ
**ഫാ. ജോസഫ് സാമുവൽ കറുകയിൽ**
9447450612

പ്രിൻസിപ്പൽ
**പ്രൊഫ. സി.എസ്. സുഭഗ**
9441455683


**Ist Death Anniversary**
**30-04-2010**



**ANNA MERIN BABU**

Inserted by:-
**Babu Samuel, Babu Villa, Mampilly**


# ST. MARY'S EMBROIDERY

**Palace Road, Changanacherry-686101, Kerala**

Prop: SAJU CHACKO

0481-2425444,
Res. 2724224, 2727788
(Mob.) 9447136388



**കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡി മെയ്ഡും ലഭ്യമാണ്.**


വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡിമെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതു ഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു


**15TH DEATH ANNIVERSARY**
**OF**

# G. DANIEL

**KODIAT, 667 DARSHAN NAGAR**
**PEROORKADA, TRIVANDRUM,**
**ON 22 MARCH 2010**



*"Safe in the arms of Lord Jesus Christ"*

*Inserted by :*
**Sorrowing family**

ഡോ. അലക്സ് ഫിലിപ്പ്, ചാത്തന്നൂർ

# ഇനിയവർ...

**അസ്സോസിയേഷൻ തെരഞ്ഞെടുത്ത മേല്പട്ട സ്ഥാനികളെക്കുറിച്ച്...**




മലങ്കരസഭയ്ക്ക് വീണ്ടും 7 ജോഡി ചിറകുകൾ കൂടി ലഭിച്ചിരിക്കുന്നു. നമ്മിലാരൊക്കെയോ ആയിരുന്ന 7 പേർ കൂടി ദൈവത്തിന്റെ ഉന്നതമായ അധികാര ശ്രേണിയിലേക്ക് പ്രവേശിച്ചിരിക്കുന്നു. നാളിതുവരെയുള്ള സഭാവിശ്വാസികളുടെ ആകെ അംഗസംഖ്യയുമായി തട്ടിച്ച് നോക്കുമ്പോൾ അതിൽ .017 പേർക്കുപോലും അതിനുള്ള ഭാഗ്യം ലഭിച്ചിട്ടില്ല എന്ന യാഥാർത്ഥ്യം കൂടി ചേർത്ത് വായിച്ചാൽ മത്രമേ ആ സ്ഥാനത്തിന്റെ മഹത്വവും പ്രാധാന്യവും നമുക്ക് മനസ്സിലാക്കാൻ സാധിക്കുകയുള്ളു. ഭൗതീകവും ആത്മീയവുമായ പരിവർത്തനത്തിനാണ് 7 പേരും വിധേയരാകുന്നത്.

രൂപത്തിലും ഭാവത്തിലുമെല്ലാം 7 പേരും മാറാൻ പോവുകയാണ്. പൂർണ്ണമായ ഒരു പരിവർത്തനം. ഇന്നലെവരെ അവരുടെ അലങ്കാരങ്ങളിൽ കുരിശുകളുടെ എണ്ണം കുറവായിരുന്നുവെങ്കിൽ ഇനിമുതൽ അവരിൽ 'കുരിശുകളുടെ' എണ്ണം വർദ്ധിക്കുകയാണ്. ശിരസ്സിലും കഴുത്തിലും കൈയ്യിലുമെല്ലാം കുരിശുകൾ കൂടുന്നു.

ഇന്നലെവരെ എവിടെയും സ്വതന്ത്രമായി സഞ്ചരിച്ചിരുന്നവർ ഇനി എവിടേയും പോകുകയില്ല മറിച്ച് ഇനി മുതൽ അവർ 'എഴുന്നള്ളുക' മാത്രമേ ചെയ്യുകയുള്ളു.

ഇനി മുതൽ അവർ 'ഭക്ഷണം 'കഴിക്കുകയില്ല' ഇനി അവർ 'മേശ' കഴിക്കുകയേയുള്ളൂ. ആരോഗ്യപരമായ യാതൊരു അസ്വസ്ഥതയും ബാധിച്ചില്ല എങ്കിലും മേലിൽ അവർക്ക് കൂട്ടായി ഒരു 'വടി'യുമുണ്ടാകും.

ഇനി അവർ 'മരിക്കുകയു'മില്ല 'കാലം' ചെയ്യുക മാത്രമേയുള്ളു. മരണശേഷവും അവർ നമ്മളെപ്പോലെ കിടന്ന് വിശ്രമിക്കുകയില്ല മറിച്ച് 'സിംഹാസനത്തിൽ' ഇരുനന് വിശ്രമിക്കുക മാത്രമേ ചെയ്യുകയുള്ളു.

ഭൗതീകമായ ഈ മാറ്റങ്ങളെല്ലാം തന്നെ ആത്മീയമായി അവർക്ക് ലഭിച്ചിരിക്കുന്ന ദൈവികവരദാനത്തിന്റെ ബഹിർസ്ഫുരണങ്ങളാണ്. ഭാരമേറിയ കുരിശും വഹിച്ച്കൊണ്ടു നമുക്കിടയിൽ കൂടി കടന്നുപോയ ക്രിസ്തുദേവനുമായി അവർ കൂടുതൽ താദാത്മ്യം പ്രാപിക്കുന്നു. ശിരസ്സിലും കഴുത്തിലും കൈയ്യിലുള്ള 'അധിക കുരിശുകൾ' അതിന്റെ പ്രത്യക്ഷ അടയാളമാണ്.

കേവലം മനുഷ്യരെങ്കിലും കർത്താവിന്റെ 'പ്രത്യക്ഷ സാന്നിധ്യ'മാണ് മഹാപുരോഹിതന്മാർ രാജാധി രാജാവായ കർത്താവ് എവിടേയും പോകുന്നില്ല മറിച്ച് 'എഴുന്നള്ളുകയാണ്' ഹൃദയങ്ങളിൽ നിന്ന് ഹൃദയങ്ങളിലേക്ക്.

ഇന്നലെവരെ മറ്റൊരിടയന്റെ സംരക്ഷണയിലുള്ള ആട്ടിൻപറ്റമായിരുന്നതിനാൽ അവർക്ക് എവിടേയും സ്വതന്ത്രമായി സഞ്ചരിക്കാമായിരുന്നു. എന്നാൽ കൈയ്യിൽ വടിയുമായി ശത്രുക്കളിൽ നിന്ന് ജാഗ്രതയോടെ ആടുകളെ പരിപാലിക്കുന്ന ഇടയനിലേയ്ക്കുള്ള മാറ്റം കൈയ്യിലെ 'അംശവടിയായി' രൂപാന്തരം പ്രാപിക്കുന്നു.

ഇന്നലെവരെ സാധാരണ ഭക്ഷണങ്ങളിൽ സാധാരണക്കാരനെപ്പോലെ തങ്ങളുടെ രുചിഭേദങ്ങൾ കണ്ടെത്തിയിരുന്നു വെങ്കിൽ കർത്താവിന്റെ വലിയ മേശയിലെ 'വിരുന്നുവഴി'യായിട്ടുള്ള മാറ്റം സകല ലൗകീക ഭക്ഷണങ്ങളേയും 'വെറും മേശകളായി' മാറ്റുന്നു.

കർത്താവിന്റെ അങ്കപരിപാലനത്തിനായി നിയോഗിക്കപ്പെടുന്ന ആരും തന്നെ 'മരിക്കുന്നില്ല'. കാരണം ചരിത്രപരമായി ഒന്നും ശേഷിപ്പിക്കാത്തവരാണ് മരിക്കുന്നത്. എന്നാൽ കർത്താവിന്റെ അധികാരികളെല്ലാം ചരിത്രത്തിന്റെ ഭാഗമാണ്. അതിനാൽ തന്നെ അവർ ചെയ്യുന്ന സകലതും അത് നല്ലതായാലും ചീത്തയായാലും ചരിത്രത്തിൽ രേഖപ്പെടുത്തിവെയ്ക്കും. അത് കൊണ്ട് അവരുടെ ജീവിതകാലം ഒരു 'യുഗം' അഥവാ ചരിത്രപരമായ 'കാലം' ആണ്. ആത് കൊണ്ട് അവരുടെ മരണത്തോടെ ഒരു 'കാലം' അവസാനിക്കുന്നത്.

കർത്താവിന്റെ അധികാര സ്ഥാനങ്ങൾക്ക് കാലദേശ പരിമിതികളില്ല. അതിനാൽ മരണശേഷവും അവർ സിംഹാസനങ്ങളിൽ തന്നെയിരുന്ന് തങ്ങളുടെ അജപരിപാലനം തുടർന്ന് കൊണ്ടിരിക്കുന്നു. കർത്താവിന്റെ രണ്ടാമത്തെ വരവിൽ കൃത്യമായ കണക്കുകൾ ബോധിപ്പിക്കുന്നത് വരെ അവർ വിശ്രമിക്കുന്നില്ല.

മലങ്കരസഭയിലെ മെത്രാന്മാർ സാധാരണയായി 3 നാമങ്ങളാണ് സ്വീകരിക്കുന്നത്. ആദ്യനാമം സഭയിലെ അവരുടെ ഇന്നലെവരെയുള്ള ദൗത്യത്തെ സൂചിപ്പിക്കുന്നു. അവസാനനാമം തുടർന്ന് സഭ അവരെ ഏൽപ്പിക്കുന്ന ദൗത്യത്തെ സൂചിപ്പിക്കുന്നു. ഇതിനിടയിലാണ് അവരുടെ യഥാർത്ഥ നാമം സ്ഥിതചെയ്യുന്നത്. എന്നാൽ സൂക്ഷ്മപരമായി പരിശോധിക്കുമ്പോൾ അവർ സ്വയം ആ നാമം നഷ്ടപ്പെടുത്തിയിരിക്കുന്നു അവിടെ അവർ 'സകലത്തിലും മേലായനാമം' അഥവാ 'മാർ' കുറേക്കൂടി ലളിതമായി 'ക്രിസ്തുവിന്റെ നാമം' സ്വീകരിക്കുന്നു. ഈ 'നാമമാണ്' അവരുടെ നഷ്ടത്തെ ആദായകരമാക്കുന്നത്. ഈക്രിസ്തുവാണ് അവരുടെ പൂർവ്വ ദൗത്യത്തേയും പുതിയ ദൗത്യത്തേയും വേർതിരിക്കുന്നത്. ഈ നാമമാണ് ലോകത്തിന് തന്നെ ഏറ്റവും പരിചിന്തമായിരിക്കുന്നതും. ഈ വലിയ നാമം തന്നെ അവരെ വഴിനടത്തട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നവാഭിഷിക്തർക്ക് എല്ലാ ആശംസകളും നേരുന്നു. ■

# പുരാതന മാർത്തോമ്മൻ തീർത്ഥാടന കേന്ദ്രമായ
## കടമ്പനാട് പള്ളി പെരുന്നാൾ - ഏപ്രിൽ 21, 22

**വേ**രുകൾ തേടിയുള്ള മനുഷ്യന്റെ യാത്രയ്ക്ക് മനുഷ്യോല്പത്തിയോളം ചരിത്രമുണ്ട്. പിതാക്കന്മാരെ ആദരിക്കുന്നതിൽ മലങ്കര ഓർത്തഡോക്സ് സഭയ്ക്കുള്ള താല്പര്യത്തെയാണ് പുരാതനമായ കടമ്പനാട് സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രൽ ഉയർത്തിക്കാട്ടുന്നത്.

**കടമ്പനാട് പള്ളി**

അതിമനോഹരമായ നിലയ്ക്കലിൽ വിശുദ്ധ ശ്ലീഹാ സ്ലീബാ നാട്ടി പുണ്യ ദേവാലയവും പ്രതിഷ്ഠിച്ചു, ആചാര്യരെയും പട്ടം കെട്ടി. പറപ്പാറ്റയുടെ നികൃഷ്ടമായ ആക്രമണത്താൽ അവിടെ താമസിക്കുവാൻ നിവൃത്തിയില്ലാതെ അവിടുത്തെ മുഴുവൻ ജനതയും പ്രാണ രക്ഷാർത്ഥം പ്രയാണമാരംഭിക്കുമ്പോൾ ദേവാലയത്തിന്റെ കുരിശും വഹിച്ചുകൊണ്ട് തീർത്ഥയാത്രയായി കടമ്പനാട്ട് എത്തി ആ കുരിശു നാട്ടി ആരാധന സ്ഥലമൊരുക്കുകയായിരുന്നു നിലയ്ക്കൽ ക്രിസ്ത്യാനികൾ. (ഇസ്സഡ്. എം. പാറേട്ട്, മലങ്കര നസ്രാണികൾ)

മാർത്തോമ്മാ ശ്ലീഹാ സ്ഥാപിച്ച നിലയ്ക്കൽ പള്ളിയുടെ അതേ പതിപ്പായി കടമ്പനാടു പള്ളി പുനർനിർമ്മിക്കുകയായിരുന്നു. അതേ കുരിശും അതേ പള്ളിയും അതേ വിശ്വാസികളും കടമ്പനാടു വന്നപ്പോൾ മാർത്തോമ്മായുടെ പൈതൃകം മുഴുവനായി കടമ്പനാട്ടു ദേവാലയത്തിനു ലഭിച്ചു. ഈ സ്ഥാപനം എ.ഡി. 325–ൽ ആണെന്നാണു പാരമ്പര്യ വിശ്വാസം. മാർത്തോമ്മാ ശ്ലീഹായുടെ നാമത്തിൽ സ്ഥാപിതമായ ഈ പള്ളി മദ്ധ്യതിരുവതാം കൂറിലെ പല പള്ളികളുടെയും തലപ്പള്ളിയാണ്. വലിപ്പം കൊണ്ടും അംഗസംഖ്യകൊണ്ടും മലങ്കരസഭയുടെ തിലകക്കുറിയായി നിലകൊള്ളുന്നു. 2 മീറ്ററോളം വീതിയുള്ള 4 ഭിത്തികളും പനയോലാകൃതിയിലുള്ള മുഖപ്പും വാതായനങ്ങളില്ലാതെ തന്നെ ഉള്ളിൽ നിലനിൽക്കുന്ന ശീതളാനുഭവവും ആത്മീയ അന്തരീക്ഷവും പൗരാണിക വാസ്തുവിദ്യയുടെ മുഖമുദ്രകളായി തിളങ്ങുന്നു.

അനേകർ ഈ ദേവാലയം ദർശിക്കുന്നതിന് ദിനംതോറും എത്തുന്നു എന്നതിന് ഈ ദേവാലയത്തിന്റെ മഹിമ വർദ്ധിപ്പിക്കുന്നു. അനേക ദേവാലയങ്ങളിൽ സമീപ ദേശത്തു തന്നെ നിർമ്മിക്കപ്പെട്ടെങ്കിലും ആയിരത്തിലധികം ഭവനങ്ങളും 2 സ്കൂളുകളും ഉള്ള ഈ ദേവാലയത്തിൽ എല്ലാ ആത്മിക സംഘടനകളും പ്രവർത്തിക്കുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങളും നടത്തിവരുന്നു. ജൂലൈ 3, ഡിസം 21 തീതികളിലെ വി. മാർത്തോമ്മാ ശ്ലീഹായുടെ പ്രധാന പെരുന്നാളുകളും എല്ലാ പരിശുദ്ധന്മാരുടെ ഓർമ്മപ്പെരുന്നാളുകളും ഭംഗിയായി കൊണ്ടാടുന്നുണ്ട്.

**പരിശുദ്ധ മൂന്നാം മാർത്തോമ്മ**

1653–മുതൽ 1817 വരെ മാർത്തോമ്മാ എന്ന നാമധേയത്തിൽ 9 മെത്രാന്മാർ മലങ്കര സുറിയാനി സഭയെ നയിച്ചു വന്നു. പകലോമറ്റം പള്ളി വടക്കത്ത് തോമസ് അർക്കദിയാക്കോൻ 1653 മുതൽ 70 വരെ ഒന്നാം മാർത്തോമ്മാ എന്ന പേരിൽ സഭയെ നയിച്ചു. മഹാനായ മാർത്തോമ്മ എന്നറിയപ്പെട്ടിരുന്ന ഇദ്ദേഹം അങ്കമാലി ചെറിയപള്ളിയിൽ കബറടങ്ങി. തുടർന്ന് 1670–ൽ ആ കുടുംബത്തിലെതന്നെ വൈദികനെ മാർത്തോമ്മാ രണ്ടാമനെന്ന നാമത്തിൽ മെത്രാനാക്കി. 1686–ൽ കാലം ചെയ്ത അദ്ദേഹത്തിന്റെ ഭൗതിക ശരീരം നിരണം പള്ളിയിൽ കബറടക്കി. അദ്ദേഹത്തിന്റെ കാലശേഷം പകലോമറ്റത്തെ തന്നെ ഒരു വൈദികനെ മാർത്തോമ്മാ മൂന്നാമൻ എന്ന പേരിൽ സഭയിൽ മെത്രാനാക്കി. കടമ്പനാടു പള്ളി കേന്ദ്രമാക്കി അദ്ദേഹം മലങ്കര സഭയെ നയിച്ചു. 2 വർഷക്കാലം മാത്രമേ മലങ്കര മെത്രാപ്പോലീത്തായായി ഇദ്ദേഹം ജീവിച്ചിരുന്നുള്ളു എങ്കിലും ഉത്തമ ഭരണ സാരഥി എന്ന നിലയിലും ഭക്ത ശിരോമണി എന്ന നിലയിലും ജീവിതം നയിച്ച മഹാപരിശുദ്ധനായിരുന്നു. 1688–ൽ കടമ്പനാടു വച്ച് കാലം ചെയ്തു. ഏപ്രിൽ 22–ന് വി. മാർത്തോമ്മാ ശ്ലീഹായുടെ പള്ളിയുടെ മദ്ബഹായിൽ കബറടക്കി. ദേശവാസികൾ 'വലിയ അപ്പൂപ്പൻ' എന്ന് ഭക്തിപുരസ്സരം വിളിക്കുന്ന മൂന്നാം മാർത്തോമ്മായുടെ ഓർമ്മപ്പെരുന്നാളും എല്ലാ വർഷവും മേടം 8, 9 തീയതികളിൽ സമുചിതമായി ആഘോഷിക്കുന്നു. ഇവിടെനിന്നും പിരിഞ്ഞു പോയിട്ടുള്ള തുമ്പമൺ, കായംകുളം, മാവേലിക്കര, കറ്റാനം, കൈപ്പട്ടൂർ, കുടശ്ശനാട്, ഓമല്ലൂർ, പത്തനംതിട്ട, കൂടൽ, മുള്ളനിക്കാട്, ശൂരനാട്, തഴവ, പുത്തൂർ, പട്ടാഴി, കൊട്ടാരക്കര, തെങ്ങമം എന്നിവിടങ്ങളിൽനിന്ന് തീർത്ഥാടകർ പെരുന്നാളിൽ പങ്കെടുക്കുന്നു. ഇക്കൊല്ലവും ഏപ്രിൽ 21, 22 തീയതികളിലായി പെരുന്നാളാചരിക്കുന്നു.


മലങ്കരസഭയുടെ സ്വതന്ത്ര ഭരണ സീമയിൽ തദ്ദേശീയനായ മെത്രാന്മാർ അവരോധിക്കപ്പെട്ടപ്പോൾ മാർത്തോമ്മ ഒന്നാമൻ, മാർത്തോമ്മ രണ്ടാമൻ എന്നിവർക്കു ശേഷം വന്ന പകലോമറ്റം തറവാട്ടിലെ സാത്വിക പ്രതിഭ തന്റെ ഭരണ സിരാകേന്ദ്രമായി തെരഞ്ഞെടുത്തതും കടമ്പനാടിനെ തന്നെയാണ്. പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമിയായി പരിശുദ്ധ മാർത്തോമ്മാ തൃതീയൻ അവരോധിക്കപ്പെടുമ്പോൾ മാർത്തോമ്മ പൈതൃകത്തിന്റെ സത്തയും, അർത്ഥവും വ്യക്തമാവുകയായിരുന്നു. ഒപ്പം ഒരു ദേശത്തിന്റെ സംസ്കൃതിയും, ചരിത്രവും രൂപപ്പെട്ടു. പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ നിറസാന്നിധ്യവും പരിശുദ്ധ മൂന്നാം മാർത്തോമ്മായുടെ കബറിടമെന്ന അമൂല്യ നിധിയും ദൈവതേജസിനോടൊപ്പം ജ്വലിക്കുമ്പോഴുണ്ടാകുന്ന ശോഭയാണ് ഈ ദേവാലയത്തിന് തീർത്ഥാടന ഭാവം നല്കുന്നത്.

2010 മാർച്ച് 7–ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ കല്പനയിലൂടെ പ്രഖ്യാപിച്ച ഈ പുരാതന ദേവാലയത്തിൽ താമസിച്ചു ധ്യാനിക്കുവാനുള്ള അവസരവും, എല്ലാ ബുധനാഴ്ചകളിലും ധ്യാനവും മധ്യസ്ഥ പ്രാർത്ഥനയും ക്രമീകരിച്ചിരിക്കുന്നു.

നാനാജാതി മതസ്ഥരും ഒന്നുപോലെ ബഹുമാനിക്കുന്ന ഈ ദേവാലയത്തിന്റെ തീർത്ഥാടന ഭാവം മാനവ ജാതിക്ക് അമൂല്യമായ അനുഭവമാകട്ടെ!.

വികാരി, ഫാ. തോമസ് മാത്യു, അസി. വികാരിമാർ, ഫാ. ജോജി കെ. ജോയി, ഫാ. തോമസ് പി. മുകളിൽ എന്നിവരോടൊപ്പം ട്രസ്റ്റി ശ്രീ. റ്റി. കെ. അലക്സാണ്ടർ, സെക്രട്ടറി ശ്രീ. റ്റി. പാപ്പച്ചൻ എന്നിവരും മറ്റ് ഭരണസമിതിയംഗങ്ങളും പെരുന്നാൾ പരിപാടികൾക്ക് നേതൃത്വം നൽകുന്നു.

**വികാരി, ഫാ. തോമസ് മാത്യു,**



ഒരു വിശ്വാസി, കടമ്പനാട്

**ഒ. തോമസച്ചൻ**

Sunday School



# സൺഡേസ്കൂൾ വാർത്തകൾ

**ഭരണഘടനാ ഭേദഗതി**

പ. സുന്നഹദോസ് ചില ഭേദഗതികളോടെ പാസ്സാക്കിയ ഭരണഘടന പ. ബാവാ തിരുമേനി അംഗീകരിച്ച് കല്പന നൽകിയിട്ടുണ്ട്. അതിന്റെ കോപ്പിയും തെരഞ്ഞെടുപ്പ് വിജ്ഞാപനവും ഉടനെ തന്നെ ബന്ധപ്പെട്ട എല്ലാവർക്കും അയച്ചു തരുന്നതാണ്. വിവിധ സ്ഥാനങ്ങളിലേക്കു മത്സരങ്ങൾ ആവശ്യമായി വരുമ്പോഴും അത് തരം താണ രീതിയിൽ ആകാൻ ഇടയാകരുത്.

ഡിസ്ട്രിക്ട് തലത്തിൽ മെയ് 15-നു മുൻപും ഭദ്രാസനതലത്തിൽ മെയ് 31-ന് മുൻപും തെരഞ്ഞെടുപ്പുകൾ നടത്തത്തക്കവിധത്തിലാണ് ക്രമീകരണങ്ങൾ ചെയ്യുന്നത്. വിജ്ഞാപനത്തിൽ എല്ലാം വിശദമായി കൊടുത്തിട്ടുണ്ട്. പുതുക്കിയ ഭരണഘടന എല്ലാ സൺഡേസ്ക്കൂളിലും ഹെഡ്മാസ്റ്റർമാരുടെ അദ്ധ്യക്ഷതയിൽ വായിച്ചുകേട്ട് കാര്യങ്ങൾ വേണമെങ്കിൽ ഗ്രഹിച്ചിരിക്കണം. അച്ചടക്കത്തോടുകൂടി പ്രവർത്തിക്കുവാൻ പൊതുവായ കാര്യങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടത് അത്യന്താപേക്ഷിതമാണല്ലോ.

**ഒ.വി.ബി.എസ്.**

ക്ലാസ്സുകൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണല്ലോ. ആവശ്യമായ മെറ്റീരിയൽസ് യഥാസമയം തന്നെ എല്ലാ ഭദ്രാസനങ്ങളിലും എത്തിക്കുവാൻ ഈ വർഷവും സാധിച്ചു. വളരെപ്പേരുടെ കൂട്ടായ അദ്ധ്വാനം ഇതിനു പുറകിലുണ്ട്. എല്ലാവരേയും ഈ സമയത്ത് അനുമോദിക്കുന്നു.

കുട്ടികൾക്ക് വളരെ സന്തോഷം നൽകുന്ന ഒന്നായി ഒ.വി.ബി.എസ്. മാറിയിട്ടുള്ളതിൽ നമുക്ക് ദൈവത്തെ സ്തുതിക്കാം. എന്നാൽ ആത്മീയ ദർശനം കുട്ടികളിൽ ജനിപ്പിച്ചിരിക്കുന്നതിനേക്കാൾ അധികമായി വിനോദോപാധിയായി (എന്റർറ്റയിൻമെന്റ്) ഒ.വി.ബി.എസ്. മാറാതിരിക്കാൻ ചുമതലക്കാർ പ്രത്യേകം ശ്രദ്ധിക്കണം. ചില യൂണിറ്റുകളിൽ വിഭവസമൃദ്ധമായ ഭക്ഷണം, വിനോദയാത്ര തുടങ്ങിയവയ്ക്ക് ആവശ്യത്തിൽ കവിഞ്ഞ പ്രാധാന്യം നൽകുന്നത് ശരിയല്ല. സീനിയർ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ക്ലാസ്സുകളും, ദിനംപ്രതിയുള്ള ധ്യാനവും മുടക്കം വരുത്താതെ നടത്തിയിരിക്കേണ്ടതാണ്. കടുത്ത മത്സരങ്ങൾക്കും ഒ.വി.ബി.എസ്-ൽ സ്ഥാനമില്ലാത്തതറിയാമല്ലോ. എന്നാൽ എല്ലാ കാര്യങ്ങളും മെച്ചമായി പ്രവർത്തിക്കുന്ന കുഞ്ഞുങ്ങൾക്ക് കൊച്ചുകൊച്ച് പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നതിൽ തെറ്റില്ല. അതേ സമയം പിന്തള്ളപ്പെട്ടു എന്ന തോന്നലും ആർക്കും ഉണ്ടാകരുത്. ഒ.വി.ബി.എസ്. മാത്രമല്ല സൺഡേസ്ക്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഈ മാനദണ്ഡമാണ് നാം പുലർത്തേണ്ടത്.

**പ്രകൃതി സംരക്ഷണത്തിന്റെ ആത്മീയത**

ദൈവം തമ്പുരാൻ സുലഭമായി നമുക്കു തന്ന വായുവും, ജലവും മലിനപ്പെട്ടു കഴിഞ്ഞുവല്ലോ. കടുത്ത ചൂടും, ജലക്ഷാമവും ജീവിതത്തെ എത്രമാത്രം ദുസ്സഹമാക്കിയിരിക്കുന്നു. അതിനാൽ വൈദ്യുതി, ജലം ഇവയുടെ ഉപയോഗം പരിമിതപ്പെടുത്തുക, മരങ്ങൾ നട്ടു പിടിപ്പിക്കുക തുടങ്ങിയ കാര്യങ്ങൾ കുട്ടികൾക്കു പറഞ്ഞു കൊടുക്കുയും, പ്രകൃതിയെ സംരക്ഷിക്കുന്നത് ആത്മീയതയുടെ ഭാഗമാണെന്ന പാഠം കുട്ടികൾക്ക് ചെറുപ്പത്തിലെ നൽകുകയും വേണം.

ഒരിക്കൽക്കൂടി ഈസ്റ്റർ നാം കൊണ്ടാടുന്നു. തിന്മയുടെയും മരണത്തിന്റെയും ശക്തി എത്ര വലുതാണെങ്കിലും, അതിനുമപ്പുറമാണ് ദൈവത്തിന്റെ ശക്തിയെന്ന പരമാർത്ഥം നമുക്കെല്ലാം ഭാവിയേക്കുറിച്ച് പ്രത്യാശ നൽകുന്നു. നന്മയിലുള്ള പുതുക്കത്തിന്റെ അനുഭവം എല്ലാവർക്കും ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഈസ്റ്റർ ആശംസകളോടെ. ■

## 34-ാം ചരമ വാർഷികം
**(മാനേജരച്ചൻ)**



**Rev. Fr. T. C. Jacob Thalakulam**

*Manager Old Seminary 1930-1960*
*Manager Catholicate Aramana 1960-1976*
*Chief Editor-Malankara Sabha Magazine*

14-4-2010-ന് രാവിലെ 8 മണിക്ക് ചീരഞ്ചിറ സെന്റ് മേരീസ് പള്ളിയിൽ വി. കുർബ്ബാനയും കബറിങ്കൽ ധൂപപ്രാർത്ഥനയും ഉണ്ടായിരിക്കും.



# പുതുപ്പള്ളി പെരുന്നാൾ – മെയ് 5,6,7

**ക്രൈ**സ്തവ സംസ്ക്കാരത്തിനന്റെ പുഷ്പകലപാരമ്പര്യം നിറഞ്ഞുനിൽക്കുന്ന പൗരാണിക ദേവാലയങ്ങളിലൊന്നാണ് പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി. ആചാരാനുഷ്ഠാനങ്ങളിൽ ഭാരതീയവും ആരാധനക്രമത്തിൽ പൗരസ്ത്യവുമായ തനതുമുദ്രകൾ നിറഞ്ഞു നിൽക്കുന്ന ഈ ദേവാലയം മാനവമൈത്രിയുടെ സംഗമ സമതല ഭൂമിയാണ്. വിശുദ്ധ ഗീവർഗീസ് സഹദായുടെ ആത്മീയ ചൈതന്യം നിറഞ്ഞു നിൽക്കുന്ന പുണ്യഭൂമിയാണ് പുതുപ്പള്ളി പള്ളി.

അന്ധകാരത്തിൽ നിന്നും വെളിച്ചത്തിലേക്കും, അശാന്തിയിൽ നിന്ന് ശാന്തിയിലേക്കും നിരാശയിൽ നിന്നും പ്രത്യാശയിലേക്കും, നയിക്കുന്ന ദിവ്യരക്ഷകന്റെ ചൈതന്യം സ്വാംശീകരിക്കുവാൻ അനേകായിരങ്ങൾ അനുദിനം ഈ ദേവാലയത്തിൽ അഭയം തേടുന്നു. സ്വർലോകരക്ഷകന്റെ കൃപാവരങ്ങൾ നേടി ആത്മശാന്തിക്കായി അനുഭവിക്കുന്നു.

വിശുദ്ധ ഗീവർഗീസ് സഹദായുടെ തിരുശേഷിപ്പ് സ്ഥാപിച്ചിട്ടുള്ള പ്രഥമ ദേവാലയമാണ് പുതുപ്പള്ളിപള്ളി. വിശുദ്ധന്റെ തിരുശേഷിപ്പിനു മുന്നിൽ ഹൃദയഭാരങ്ങൾ ഇറക്കിവച്ച് പ്രാർത്ഥിക്കുന്നവരുടെ എണ്ണം വർധിച്ചുവരുന്നു. രോഗദുരിതങ്ങളിൽ നിന്നും ജീവിതക്ലേശങ്ങളിൽ നിന്നും മോചനം നേടുവാൻ സഹദായുടെ മദ്ധ്യസ്ഥത സഹായിക്കുന്നു. തിരുശേഷിപ്പിങ്കൽ നിന്നും പ്രസരിക്കുന്ന ദിവ്യചൈതന്യം ഏതു ജീവിതപ്രശ്നങ്ങൾക്കും പരിഹാരം നൽകുന്നതായി നാനാജാതി മതസ്ഥർ വിശ്വസിക്കുന്നു.

### പുതുപ്പള്ളി പെരുന്നാൾ

പുതുപ്പള്ളി പെരുന്നാൾ എന്നാൽ വിശുദ്ധ ഗീവർഗീസ് സഹദായുടെ പെരുന്നാൾ എന്നാണ് അർഥമാക്കുന്നത്. സഭ അനുശാസിക്കുന്ന എല്ലാ പെരുന്നാളുകളും പുതുപ്പള്ളിയിൽ നടത്താറുണ്ടെങ്കിലും വിശുദ്ധ ഗീവർഗീസ് സഹദായുടെ പെരുന്നാളാണ് പ്രധാനപ്പെട്ടത്. പെരുന്നാളിനു പത്തു ദിവസം മുമ്പ് ഏപ്രിൽ 28–ാം തീയതി കൊടിയേറും. തുടർന്ന് ഒരു മാസക്കാലം പെരുന്നാൾ ആഘോഷങ്ങൽ നിലനില്ക്കും എങ്കിലും മെയ് 5, 6, 7 തീയതികളാണ് പ്രധാന പെരുന്നാൾ ദിവസങ്ങൾ.

**കൊടിമരമിടീൽ, വിറകിടീൽ, പന്തിരുനാഴി പുറത്തെടുക്കൽ, അരിയിടീൽ, വെടിക്കെട്ടും, ലക്ഷദീപവും, വെച്ചൂട്ട്, കുട്ടികൾക്ക് ചോറൂട്ട്, കോഴിനേർച്ച, പ്രദക്ഷിണം തുടങ്ങിയ അനുഷ്ഠാനങ്ങൾ പുതുപ്പള്ളി പെരുന്നാളിന്റെ പരമ്പരാഗതമായ ആചാരങ്ങളാണ്.** പെരുന്നാളിന്റെ സവിശേഷതകളിൽ ഏറെ പ്രാധാന്യം വെച്ചൂട്ടിനുണ്ട്. വലിയ പെരുന്നാൾ ദിനമായ മെയ് 7–ാം തീയതി വിശുദ്ധ ഒൻപതിന്മേൽ കുർബനായ്ക്കുശേഷമാണ് ഭക്തിനിർഭരമായ ഈ ചടങ്ങ്. പെരുന്നാളിന് എത്തുന്ന ഭക്തജനങ്ങൾക്കെല്ലാം ഭക്ഷണം നൽകുന്ന ഈ വിശിഷ്ട കർമ്മത്തിനു പള്ളി ഉണ്ടായ കാലം മുതൽ പഴക്കമുണ്ട്.

പള്ളിപ്പറമ്പിൽ ആളുകളെ ഇരുത്തി, വൈദികരുടെ പ്രാർത്ഥനയ്ക്കുശേഷം ഭക്തിപുരസ്സരം ചോറും കറികളും വിളമ്പുന്നു. കുചേല–കുബേര പണ്ഡിത പാമര വ്യത്യാസമില്ലാതെ ഈ ചടങ്ങിൽ പങ്കെടുക്കുന്നു. വിശ്വാസികൾ ഈ നേർച്ചച്ചോറ് ദിവ്യ ഔഷധമായി തങ്ങളുടെ ഭവനങ്ങളിൽ കൊണ്ടുപോയി സൂക്ഷിക്കുന്നു. രോഗസൗഖ്യത്തിനായി ഉപയോഗിക്കുന്നു. അക്രൈസ്തവർ ഈ നേർച്ചച്ചോറ് സഹദായുടെ പ്രസാദമായി സ്വീകരിക്കുന്നു.

അപ്പവും കോഴിയിറച്ചി പാകപ്പെടുത്തിയതും നേർച്ചയായി വിളമ്പുന്നതും പുതുപ്പള്ളി പെരുന്നാളിന്റെ മറ്റൊരു പ്രത്യേകതയാണ്. പുതുപ്പള്ളി പെരുന്നാളും അനുബന്ധ ചടങ്ങുകളും ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാന സ്രോതസ്സുകളും മലങ്കര നസ്രാണികളുടെ ദേശീയതയുമായി ബന്ധപ്പെട്ടുകിടക്കുന്നു.

പുതുപ്പള്ളി പുണ്യാളച്ചന്റെ മുന്നിൽ കൈകൾകൂപ്പി കണ്ണീരോടെ പ്രാർത്ഥിച്ചാൽ, സ്വയം സമർപ്പിച്ചാൽ ജീവിതത്തിൽ ഏതു കാര്യവും സാധിക്കാമെന്നു ഭക്തജനങ്ങൾ ഉറച്ചുവിശ്വസിക്കുന്നു. രോഗശാന്തിക്കുവേണ്ടി കുരുമുളക്, എള്ള്, കടുക്, അരി, നെല്ല്, കരപ്പനകം, നെയ്യപ്പം പറുത്ത അരി എന്നിവയാണ് അർപ്പിക്കുന്നത്. വ്രതശുദ്ധിയോടെ സഹദായുടെ മദ്ധ്യസ്ഥതയിൽ ത്വക്‌രോഗങ്ങളും മാനസിക രോഗങ്ങളും മാറിയിട്ടുള്ളവർ അനവധിയാണ്. കുട്ടികൾ ഇല്ലാതിരുന്ന ദമ്പതികൾ സഹദായുടെ സന്നിധിയിൽ എത്തി ഭജനമിരുന്ന സന്താന സൗഭാഗ്യം നേടിയതിനു സാക്ഷികളുണ്ട്.

കോഴികൾ, കാർഷികോല്പനങ്ങളുടെ ആദ്യഫലങ്ങൾ, മുത്തുക്കുടകൾ, മെഴുകുതിരി എണ്ണ, കുന്തിരിക്കം തുടങ്ങിയ പള്ളിയിൽ നേർച്ചയായി സമർപ്പിക്കാറുണ്ട്. കുരിശിൻതൊട്ടിക്കു ചുറ്റും വിളക്കു കത്തിക്കുക, മുട്ടിന്മേൽ നീന്തുക. ശയന പ്രദക്ഷിണം നടത്തുക തുടങ്ങിയ ആചാരാനുഷ്ഠാനങ്ങൾ ഭക്തന്മാർ ആത്മശാന്തിക്കായി അനുഷ്ഠിക്കാറുണ്ട്. ക്രൈസ്തവ പാരമ്പര്യത്തിനുപരി നേർച്ച നടത്തുന്നവരുടെ മനശ്ശാന്തി മാത്രമാണ് ഈ അനുഷ്ഠാനങ്ങൾക്ക് അടിസ്ഥാനം.

**വികാരി,**
**ഫാ. സി. ജോൺ ചിറത്തലാട്ട്**

*കത്തിടപാടുകൾക്ക്*

**സെന്റ് ജോർജ് ഓർത്തഡോക്സ്**
**വലിയപള്ളി,**
**പുതുപ്പള്ളി പി.ഓ.,**
**കോട്ടയം–686011**
**ഫോൺ: 0481–2352404, 2351508,**
**9447124611**
**Website: www.puthupallypally.in**
**e-mail:vicar@puthupally.in**




### പുനരുത്ഥാന പെരുന്നാളിന് ശേഷമുള്ള നാല് ഞായറാഴ്ചകൾ
**(പൊതുവായ ആമുഖം)**

*പുനരുത്ഥാനം ചെയ്ത കർത്താവിന്റെ ശിഷ്യസമൂഹവുമായുള്ള സമാഗമ ദൃശ്യങ്ങൾ ഈ നാല് ഞായറാഴ്ചകളിൽ നാം വായിക്കുന്നു. ഈ വേദഭാഗങ്ങൾ പരസ്പരം ബന്ധിതമായിരിക്കുന്നതുകൊണ്ട്, പൊതുവായ ഒരാമുഖത്തിന് പ്രസക്തി ഉണ്ടെന്ന് തോന്നുന്നു. നാസിയാൻസിലെ വി. ഗ്രിഗോറിയോസിനെപ്പോലെയുള്ള പിതാക്കന്മാർ ഈ സമാഗമദൃശ്യങ്ങളുടെ സമഗ്രസൗന്ദര്യത്തെ, ആസ്വാദ്യതയോടെ വിവരിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഈസ്റ്റർ പ്രസംഗങ്ങളുടെ ശൈലി അല്പം സ്വാതന്ത്ര്യത്തോടെ അവലംബിയ്ക്കുന്നുവെങ്കിൽ ഈ വേദഭാഗങ്ങളിലെ കഥാപാത്രങ്ങളോട് ആത്മീകമായി താദാമ്യപ്പെട്ടുകൊണ്ട് നമ്മുക്കും ചിന്തിയ്ക്കാവുന്നതാണ്.*

ഇതാ അവനെ കാണുമ്പോൾ ശിഷ്യന്മാരേപ്പോലെ നമ്മുക്കും സന്തോഷിക്കാം. "ഞങ്ങൾ കർത്താവിനെ കണ്ടു" എന്ന് നമ്മുടെ സംഘത്തിൽ ചേരുവാൻ കഴിയാതെ പോയവരോട്, സന്തോഷപൂർവ്വം പറയാം. സ്നേഹത്തോടെ അവൻ അവന്റെ കൈകളും വിലാപ്പുറവും കാണിക്കുമ്പോൾ വിശ്വാസപൂർവ്വം നമ്മൾക്കും "എന്റെ കർത്താവും എന്റെ ദൈവവുമേ" എന്നു വിളിയ്ക്കാം. ഇരുളിൽ, ഏറിയ കഴ്ടപ്പാടുകളിൽ ഒന്നും ലഭിയ്ക്കാതെയിരിക്കുമ്പോൾ പ്രഭാതത്തിന്റെ പ്രകാശത്തിൽ അവനെ നമുക്കു കാണാം. "കുഞ്ഞുങ്ങളേ കഴിക്കുവാൻ വല്ലതും ഉണ്ടോ" എന്ന് ആവശ്യക്കാരനേപ്പോലെ അവൻ നമ്മോട് ചോദിയ്ക്കുമ്പോൾ, നമ്മുടെ ഇല്ലായ്മ അവനോട് നമുക്കും പറയാം. പിന്നെ അവൻ തന്ന ചാകരയുമായി കരയ്ക്കണയുമ്പോൾ അവന്റെ പങ്കിനൊപ്പം നമ്മുടെ പങ്കും കൂട്ടിച്ചേർക്കാം. അവൻ നമ്മോടും പറയും "വന്ന് പ്രാതൽ കഴിച്ചുകൊള്ളുവിൻ" എന്ന്. പോയകാലങ്ങളിൽ അവൻ സഹയാത്രികനായിരുന്നപ്പോൾ നമ്മൾക്ക് തിരിച്ചറിയുവാൻ കഴിയാതെ പോയെങ്കിലും, നമ്മുടെ ഹൃദയം നമ്മുടെ ഉള്ളിൽ ജ്വലിച്ചതും നമ്മൾക്ക് ഓർക്കാം. പുനരുത്ഥാനവും അവന്റെ വെളിപ്പെടലുകളും നമ്മുടെ ജീവിതത്തിലെ ഏറ്റവും വലിയ സത്യമായി നമ്മൾക്ക് മനസ്സിലാക്കാം

ഏപ്രിൽ 11

### പുതുഞായറാഴ്ച
**വി. യോഹന്നാൻ 20:19–31**

പുനരുത്ഥാന പെരുന്നാളിന്റെ സർവ്വ സന്തോഷങ്ങളും, അനുഭവവേദ്യമാക്കിയ ആരാധനാ സമൂഹത്തിന്റെ പുതിയ ഞായറാഴ്ചയാണിത്. സുറിയാനി ആരാധനാ പാരമ്പര്യത്തിൽ പുതുഞായറാഴ്ചയ്ക്ക് പ്രത്യേക ക്രമമുണ്ടെങ്കിലും, ഇതുവരേക്കും അത് മലയാളത്തിലേക്ക് വിവർത്തനം ചെയ്ത് ലഭ്യമാക്കിയിട്ടില്ല. ഈ വേദഭാഗത്തിൽ പുനരുത്ഥാനദിനത്തിൽ സന്ധ്യയ്ക്കും, പിന്നീട് എട്ടാം നാൾ വീണ്ടും ശിഷ്യർക്ക് കർത്താവ് പ്രത്യക്ഷപ്പെടുന്നത് വിവരിക്കുന്നു.

**സമാധാനത്തിന്റേയും സന്തോഷത്തിന്റേയും, വെളിപ്പെടൽ**

വേദപുസ്തകത്തിൽ പലവുരു ദൈവിക വെളിപ്പെടലും (Theophany) ദൈവത്തിന്റെ മാലാഖയുടെ വെളിപ്പെടലും (Angelophany) നാം കാണുന്നുണ്ട്. എന്നാൽ പ്രസ്തുത ഭാഗങ്ങളിലൊന്നും തന്നെ കാണാത്ത തികച്ചും വ്യത്യസ്തമായ ഒന്നാണ് ഇവിടെ ലഭിക്കുന്ന "സമാധാനം". ശിഷ്യന്മാർ യഥാർത്ഥത്തിൽ ഭയചകിതരായിരുന്നു (20:19), എന്നാൽ ഭയത്തിന്റെ സ്ഥാനത്ത് ഇപ്പോൾ അവർക്ക് സമാധാനം ലഭിയ്ക്കുന്നു. അതിൽ അവർ സന്തോഷിക്കുന്നു (20:20) കാൽകഴുകലിനു ശേഷമുള്ള വിടവാങ്ങൽ പ്രസംഗത്തിൽ യേശുതമ്പുരാൻ 'പിന്നീടുള്ള കൂടിവരവിൽ അവർക്ക് സന്തോഷവും (16:21–22), സമാധാനവും (14:27–28) വാഗ്ദാനം ചെയ്യുന്നു. അന്ന് അവർക്ക് അത്രമേൽ അത് മനസ്സിലായിട്ടുണ്ടാവില്ല. എന്നാൽ ഇന്ന് അത് യാഥാർത്ഥ്യമായിരിക്കുന്നു. പുനരുത്ഥാനം എന്ന സത്യം ഈ ആരാധനാകാലത്ത് പ്രത്യേകമായി നാം അനുഭവമാക്കി മാറ്റുമ്പോൾ അതിലൂടെ ലഭ്യമാകുന്ന സന്തോഷവും സമാധാനവും നമ്മുടെ ജീവിതത്തിന്റെ ഭാഗമാണെന്ന് തിരിച്ചറിയാം. (ഫിലിപ്പ്യർ 4:4,7)

**പരിശുദ്ധാത്മദാനം (20:22–23)**

വിടവാങ്ങൽ പ്രസംഗത്തിലെ മറ്റൊരു വാഗ്ദാനമായി

രുന്നു ഇത് (14:15–27). ഈ വാഗ്ദത്ത പൂർത്തീകരണം, വലിയ സ്നേഹവും കരുതലും കൂടിയാണ്. കാരണം, അന്ന് പറഞ്ഞിരുന്നു, "ഞാൻ നിങ്ങളെ അനാഥരായിവിടുകയില്ല" എന്ന് (14:18) എക്കാലത്തും, എവിടേയ്ക്കും നമ്മൾക്ക് അനുഗ്രഹമായി, തുണയായി ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ നൽകിയിരിക്കുന്നു.

ഈ ഭാഗം, പുനരുത്ഥാന കാലത്തിന്റേയും പെന്തക്കോസ്തിയുടേയും വായനയാണ്. പരിശുദ്ധാത്മ ദാനവും, വിശ്വാസസമൂഹത്തിന്റെ പ്രേഷിത ദൗത്യവും പുനർത്ഥാനത്തിൽ കേന്ദ്രീകൃതമായിരിക്കുന്നുവെന്ന് ഇത് നമ്മെ പഠിപ്പിയ്ക്കുന്നു.

**യേശുക്രിസ്തുവിലുള്ള ദൈവത്തിന്റെ പൂർത്തീകരണത്തെ തൊട്ടറിയുന്ന ശിഷ്യൻ (20:24–29)**

വ്യാഖ്യാനത്തിലൂടെ സ്വഭാവത്തിന്റെ വിധികൽപ്പിയ്ക്കുവാനുള്ള ഭാഗമല്ല ഇത്, മറിച്ച് പ്രത്യാശയുടേയും വിശ്വാസ പ്രഖ്യാപനത്തിന്റേയും ഭാഗമാണിത്. മാത്രമല്ല, ബാക്കിയെല്ലാം ശിഷ്യന്മാരും തന്നെ, പുനരുത്ഥാനം ചെയ്ത കർത്താവിനെ നേരിട്ട് കണ്ടതല്ലാതെ വിശ്വസിച്ചിട്ടില്ല. (മർക്കോ 16:10–13). തോമസിന് യേശുക്രിസ്തുവിലുള്ള ദൈവിക പൂർത്തീകരണത്തെ തൊട്ടറിയുവാനും, ക്രിസ്തീയ വിശ്വാസത്തിന്റെ കാതലായ സത്യത്തെ ആ വലിയ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ പ്രഖ്യാപിക്കുവാനും കഴിഞ്ഞു.

ഏപ്രിൽ 18

## പുതുഞായറാഴ്ചയ്ക്ക് ശേഷം ഒന്നാം ഞായർ

**വി. യോഹന്നാൻ 21:1–14**

**ഒന്നുമില്ലായ്കയിലെ ഫലസമൃദ്ധി:**

വി. ലൂക്കോസിന്റെ സുവിശേഷത്തിൽ (ലൂക്കോ 5:1–11) ഇതിനു സമാനമായി രാത്രിമുഴുവനും അദ്ധ്വാനിച്ചിട്ടും ഒന്നും ലഭിക്കാതിരിയ്ക്കുകയും, പിന്നീട് കർത്താവിന്റെ സ്നേഹസാന്നിദ്ധ്യത്തിൽ സമൃദ്ധി ലഭിയ്ക്കുന്നതും, ശിഷ്യന്മാരിൽ ചിലരെ വിളിയ്ക്കുന്ന സംഭവത്തോട് ചേർന്നാണ്. അഭൂതപൂർവ്വമായ ഒരുചാകര, ഇവിടെ ലഭ്യമാകുന്നത് ശിഷ്യത്വത്തിലേക്കുള്ള വിളിയുടെ ഉറപ്പിയ്ക്കലിനു കാരണമാകുന്നു. ഈ രണ്ട് സംഭവങ്ങളിലും വലിയ സമൃദ്ധിയുണ്ടവുകയും, അത് ഒരുതിരിച്ചറിവിലേക്ക് നയിക്കുകയും ചെയ്യുന്നു. ഭൗതികമായ സമൃദ്ധിയായി ഇതിനെ കാണുവാനും, അതിനെ അനുഗ്രഹമായി വ്യാഖ്യാനിക്കാനുമല്ല ഇവിടെ ഉദ്ദേശിക്കുന്നത്. എന്നാൽ ആലങ്കാരികമായി, ഇരുളിൽ വ്യയം ചെയ്യപ്പെടുന്ന നമ്മുടെ ജീവിതം അവനേക്കൂടാതെയുള്ളതാണെന്നും, പുലർവെളിച്ചത്തിൽ അവന്റെ സാന്നിദ്ധ്യത്തിൽ നമ്മൾക്ക് നന്മയുടെ സമൃദ്ധിയുണ്ടാകുന്നുവെന്നും തിരിച്ചറിയാം. ഫലശൂന്യമായ ഇരുളിൽ നിന്നും, ഫലസമൃദ്ധിയുടെ പ്രകാശത്തിലേക്ക് അവൻ നമ്മെ നയിക്കുന്നു. പ്രതീക്ഷകളും സാദ്ധ്യതകളും എല്ലാം മങ്ങി, എല്ലാ വാതിലുകളുമടയുമ്പോൾ, പുനരുത്ഥാനം ഒരു വെറും സാദ്ധ്യതയല്ല നമ്മൾക്ക് തരുന്നത് മറിച്ച് വലിയ ജീവന്റെ സമൃദ്ധിയാകുന്നു.

അവിടുത്തെ കാരുണ്യത്തിലും സ്നേഹത്തിലും അവിടുന്ന് നമ്മോട് ക്ഷമിയ്ക്കുന്നതിലും ഇതേ സമൃദ്ധിയുണ്ട് (യെശ. 55:7). സമൃദ്ധമായ ക്ഷമയിലും അവൻ നമ്മൾക്ക് "സമാധാനത്തിന്റേയും സത്യത്തിന്റേയും സമൃദ്ധി" നൽകുന്നു (യെശ. 33:6).

**കുറ്റപ്പെടുത്തലുകൾ അല്ല കരുതലാണ് ആവശ്യം**

ഇതിനു സമാനമായ മുൻ സംഭവത്തിൽ (ലൂക്കോ. 5:1–11) മനുഷ്യരെ പിടിക്കുന്നതിനുള്ള ദൗത്യമാണ് ശിഷ്യരാകുന്ന അവർക്ക് നൽകുന്നത് (ലൂക്കോ. 5:10). എന്നാൽ, പൂർവ്വകാല ഓർമ്മപ്പെടുത്തലുകൾ എല്ലാം പാടെ മറന്നിട്ട് പഴയതിലേക്ക് തന്നെ അവർ മടങ്ങിപ്പോകുന്നു. "അത് കർത്താവാകുന്നു" എന്ന തിരിച്ചറിഞ്ഞ് (21:7), കരയിലേക്ക് മടങ്ങിവരുമ്പോൾ കുറ്റപ്പെടുത്തലുകളോ വിചാരണകളോ ചോദ്യം ചെയ്യലോ ഒന്നുമല്ല അവരെ സ്വീകരിയ്ക്കുന്നത്. "വന്ന് പ്രാതൽ കഴിച്ചുകൊള്ളുവീൻ" (21:12) എന്ന സ്നേഹത്തിന്റേയും കരുതലിന്റെയും സ്വരമാണ്. അക്ഷമയോടെ ഇരുന്ന് ആദ്യത്തെ അവസരത്തിൽ തന്നെ കുറ്റപ്പെടുത്തലുകളുടേയും വിചാരണകളുടേയും ഭാണ്ഡം അഴിയ്ക്കുന്ന നമ്മൾക്ക് ഒരു തിരുത്തൽ മാതൃക നാം ഇവിടെ കാണുന്നു. ധൂർത്തുപുത്രന്റെ ഉപമയിലെ പിതാവും ഇതു തന്നെയാണ് ചെയ്തത് (ലൂക്കോ 15:22–24)

ഏപ്രിൽ 25

## പുതുഞായറാഴ്ചയ്ക്കുശേഷം രണ്ടാം ഞായർ

**വി. യോഹന്നാൻ 21:15–19**

**ഒരു നല്ല വിചാരണമാതൃക**

"ഞാൻ എന്റെ ജീവനെ നിനക്കുവേണ്ടി വച്ചുകളയും" (13:37) എന്നൊക്കെ പറഞ്ഞവൻ, ജീവന് ഭീഷണിയാകുന്ന ഘട്ടത്തിൽ, "അവനെ അറിയുകയില്ല" എന്ന് പറഞ്ഞു (18:17, 25, 27). പിന്നീട് നേരിട്ട് കാണുന്ന അവസരത്തിൽ, പ്രാതലും നൽകിയിട്ട് വിചാരണ ചെയ്യുന്നത് "നീയെന്നെ ഇവരേക്കാൾ അധികമായി സ്നേഹിയ്ക്കുന്നുവോ" എന്ന ചോദ്യവുമായാണ് (21:15). തള്ളിപറഞ്ഞതിനേ സംബന്ധിച്ച് രണ്ടുപേരും മൗനം അവലംബിക്കുന്നു. സ്നേഹത്തിന്റെ വിചാരണകൾ എപ്പോഴും, പതിവു മാതൃകകളെ ആയിരിക്കുകയില്ല അവലംബിക്കുന്നത്. ജീവിതത്തിൽ എന്നന്നേക്കുമായുള്ള വീണ്ടെടുപ്പിന്റെ സ്നേഹ വിചാരണയായിരിക്കും അവിടെ നടക്കുന്നത്. നമ്മുടെ ആരാധനാക്രമങ്ങളിൽ, വിചാരണയുടെ ഈ വലിയ ദിവസത്തെ വിളിയ്ക്കുന്നത് "കരുണാദിവസം" എന്നാണല്ലോ.

**"എന്നെ അനുഗമിയ്ക്കുക" (21:22)**

അനുഗമിയ്ക്കുവാനുള്ള ആഹ്വാനം ഈ സുവിശേഷത്തിന്റെ ആരംഭ ഭാഗത്തും കാണുന്നതാണ് (1:43). അല്പം ഒരു താരതമ്യത്തിന്റെ സ്വഭാവത്തോടെ ആയിരിയ്ക്കാം പത്രോസ് യോഹന്നാനെ സംബന്ധിച്ച് കർത്താവിനോട് ചോദിയ്ക്കുന്നത്, "കർത്താവേ, ഇവന് എന്തു ഭവിക്കും" (21:21) എന്ന് ബാലിശമായ ഒരു താരതമ്യത്തിനും പുനരുത്ഥാനത്തിൽ പ്രസക്തിയില്ല. അവനെ അനുഗമിയ്ക്കുക എന്നതിൽ കുറഞ്ഞ ഒരു ദൗത്യവും അതിലില്ല.

മെയ് 2

## പുതുഞായറാഴ്ചയ്ക്കുശേഷം മൂന്നാം ഞായർ

**വി. ലൂക്കോസ് 24:13–35**

പുനരുത്ഥാനം ചെയ്ത കർത്താവിന്റെ വെളിപ്പെടലിന്റെ ഏറ്റവും മനോഹരമായ ആഖ്യാനങ്ങളിലൊന്നാണ് ഈ ഭാഗം. യേശുതമ്പുരാന്റെ മഹത്വം, യിസ്രായേലിന്റെ വിടുതലിനായുള്ള പ്രത്യാശ, തിരുവെഴുത്തുകളുടെ പൂർത്തീകരണം, കർതൃമേശയുടെ പ്രാധാന്യം, ഇങ്ങനെ, വിഷയാധിക്യം കൊണ്ട് സംപുഷ്ടമായ ഭാഗമാണിത്. വി. ലൂക്കോസിന്റെ സുവിശേഷത്തിൽ മാത്രമായി കാണുന്ന ഭാഗമാണെങ്കിലും, വി. മർക്കോസിന്റെ സുവിശേഷത്തിൽ "രണ്ടുപേർ നാട്ടിലേക്ക് പോകുമ്പോൾ അവൻ മറ്റൊരു രൂപത്തിൽ അവർക്ക് പ്രത്യ

ക്ഷമായി” എന്ന് പറഞ്ഞ് (മർക്കോ. 16:12–13) ഈ സംഭവത്തെ സംബന്ധിച്ചുള്ള സൂചന നൽകുന്നുണ്ട്.

നാടകീയമായി അവതരിപ്പിച്ചിരിക്കുന്ന ഈ സംഭവത്തിന്റെ സൂക്ഷമവശങ്ങളിലെല്ലാം ആലങ്കാരികമായും അല്ലാതെയുമുള്ള വ്യാഖ്യാനസാദ്ധ്യതകൾ നിറഞ്ഞു നിൽക്കുന്നു.

(1) അവൻ നമ്മോടൊപ്പം, നാം ഒരു പക്ഷേ തിരിച്ചറിയുന്നില്ലെങ്കിലും, സഹയാത്രികനാകുന്നു – “അവൻ അടുത്തുചെന്ന് അവരോട് ചേർന്നു നടന്നു” (24:15). (ഇയ്യോബ് 9:11)

(2) യാത്രയിൽ കൂടെയുള്ളവനെ തിരിച്ചറിയാതെ പോകുന്നു! മനസ്സിന്റെ അധികഭാരവും ആകുലതയും തിരുവെഴുത്തകളിലുള്ള അജ്ഞാനവും ആശാഭംഗവും ഒക്കെ സഹയാത്രികരെ തിരിച്ചറിയുന്നതിന് തടസ്സങ്ങളാകും.

(3) അവനെ ജീവിതത്തിലേക്ക് ക്ഷണിക്കേണ്ടത് ഒരാവശ്യം തന്നെയാണ്. നമ്മിലേക്കുള്ള കടന്നുകയറ്റമല്ല, നമ്മുടെ ക്ഷണം ആണ്, ദൈവം ആഗ്രഹിക്കുന്നത് (24:28–29).

(4) മേശയിങ്കൽ നാം അവനെ തിരിച്ചറിയും (24:30–31). ‘തിരിച്ചറിവ്’ അജ്ഞതയിൽ നിന്നും ജ്ഞാനത്തിലേക്കുള്ള രൂപാന്തരമാണെന്ന് അരിസ്റ്റോട്ടിൽ പറഞ്ഞിരിക്കുന്നു. അവനെ തിരിച്ചറിയുന്നത് യഥാർത്ഥ ജ്ഞാനം. അവനെയോ മറ്റുള്ളവരെയോ തിരിച്ചറിയാത്ത മേശയുടെ അനുഭവവും നമ്മൾക്കുണ്ടാകാം. ധനവാന്റെയും ലാസറിന്റെയും ഉപമയിലെ ധനവാന്റെ മേശ (ലൂക്കോ. 16:19–21) തിരിച്ചറിവിന് തടസ്സമാകുന്നു.

5) അവനെ തിരിച്ചറിയുന്ന നിമിഷത്തിൽ അവൻ അപ്രത്യക്ഷനാകുന്നു (74:31) അത്ഭുതമായല്ല നാമിതിനെ കാണേണ്ടത്. അവനെ തിരിച്ചറിയുമ്പോൾ അവൻ നമ്മിലായിതീരുന്നു എന്നാണ്.

(6) തിരിച്ചറിഞ്ഞപ്പോൾ അവർ യാത്രയിലുണ്ടായിരുന്ന ഹൃദയത്തിലെ കത്തൽ ഓർമ്മിയ്ക്കുന്നു (24:32). അവനെ തിരിച്ചറിയുമ്പോൾ തന്നെ നമ്മുടെ പൂർവ്വകാലത്ത് അനുഗ്രഹദാതാവായി അവൻ നമ്മോടൊപ്പം നടന്നതെല്ലാം നമ്മൾക്ക് ഓർമ്മിയ്ക്കാനാകുന്നു.

(7)അവർ എഴുന്നേറ്റ് യെരുശലേമിലേക്ക് മടങ്ങുന്നു. സംഘത്തോടൊപ്പം ചേരുന്നു (24:34–35). വ്യക്തപരമായ അനുഭവങ്ങളും അനുഗ്രഹങ്ങളുമല്ല, സഭ ഒത്തുചേരുന്ന അനുഭവത്തിന്റെ പങ്കുവെയ്ക്കലുകളിലേക്ക് പുനരുത്ഥാന ദൗത്യം നമ്മെ നയിക്കും.

*abrahamthomas1969@gmail.com*

## വനിതാ സഭ

*28–ാം പേജിൽ നിന്നു തുടർച്ച*

പൂർവ്വിക വനിതകൾ. പക്ഷെ നാമിന്ന്, ഗത്സമനയുടെ തണലിൽ, രക്ഷകനായ നമ്മുടെ ക്രിസ്തുവിനെ ഉപേക്ഷിക്കുകയല്ലേ? നമ്മുടെ പൂർവ്വീകർ നിർബന്ധമായി അനുഷ്ഠിച്ചു വന്ന രണ്ടു നേരത്തെ കുടുംബ പ്രാർത്ഥനകൾ പോലും ഇന്ന് അന്യം നിന്നുപോയില്ലെ?

b) ഈ ഉയിർപ്പ് പെരുന്നാളിലും എത്ര കോടികളുടെ മദ്യകുപ്പികളാണ് നമ്മുടെ വീട്ടിലെ പുരുഷപ്രജകൾ കുടിച്ചുതീർത്തത്? ഈ ദുഃസ്ഥിതിയിൽ നമുക്കും പങ്കില്ലേ? കുടിയനായ കണവനെ നിന്ദിക്കുകയും അധിക്ഷേപിക്കുകയും; അതേ സമയം സ്നേഹിക്കുകയും ചെയ്യാനല്ലെ നമുക്കറിയൂ? പുതിയ മനഃശാസ്ത്രപഠനങ്ങൾ ഒരു സത്യം കൂടി കണ്ടെത്തിയിട്ടുണ്ട്. “ദാമ്പത്യത്തിലെ സ്നേഹനിരാസങ്ങളാണ്, സന്തോഷമില്ലായ്മയാണ്, കുടുംബസ്ഥരെ ബാറിലും പാർലെറിലും കൊണ്ടെത്തിക്കുന്നത്”. നമ്മുടെ ഭരണകർത്താക്കൾ, നമുക്കും ഒരു ഒത്താശ ഒരുക്കുന്നുണ്ട്, ഈ ഉയിർപ്പുകാലങ്ങളിൽ. സ്ത്രീകൾക്കും കുട്ടികൾക്കും കുടിക്കാൻ, ലഹരികുറഞ്ഞ ശീതളപാനിയങ്ങൾ ഒരുക്കുന്നു. തീയിലും പുകയിലും കുടുങ്ങി ജീവിതം ഹോമിക്കുന്ന വീട്ടമ്മമാർക്കുള്ള ഈ പാനിയോപഹാരം ഉടനെ വിപണികളിലെത്തും.

e) കാൽവറിയിലേക്കുള്ള യാത്രാമദ്ധ്യേ ക്രിസ്തു പറഞ്ഞതോർമ്മയുണ്ടോ? “യരുശലേം പുത്രിമാരെ... നിങ്ങളുടെ മക്കളെ ചൊല്ലി കരവീൻ”. നമുക്കിന്നു, മക്കളെ കരുതാൻ ഇടമെവിടെ? സമ്പത്ത് ആർജ്ജിക്കാനുള്ള നെട്ടോട്ടമാണ്. ഇതിനിടയിൽ നഷ്ടമാകുന്നത് നമ്മുടെ പൊന്നോമനകളാണ്. ജീവിതത്തിന്റെ പ്രതിസന്ധി ഘട്ടങ്ങളെ തരണം ചെയ്യാനുള്ള ക്രിസ്തീയ മൂല്യങ്ങൾ നാം അവരിൽ ഉറപ്പിച്ചിട്ടുണ്ടോ? മൂല്യബോധമില്ലാത്ത നമ്മുടെ മക്കൾ, അന്യ സംസ്ഥാനങ്ങളിലെ പ്രൊഫഷണൽ കോളേജുകളിൽ ചേക്കേറുന്നതോടെ, അവരുടെ താളം തെറ്റുകയായി. അവരുടെ മൂകവിലാപങ്ങൾക്കു കാതോർക്കാൻ ആരുണ്ടെവിടെ? കൗമാരക്കാരുടെ നിണമണിഞ്ഞ കാല്പാടുകളാണ് കേരള മണ്ണിലാകെ. ദിനംപ്രതി പെരുകി വരുന്ന കുട്ടികളുടെ ആത്മഹത്യാ നിരക്ക് നമ്മുടെ ഉറക്കം കെടുത്താറില്ലെ?

d) യേശു കുരിശിൽ കിടക്കുമ്പോഴും അമ്മയോടുകാട്ടിയ സ്നേഹം, ഈ ഉയിർപ്പു പെരുന്നാളിൽ നമുക്ക് അനുസ്മരിക്കാം. പ്രാണൻ തന്നു നമ്മെ വളർത്തിയ നമ്മുടെ വൃദ്ധ മാതാപിതാക്കൾ – അമ്മായി അപ്പനും അമ്മായി അമ്മയും–ഇന്നെവിടെയാണ്? വൃദ്ധസദനങ്ങളുടെ എണ്ണം ദിനംപ്രതി പെരുകുകയാണ്.

e) കർത്താവിന്റെ കാലത്തും അതിനു മുൻപും ഉണ്ടായിരുന്ന റബ്ബിമാരും, സോക്രട്ടീസ്, അരിസ്റ്റോട്ടിൽ തുടങ്ങിയ മഹാന്മാരും സ്ത്രീകൾക്കു മാന്യസ്ഥാനം കൊടുത്തിരുന്നില്ല. സ്ത്രീകളോടുള്ള വിവേചനത്തിന്, പുനരുത്ഥാനത്തിലൂടെ, ക്രിസ്തു അന്ത്യം കുറിച്ചു. ഉയർത്തെണീറ്റ ക്രിസ്തു, സ്ത്രീകൾക്കാണ് ആദ്യം പ്രത്യക്ഷപ്പെട്ടത്. യഹൂദ പാരമ്പര്യത്തിൽ, സ്ത്രീകളുടെ സാക്ഷ്യത്തിന് നിയമ ദൃഷ്ടിയിൽ സ്ഥാനമില്ല. അതറിഞ്ഞുകൊണ്ടു തന്നെയാണ്, പുനരുത്ഥാനത്തിന്റെ പ്രഥമ സാക്ഷികളായി, യേശു സ്ത്രീകളെ തെരഞ്ഞെടുത്തത്.

പക്ഷെ, ക്രിസ്തുവിന്റെ ഉയിർപ്പ് ഉയർത്തിയ പുതിയ മാനവികത എവിടെ? സ്ത്രീ എന്നോ പുരുഷനെന്നോ, അടിമയെന്നോ, ഉടമയെന്നോ ഉള്ള വേർതിരിവ്, ദൈവരാജ്യ വ്യവസ്ഥിതിക്കു വെളിയിലാണ്. ക്രിസ്തുവോടുകൂടെ പഠിച്ചും പഠിപ്പിച്ചും, ഗ്രഹിച്ചും സഹിച്ചും, ഉണ്ടും ഉറങ്ങിയും, ആ മഹാമനീഷികൾ ഉറപ്പിച്ചെടുത്ത ആദിമസഭയുടെ പാരമ്പര്യങ്ങളെവിടെ? വനിതകൾക്ക് അവർ നേടിക്കൊടുത്ത ക്രിസ്തുവിലെ സ്വാതന്ത്ര്യം, സഭയിലെ സമത്വം, നമുക്കിന്ന് ലഭിക്കാതെ പോകുന്നെങ്കിൽ അതിനൊരു അടിസ്ഥാന കാരണമുണ്ടാകാം:– യേശുവിന്റെ ദർശനത്തോളമുയരാൻ ക്രിസ്തുശിഷ്യർക്കിന്ന് കഴിയാത്തതല്ലെ.

*നമുക്കു യേശുവോടു ചേർന്നു നടക്കാം–വൃന്ദാവനത്തിലെ ഗോപികമാരെപ്പോലെ..*

*പുതുക്കി പ്രതിഷ്ഠിക്കാം–മഗ്ദലയിലെ മറിയെപ്പോലെ...*

*മഴവില്ലിനു വർണ്ണംപോലെ; പൂവിനു സുഗന്ധം പോലെ*

*ഉയിർപ്പിനു പുതുക്കമാണ് പ്രധാനം; ഓർമ്മിക്കുക.*

### തിരുത്ത്

കഴിഞ്ഞ ലക്കം വനിതാ പംക്തിയിലെ ‘സഫലമയിടട്ടെ ഈ തീർത്ഥയാത്ര’ എന്ന ലേഖന കർത്താവ് പ്രൊഫ. മേരി മാത്യു കുഴിമറ്റമായിരുന്നു. ലേഖന കർത്താവിന്റെ പേര് തെറ്റായി രേഖപ്പെടുത്തിയതിൽ ഖേദിക്കുന്നു.

## 2ND DEATH ANNIVERSARY
## 22-4-2010



**ANNAMMA KOCHUNJU**

**VANIYAPURACKAL**
**KIZHAKKUMBHAGOM P.O.**
**NIRANAM**


# CHURCH BOOKS
## Parish Management Software

- അക്കൗണ്ടിംഗിൽ പ്രാവീണ്യമില്ലാത്തവർക്ക് ഉപയോഗപ്രദമായ ഇടവക മാനേജ്മെന്റ് സോഫ്ട്വെയറാണ് ചർച്ച് ബുക്ക്സ്.
- കഠിനമായ പരിശീലനം കൂടാതെ ഉപയോഗിക്കുവാൻ സാധിക്കുന്നു. വലിയ ഇടവകകൾക്കും, ചെറിയ ഇടവകകൾക്കും ഒരുപോലെ ഉപകാരപ്രദമായ റിപ്പോർട്ടിംഗ് സംവിധാനം
- എല്ലാവിധമായ റിപ്പോർട്ടുകൾക്കും, കണക്കുകളും കൃത്യമായി വേഗം തയ്യാറാക്കപ്പെടുന്നു.

ചർച്ച് ബുക്ക്സിൽ ലഭ്യമായവ:

Day book • Receipt & Payments • Income & Expenditure A/cs, Balance sheets • Budget • ledger • Depreciation details • All members contribution report Arrear list • Voting list • Birthdays & Anniversaries • Family register & contributions • Marriage register Baptism register • Death Register • Ex-parishners • Confession register and many more...

**Pristine Solutions**

Parayil Buildings, Girideepam School Road
Kalathipady, Kottayam, Kerala
**Ph: 0481 6500168, 98471 82518**
E-mail: pristine_solutions@yahoo.co.in


## ഗിവ്സൈറ്റ് പ്രോജക്ട് കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

MOSC മെഡിക്കൽ മിഷൻ കാര്യമ്പാടി കണ്ണാശുപത്രി 1986-ൽ ആരംഭിച്ചു. ഇപ്പോൾ ഒരു സൂപ്പർ സെപെഷ്യാലിറ്റി നേത്ര ചികിത്സാലയമായി സ്ഥാപനം വളർന്നു. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയും വൈസ് പ്രസിഡണ്ട് അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലീമ്മീസ് തിരുമേനിയും ആണ്.

തിമിരം ബാധിച്ച് കാഴ്ച നഷ്ടപ്പെട്ട പാവപ്പെട്ട അന്ധർക്ക് സൗജന്യമായി ശസ്ത്രക്രിയ നടത്തി കണ്ണിനുള്ളിൽ ഇൻട്രാഒക്കുലർ ലെൻസ് വെച്ച് കാഴ്ച നല്കുന്നതിനാരംഭിച്ച പദ്ധതിയാണ് ഗിവ്സെറ്റ്. അതിനൂതന താക്കോൽ ദ്വാരശസ്ത്രക്രിയ വഴി ലെൻസ് കണ്ണിനുള്ളിൽ വയ്ക്കുന്നതിനാൽ തുന്നലിടേണ്ടതില്ല. അതുകൊണ്ടു അന്നുതന്നെ രോഗിക്ക് വീട്ടിലേക്കു പോകാനും തടസ്സമില്ല. ഈ ശസ്ത്രക്രിയക്ക് സ്വകാര്യ ആശുപത്രികളിൽ 10000 രൂപയിലേറെ ഫീസുവാങ്ങാറുണ്ട്. ഈ പദ്ധതി പ്രകാരം 4349 ശസ്ത്രക്രിയ ഇതിനകം ഇവിടെ നിന്നും സൗജന്യമായി നടത്തികൊടുത്തിട്ടുണ്ട്. 2007-2008 സാമ്പത്തിക വർഷത്തിൽ 1518790 രൂപയുടെ സൗജന്യ ചികിത്സ അർഹതപ്പെട്ടവർക്ക് നല്കുകയുണ്ടായി. സന്മനസ്സുള്ളവർ സഹായിക്കാൻ തയാറായതുകൊണ്ട് മാത്രമാണ് ഞങ്ങൾക്കിത്രയും ചെയ്യാൻ സാധിച്ചത്. തുടർന്നും സഹായം അഭ്യർത്ഥിക്കുന്നു. സഹായിച്ചവരെ നന്ദിയോടെ ദൈവസന്നിധിയിൽ ഓർക്കുന്നു.

ഈ പദ്ധതിയോട് താല്പര്യമുള്ള ആർക്കും അംഗങ്ങളാകാവുന്നതാണ്. ഒരു ശസ്ത്രക്രിയക്ക് 1000 രൂപ എന്ന നിരക്കിലാണ് സംഭാവനകൾ അയയ്ക്കേണ്ടത്. അതുപയോഗിച്ച് നിങ്ങളുടെ പേരിൽ പാവപ്പെട്ട ഒരന്ധന് ശസ്ത്രക്രിയ നടത്തി കാഴ്ച നൽകുന്നു. കാഴ്ച ലഭിച്ച വ്യക്തിയുടെ വിവരങ്ങൾ യഥാസമയം സംഭാവന നൽകിയവർക്ക് അയച്ചുകൊടുക്കുന്നു. ഇതേ രീതിയിൽ എത്ര രോഗികളെ വേണമെങ്കിലും സ്പോൺസർ ചെയ്യാവുന്നതാണ്. ജന്മദിനം, വിവാഹദിനം, വാങ്ങിപ്പോയവരുടെ ഓർമ്മദിനം, ആദ്യ ശമ്പളം കിട്ടുന്ന ദിനം, ജോലിയിൽ പ്രൊമോഷൻ ലഭിക്കുന്ന ദിനം, അതുപൊലെ മറ്റു വിശേഷാവസരങ്ങൾ വരുമ്പോഴൊക്കെയും ഓർമ്മ വയ്ക്കുക ഗിവ്സൈറ്റ് പദ്ധതി വഴി ഏതെങ്കിലും ഒരു പാവപ്പെട്ട അന്ധനു കാഴ്ച നല്കുന്ന കാര്യം.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ **F.C.R.A.** അനുവാദവും ഇൻകം ടാക്സ് **80 G** ഇളവിനുള്ള അനുവാദവും ഈ സ്ഥാപനത്തിനു ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവനകൾ: ചെക്ക്/ഡി.ഡി./എം.ഒ. ആയി അയയ്ക്കേണ്ട അഡ്രസ്സ് : **Treasurer, Givesight Project, M.O.S.C. M.M. Eye Hospital, Kariambadi P.o., Pin-673591, Wayanad, Kerala, India** എന്നതാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)

*29-ാം പേജിൽ നിന്നു തുടർച്ച*

എല്ലാവർക്കും സംതൃപ്തരാകാൻ പറ്റില്ല. ദൈവത്തിന്റെ മനസ്സുള്ളവർക്കേ സംതൃപ്തി ലഭിയ്ക്കൂ. അസംതൃപ്തി ദൈവത്തെ വിസ്മരിക്കുന്ന അവസ്ഥയാണ്. എന്തു നല്കിയാലും തൃപ്തി പ്രകടിപ്പിക്കാത്ത അവസ്ഥ ലജ്ജാർഹമാണ്. ദൈവം നല്കുന്ന ജീവിതാവസ്ഥകളിൽ സംതൃപ്തി പ്രകടിപ്പിക്കുമ്പോൾ, ദൈവം കൂടുതൽ നന്മകൾ നല്കും. അസംതൃപ്തരാകുമ്പോൾ ദൈവവും പിൻവലിയും.

'Christian life day by day' എന്ന പുസ്തകത്തിൽ കാർഡിനൽ സ്യൂനൻ നല്കുന്ന ഒരു ലഘുവിവരണം പ്രസക്തമാണ്. അപ്രതീക്ഷിതമായി തീപിടിച്ച ഒരു കെട്ടിടത്തിൽ നിന്ന് എല്ലാവരും രക്ഷപെട്ടെങ്കിലും ഒരു കുട്ടി മാത്രം അതിലുൾപ്പെട്ടു. എന്നാൽ, രക്ഷപെട്ടവർ ഈ കുട്ടിനിന്നതിന് അടിവശത്തായി സുരക്ഷിതമായി താഴേക്ക് ചാടുവാനായി സൗകര്യങ്ങളൊരുക്കി. കുട്ടിയുടെ പിതാവ് താഴേക്ക് ചാടുവാൻ ഉറക്കെ ആവശ്യപ്പെട്ടു. എന്നാൽ പുകച്ചുരുളുകൾ മൂലം തനിയ്ക്കൊന്നും കാണാൻ സാധിയ്ക്കുന്നില്ല എന്നായിരുന്നു കുട്ടിയുടെ മറുപടി. "മകനെ നിനക്ക് കാണുവാൻ സാധിയ്ക്കുന്നില്ലെങ്കിലും ഞങ്ങൾക്കു നിന്നെ കാണാം" എന്ന് പിതാവ് ധൈര്യപ്പെടുത്തിയപ്പോൾ അവൻ താഴേക്ക് ചാടുകയും രക്ഷപെടുകയും ചെയ്തു. ജീവിതത്തിലനുനിമിഷം ഉണ്ടാകുന്ന നിരാശയുടെയും, അസ്വസ്ഥതയുടെയും പുകച്ചുരുൾ മൂലമാണ് നമുക്ക് പലപ്പോഴും ജീവനുള്ള ദൈവത്തെ കാണുവാൻ സാധിക്കാതെ പോകുന്നത്. എന്നാൽ ദൈവം നമ്മെ കാണുന്നുണ്ട് എന്ന യാഥാർത്ഥ്യം നാം ഉൾക്കൊള്ളണം. മനസ്സ് സംതൃപ്തമാകുമ്പോൾ സംശയത്തിന്റെയും, വിദ്വേഷത്തിന്റെയും പുകച്ചുരുളുകൾ അപ്രത്യക്ഷമാകും. "ഭയം ജീവിതത്തിന്റെ വാതിലിൽ മുട്ടി വിളിച്ചപ്പോൾ വിശ്വാസത്തിലധിഷ്ഠിതമായ സംതൃപ്തി പ്രതികരിച്ചു. ഭയത്തിന്റെ ലാഞ്ചന പോലും പിന്നീടവിടെ കണ്ടില്ല" എന്ന ചിന്ത അർത്ഥവത്താണ്.

ജീവിതത്തിലെ ഓരോ സംഗതികളെപ്പറ്റിയും ആലോചിച്ച് നിരാശരാകുന്നത് പരാജയത്തിന്റെ സൂചനയാണ്. സംതൃപ്തി നഷ്ടപ്പെടുമ്പോഴാണ് ഇപ്രകാരമുള്ള സാഹചര്യം കടന്നുവരുന്നത്. നമ്മുടെ ജീവിതം സംതൃപ്തമാകണമെങ്കിൽ, നമ്മെ ഏൽപിച്ചതുമാത്രം നാം ചെയ്യുകയും ബാക്കി ദൈവത്തിൽ ഏൽപിക്കുകയും വേണം. *'സുന്ദരികളും, സുന്ദരന്മാരും'* എന്ന കൃതിയിൽ ഉറൂബ് ഇപ്രകാരം കുറിച്ചിട്ടിരിക്കുന്നു.

"അനിയാ, എല്ലാക്കാര്യങ്ങളും ഓർത്ത് ഇങ്ങനെ വിഷമിക്കാതെ കുറെ മുകളിലുള്ളവനും കൊടുക്ക്. എല്ലാം നീ തന്നെ ചെയ്യാൻ ശ്രമിച്ചാൽ അദ്ദേഹത്തിന് പണിയില്ലാതെ വരുമല്ലോ?"

മനുഷ്യമനസ്സിൽ സംതൃപ്തി നഷ്ടപ്പെടുമ്പോൾ സംതൃപ്തിയുടെ വിത്തു വിതപ്പാൻ കടപ്പെട്ടവരാണ് നാം. എല്ലാ മേഖലയിലും ഒറ്റപ്പെടലുകൾ അനുഭവിയ്ക്കുന്നവരുള്ളപ്പോൾ നമുക്കു ലഭിച്ച സംതൃപ്തിയിൽ, അനുഭവങ്ങളിൽ നാം സംതൃപ്തിപ്പെടണം. ഇന്ന് ലോകം നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്ന്, പങ്കുവെയ്ക്കുവാനും, അംഗീകരിക്കുവാനും ഉള്ളവരുടെ കുറവാണ്. റഷ്യൻ സാഹിത്യകാരനായ Anton Chekov ന്റെ പ്രസിദ്ധമായ ഒരു കൃതിയിൽ ഒരു കുതിരക്കാരന്റെ അനുഭവം വിവരിയ്ക്കുന്നു. തന്റെ പ്രീയപ്പെട്ടവളുടെ വേർപാടു മൂലം വേദനിയ്ക്കുന്ന ആ മനുഷ്യൻ, തന്റെ കുതിരവണ്ടിയിൽ യാത്രചെയ്ത പലരോടും ഈ ദു:ഖം പങ്കുവച്ചെങ്കിലും ആരും ശ്രദ്ധിച്ചില്ല. അവസാനം തന്റെ വേദന, മിണ്ടാപ്രാണിയായ കുതിരയോട് അക്കമിട്ടു നിരത്തി ആശ്വാസം കണ്ടെത്തുന്നതായി കഥാകൃത്ത് വിവരിയ്ക്കുന്നു. നമ്മുടെ സംതൃപ്തിയും, സഹോദരന്റെ സംതൃപ്തിയുടെ സംരക്ഷണവും നമ്മുടെ ചുമതലയാണ്.

'ധീരത' എന്നപദം തന്നെ സംതൃപ്തിയുടെ വകഭേദമാണ്. "ധീ" (ബുദ്ധി)യുടെ വിവേകപൂർണ്ണമായ വിന്യാസമാണ് 'ധീരത' എന്നതുകൊണ്ടർത്ഥമാക്കുന്നത്. ലഭിച്ചിരിക്കുന്ന സാഹചര്യങ്ങളിൽ സംതൃപ്തി കണ്ടെത്തി, അതിനാൽ പ്രതിസന്ധികളെ അതിജീവിക്കുവാൻ സാധിക്കും എന്ന തിരിച്ചറിവാണ് 'ധീരത'യിലേക്ക് നമ്മെ നയിക്കുന്നത്. അസംതൃപ്തി ഭീരുവിന്റെ മറയാണ്. ഭയം വർദ്ധിക്കുമ്പോഴാണ് അസംതൃപ്തിയും വർദ്ധിക്കുന്നത്. ജീവിതാനുഭവങ്ങളെ ദൈവാശ്രയത്തോടെ ക്രമീകരിച്ച്, വിവേകപൂർവ്വം ജീവിതത്തിന്റെ വിവിധതലങ്ങളോട് ബന്ധപ്പെടുത്തുമ്പോൾ ധൈര്യവും, സംതൃപ്തിയും സംജാതമാകും.

ജീവിതത്തിൽ ലഭ്യമാകുന്ന സാഹചര്യങ്ങളെ വിസ്മരിച്ച്, മറ്റു പലതുമായി തുലനം ചെയ്യുമ്പോഴാണ് സംതൃപ്തി നഷ്ടപ്പെടുന്നത്. മറ്റുള്ളവരെ നിസ്സാരരാക്കുകയും, സ്വയം ഉയരാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ അസംതൃപ്തി സന്തുലിതാവസ്ഥയാണ്. നമ്മുടെ സന്തുലിതാവസ്ഥയിലേക്ക് മറ്റുള്ളവരെ ക്ഷണിക്കുന്ന ഒരു അനുഭവമാണിത്.

> മനുഷ്യമനസ്സിൽ സംതൃപ്തി നഷ്ടപ്പെടുമ്പോൾ സംതൃപ്തിയുടെ വിത്തുവിതപ്പാൻ കടപ്പെട്ടവരാണ് നാം. എല്ലാമേഖലയിലും ഒറ്റപ്പെടലുകൾ അനുഭവിയ്ക്കുന്നവരുള്ളപ്പോൾ നമുക്കു ലഭിച്ച സംതൃപ്തിയിൽ, അനുഭവങ്ങളിൽ നാം സംതൃപ്തിപ്പെടണം.

James Newman എന്ന ചിന്തകന്റെ 'No Putdown game' (കൊച്ചാക്കൽ വേണ്ട) എന്ന ചിന്തയും, "Put people up" (കഴിയും വിധം മറ്റുള്ളവരെ ഉയർത്താനുള്ള ശ്രമം) എന്ന വ്യാഖ്യാനവും ചിന്തനീയമാണ്. മറ്റുള്ളവരെ നമ്മെക്കാൾ ശ്രേഷ്ഠരാണെന്നു കണക്കാക്കുന്ന അനുഭവം സംതൃപ്തിയുടെ തലം പ്രദാനം ചെയ്യും.

മുസ്ലീം നിയമസംഹിതയിൽ 2 പ്രമാണങ്ങൾ വ്യക്തമാക്കുന്നു. ശരിഅ: (നിന്റേത് നിന്റേതും, എന്റേത്, എന്റേതും)

മ്അരീഫ്: (നിന്റേതെന്നും, എന്റേതെന്നും എന്നൊന്നില്ല) 'മ്അരീഫ:' എന്നതലമാണ് ഉദാത്ത സംതൃപ്തിയുടെ പ്രതീകം. 'എല്ലാം പൊതുവക' എന്ന ചിന്ത അനുഗൃഹീതമാണ്. സ്വാർത്ഥതമറന്ന്, നിസ്വാർത്ഥരാകുമ്പോൾ ദൈവീക സംതൃപ്തി ലഭ്യമാകും.

ക്രിസ്തുവിന്റെ ഉത്ഥാനം ഉത്തമമായ സംതൃപ്തിയുടെ തലമാണ് പ്രദാനം ചെയ്യുന്നത്. ആ പുനരുത്ഥാന പ്രതീക്ഷയാണ് ദൈവാധിഷ്ഠിത സംതൃപ്തി നല്കുന്നത്. ദൈവദാനത്തിൽ അടിയുറച്ച് ലഭിച്ചതിന് നന്ദി അർപ്പിച്ച്, ദൈവത്തെ മഹത്വപ്പെടുത്തുന്ന അനുഭവം നമുക്ക് സ്വീകരിക്കാം. ■

## VIVEKANANDA

Womens Educational Institutions
Thiruchengode, Erode

ഇന്ത്യയിലെ നമ്പർ 1 കോളെജ് ഗ്രൂപ്പ്
21000 പെൺകുട്ടികൾ
200 കോളെജ് ബസുകൾ

**ENGINEERING:** Electronis, Computer, IT, Electrical, Bio-technology, Instrumentation

**BDS, BPharm, MPharm, BEd, MEd, TTC,**
**BSc Nsg, MSc Nsg, Gen Nsg**

Mphil, MBA, MCA,
BSc & MSc all Subjects, BBA BCA, BCom, BSc Comp, IT, SE, Comp. Tech,
5 yr MSc (For +2) in IT, Comp. Technology, Soft Engg.

(General hospital, Eye hospital Dental Hospital attached)

**No donation-Less fee**

for admission,

*Contact:-*
**9447453123**
**9037753123**



## WITHOUT ANY DONATION

***advance seat reservation via*** കൃപാവരം

Chance to first 1,500

### എൻജിനീയറിംഗ്

•Mechanical •Electronics & Communication
•Civil •Marine •Electrical & Electronics
•Electronics & Instrumentation •Automobile
•Computer Science •Aeronautical •Textile
•Biomedical •Biotechnology •Petroleum •IT
•Medical Electronics •Polymer etc.

**BDS** (40 seats)
**Pharm D** (40 seats)
**BAMS** (20 seats)
**BPharm** (60 seats)
**BSc Nursing** (330 seats in top 15 Hospitals & Medical Colleges)
**Medicine** (10 seats)

സ്വകാര്യ ഡീംഡ് യൂണിവേഴ്സിറ്റികളിൽ ആരെയും ചേർക്കില്ല. ബാംഗ്ലൂർ സിറ്റിയിലേക്കും ഇല്ല. പെൺകുട്ടികൾക്ക് കഴിവതും girls colleges മാത്രം.

കോയമ്പത്തൂർ, ഈറോഡ്, തെങ്കാശി, തിരുനെൽവേലി, തൂത്തുക്കുടി, നാഗർ കോവിൽ, മംഗലാപുരം, മൈസൂർ തുടങ്ങിയ കേരളത്തോടു ചേർന്നുള്ള സ്ഥലങ്ങളിലെയും ചെന്നൈ, പോണ്ടിച്ചേരി, ആന്ധ്ര എന്നിവിടങ്ങളിലെയും ഒന്നാംനിര കൊളെജുകളിൽ അടുത്ത ബാച്ചിൽ, ഡൊണേഷനൊന്നും നൽകാതെ ഫീസ് മാത്രം നൽകി പഠിക്കാൻ ഇപ്പോൾ സീറ്റുകൾ ബുക്കു ചെയ്യാം. അതതു കോളെജിന്റെ പേരിലെടുത്ത DD ആയി Reservation Fee നൽകിയാൽ മതി. ഈ തുക ഒന്നാംവർഷ ഫീസിൽ ഉൾപ്പെടുത്തും. +2 റിസൾട്ടിനുശേഷം ബാക്കി ഫീസ് മാത്രം അടച്ച് കോളെജിൽ ചേർന്നാൽ മതി.

**All Colleges approved by AICTE/DCI/PCI/INC/MCI etc.**

+2 വിന് വേണ്ടത്ര മാർക്ക് ഇല്ലാതെ വരികയോ **entrance merit**-ൽ പ്രവേശനത്തിനു യോഗ്യത നേടുകയോ ചെയ്താൽ **booking fee** തിരികെ ലഭിക്കുന്നതാണ്.

- എല്ലാ **advance booking** സൗകര്യവും 'ആദ്യം വരുന്നവർക്ക് ആദ്യം' ക്രമത്തിൽ.
- സുഹൃത്തുക്കൾക്ക് ഒരേ കോളെജിൽ ഒന്നിച്ചുതന്നെ പഠിക്കാൻ സൗകര്യം മുൻഗണനാക്രമത്തിൽ ലഭ്യമാക്കുന്നതാണ്.
- All colleges offer placement after study. Colleges include Vivekanandha Group Erode and other famous girls only colleges also. Many colleges under Christian Management.

എല്ലാ കുട്ടികൾക്കും migration certificate സൗജന്യമായി അതതു കോളെജിൽ ലഭ്യമാക്കുന്നു.
അർഹരായവർക്ക് പഠനത്തിന്റെ ഓരോ വർഷവും നോട്ടുബുക്ക് അലവൻസും നൽകുന്നു.

All Admissions Sponsored by
കൃപാവരം KRIPAVARAM
Charitable Society
Reg. Q 275/05

for details of colleges, courses, fee, admission procedure etc.
**94474 53123, 90377 53123, 90374 11253**
kripavaram97@gmail.com, manappallypally@gmail.com
- Joshi B. John MSc BEd, Secretary & Correspondent

**THE PEOPLE WHO CARE FOR THE PUPILS**



## SCAD COLLEGES

**Thirunelveli & Thoothukkudi**

**ENGINEERING:** Mechanical, Civil, Aeronautical, Computer, IT Electronics, Electrical

MBA, MCA, MTech,

3 hours from Punalur
*Contact*
**9447453123**



## S. V. ENGINEERING COLLEGE

**Chittoor**
(NBA Accredited)
Civil, Mechanical Electronics, Computer Electrical, IT

**MBA, MCA, MTech**



## YASHODA - HYDERABAD
## SRI GOKULAM- SALEM
### LALITHA HOSPITAL - GUNTUR

**BSc., MSc & General Nursing**



## JKK COLLEGES

**ERODE**

**ENGINEERING:** Mechanical, Computer, Electronics, Electrical, Automobile etc.

**BDS, Pharm D,**
**B. Pharm, M.pharm**
**BPT, BOT, MPT, MOT,**

*Contact:*
**9447453123**



## SENGUNTHAR

**Engineering College**
**Women's Engg. College**
**Art & Science College**

Thiruchengode, Erode

**ENGINEERING:**

Mechanical, Civil,
Medical Electronics
Electronics, Electrical
Computer, IT etc.

**MBA, MCA**

all UG & PG Courses

*Contact:*
**9447453123**

## കാതോലിക്കേറ്റ്...

*9–ാം പേജിൽ നിന്നു തുടർച്ച...*

ക്ഷിച്ചു. പാത്രിയർക്കീസിന്റെ എല്ലാ അധികാരങ്ങളും തുല്യമായി കാതോലിക്കായ്ക്കും ഉള്ളതായി വിളംബരം ചെയ്തു. 1934 ലെ മലങ്കരസഭാ ഭരണഘടന അതിൻപ്രകാരം ക്രോഡീകരിച്ചു. 1958–ലെയും 1995 ലെയും സുപ്രീം കോടതി വിധിയിലൂടെ ഈ സത്യം അരക്കിട്ടുറപ്പിക്കുകയും ചെയ്തു. മലങ്കരസഭയ്ക്ക് ന്യായമായും രൂപീകരിച്ച് വിളംബരം ചെയ്യാമായിരുന്ന കാതോലിക്ക സ്ഥാപനം നൂറ്റാണ്ടുകൾക്കു ശേഷം ദീർഘമായ ഒരു കാത്തിരിപ്പിന്റെ ഫലമായി പരിശുദ്ധാത്മാവ് ദാനമായി നൽകിയെന്നു കണക്കാക്കാം.

മലങ്കരയുടെ കാതോലിക്കേറ്റിന്റെ ശതാബ്ദി ആഘോഷങ്ങൾ നടത്തുവാൻ നാം തയ്യാറെടുക്കുന്ന ഈ സാഹചര്യത്തിൽ കാതോലിക്കേറ്റിന്റെ പ്രസക്തി വിശദമാക്കേണ്ടിയിരിക്കുന്നു. മലങ്കരയിലെ കാതോലിക്കാസ്ഥാപനം എന്നതിൽ കൂടി മലങ്കരസഭാ മേലദ്ധ്യക്ഷന് മെത്രാന്മാർക്കു പട്ടം കൊടുക്കുവാനും മൂറോൻ കൂദാശ ചെയ്യുന്നതിനുമുള്ള സർവ്വസ്വാതന്ത്ര്യമുണ്ടെന്നു മാത്രമേ നാം പലപ്പോഴും കാണുന്നുള്ളു. കാതോലിക്കേറ്റിന്റെ സാംഗത്യം ഇതിലൊക്കെ വളരെ ഉന്നതമാണ്. മൂറോൻ കൂദാശയും മേല്പട്ടക്കാരെ വാഴിക്കുന്നതും ഒരു സ്വതന്ത്ര സഭയായി തുടരുന്നതിനു നമ്മെ സഹായിക്കുന്നു. എന്നാൽ ഇവിടുത്തെ കാതോലിക്കേറ്റിന്റെ പ്രസക്തി സ്വാതന്ത്ര്യത്തിലൂന്നി ദൈവസ്നേഹത്തിന്റെ ആവിഷ്ക്കാരം എല്ലാ തലങ്ങളിലും പ്രസ്പഷ്ടമാക്കുക എന്നതാണ്. സഭ ക്രിസ്തുവിന്റെ ശരീരമാണ്. ഇത് വിശുദ്ധവും ഏകവും കാതോലികവും അപ്പസ്തോലികവുമാണ്. സഭയുടെ വിശുദ്ധി സംരക്ഷിക്കുവാൻ കൗദാശികമായ അനുഷ്ഠാനങ്ങളും ആചാരമര്യാദകളും നാം മുറുകെപ്പിടിക്കേണ്ടതുണ്ട്. എന്നാൽ ക്രിസ്തുവിൽ വിശ്വസിക്കുന്ന വിവിധ സഭകളുടെ സഹവർത്തിത്വത്തിൽ കഴിയുന്ന കാതോലിക്കേറ്റിന് ഏറ്റവും കുറഞ്ഞത് മാർത്തോമ്മാ പൈതൃകത്തിലുള്ള ക്രിസ്തീയ വിഭാഗങ്ങളുടെയെങ്കിലും ഐക്യത്തിനു വിനയപൂർവ്വം ശ്രമിക്കുവാൻ സഭയുടെ 'ഏകം' എന്ന സ്വത്വത്തിന്റെ അടിസ്ഥാനത്തിൽ നമുക്കു ബാധ്യതയുണ്ട്. ഒരുപക്ഷെ, മറ്റു വിഭാഗങ്ങളുമായി യോജിച്ച് ഒരു സഭയായി പൂർണ്ണ അർത്ഥത്തിൽ പോകുവാൻ പെട്ടെന്ന് സാധിച്ചെന്നു വരുകയില്ലെങ്കിലും അവരുമായി കൂടുതൽ സുഹൃദ്ബന്ധത്തിൽ ജീവിക്കുവാൻ നമുക്കു കഴിയേണ്ടതല്ലേ?

സഭയിൽക്കൂടി ക്രിസ്തു സർവ്വജാതികൾക്കുമായി ദാനം ചെയ്യുന്ന രക്ഷാസന്ദേശം എല്ലാവർക്കും എത്തിക്കുകയെന്നതിൽ അധിഷ്ഠിതമാണല്ലോ സഭയുടെ കാതോലികത. ക്രിസ്തുവിന്റെ രക്ഷാപദ്ധതിയിൽക്കൂടെ തന്റെ മനുഷ്യരായ സർവ്വ മക്കൾക്കും നൽകുന്ന സ്വാതന്ത്ര്യവും സമാധാനവും എല്ലാവർക്കും അനുഭവവേദ്യമാക്കി സർവ്വമനുഷ്യരെയും ദൈവരാജ്യ ജീവിതശൈലിയിലാക്കിത്തീർക്കുകയെന്നതല്ലേ സഭയുടെ മിഷൻ അഥവാ ദൗത്യം? ക്രിസ്ത്യാനികളുടെ ഒരു ലോക സാമ്രാജ്യസ്ഥാപനം എന്നതിൽ നിന്നു വ്യത്യസ്തമായി ക്രിസ്തീയ ആത്മീയ ദർശനങ്ങളുടെ ചക്രവാളത്തിൽ മനുഷ്യവർഗ്ഗത്തെ മുഴുവനും ഉൾപ്പെടുത്തുവാൻ കഴിയുമ്പോഴാണ് സഭയുടെ കാതോലികത്വം യാഥാർത്ഥ്യമാകുന്നത്.

നമ്മുടെ ആരാധന സർവ്വമനുഷ്യരെയും സമസ്തലോകത്തെയും രൂപാന്തരപ്പെടുത്തുന്നതിനുള്ള പ്രക്രിയയായി മാറ്റുമ്പോൾ 'പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്ന ദൈവത്തിന്റെ ആത്യന്തിക പദ്ധതിയിൽ നാം ഭാഗഭാക്കാക്കിത്തീരും.' നമ്മുടെ വിജ്ഞാനാന്വേഷണവും സേവനശുശ്രൂഷകളും സഭയുടെ നാലു മതിലുകൾക്കപ്പുറമായി കടന്നെത്തുമ്പോൾ ക്രിസ്തു ക്രൂശിൽക്കൂടി നൽകിയ സ്നേഹസന്ദേശം അതിന്റെ സാർവ്വലൗകിക ആവിഷ്ക്കാരത്തിലെത്തും. ഇവിടെ സഭയുടെ കാതോലികത പ്രസ്പഷ്ടമാകും. പാപത്തിന്റെ പിടിയിൽപ്പെട്ടു നട്ടംതിരിയുന്നവർക്ക് മാനസാന്തരത്തിനായി പ്രവർത്തിക്കുന്നതിലും അക്രമവാസനയുള്ളവരെ അതിൽനിന്നു പിന്തിരിപ്പിക്കുന്നതിലും വിപരീത സാഹചര്യങ്ങളിൽ നിരാശരായിക്കഴിയുന്നവർക്ക് ജീവിതപ്രത്യാശ നൽകുന്നതിലും ദാരിദ്ര്യം അനുഭവിക്കുന്നവരുടെ സാമ്പത്തിക ഉന്നമനത്തിനു പ്രയത്നിക്കുന്നതിലും നിരക്ഷരജനകോടികളെ പ്രാഥമിക വിദ്യാഭ്യാസത്തിലെത്തിക്കുന്നതിലും വഞ്ചനയും കാപട്യവും ചൂഷണവും നടത്തുന്നവരെ അതിൽനിന്നു പിന്തിരിപ്പിക്കുന്നതിലും വ്യഭിചാര സംഘങ്ങളെയും ക്വട്ടേഷൻ സംഘങ്ങളെയും ഒക്കെ നീതിമാർഗ്ഗത്തിൽ കൊണ്ടുവരുന്നതിലുമൊക്കെ ശ്രമിക്കുമ്പോൾ ക്രിസ്തു സന്ദേശത്തെ സംവേദനം ചെയ്യുന്ന സഭയുടെ കാതോലികത വെളിവാകുന്നു.

മാർ തോമാശ്ലീഹായുടെ പിൻഗാമിത്വവും അപ്പോസ്തോലിക പിൻതുടർച്ചയും അവകാശപ്പെടുവാൻ അർഹതയുള്ള ഇൻഡ്യയില ക്രൈസ്തവസഭയുടെ ദേശീയ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായി സ്ഥിതിചെയ്യുന്ന വൈദിക മേലദ്ധ്യക്ഷസ്ഥാനമാണ് കാതോലിക്കേറ്റ്. മറ്റേതൊരു സഭയുടെയും മേലദ്ധ്യക്ഷനു പറയപ്പെടുന്ന 'പാത്രിയർക്കീസ്', ആർച്ചുബിഷപ്പ്, പാപ്പാ തുടങ്ങിയ എല്ലാ സ്ഥാനനാമങ്ങളും സ്വയം ശീർഷകത്വവും അപ്പോസ്തോലിക പിൻതുടർച്ചയുമുള്ള മലങ്കരയിലെ കാതോലിക്കേറ്റിൽ നിക്ഷിപ്തമാണ്. ആയതിനാൽ 'കാതോലിക്ക'സ്ഥാന നാമത്തോട് പാത്രിയർക്കീസെന്നോ, ആർച്ചുബിഷപ്പെന്നോ, പാപ്പായെന്നോ ഒന്നും കൂട്ടിച്ചേർക്കേണ്ട ആവശ്യം ഇല്ല. കാതോലിക്കേറ്റിന്റെ ഈ അത്യുന്നത സഭാപദവിക്ക് വിട്ടുവീഴ്ച വരുത്തി അതിനെ ചെറുതാക്കി കാണിക്കേണ്ട ആവശ്യം മലങ്കര നസ്രാണികൾക്കില്ല. അപ്രകാരം ചെയ്താൽ അത് ഈ സഭയുടെ അപ്പോസ്തോലികത്വത്തെ ബലികഴിക്കുന്നതിനു തുല്യമായിരിക്കും.

മലങ്കരയിലെ അപ്പോസ്തോലിക് കാതോലിക്കേറ്റ് അതിന്റെ ദൗത്യനിർവ്വഹണത്തിലൂടെ അതിന്റെ സ്വത്വത്തിന്റെ പ്രഭാവം പ്രകടമാക്കേണ്ടിയിരിക്കുന്നു. നാം ഇന്ന് പുലർത്തുന്ന ആരാധന പാരമ്പര്യത്തെ ഭാരതീയമാക്കിത്തീർത്തുകൊണ്ട് കാതോലിക്കേറ്റിന്റെ സഭാപരമായ ഭാരതീയ വ്യക്തിത്വവും ദേശീയ സ്വാതന്ത്ര്യവും ആവിഷ്ക്കരിക്കുവാൻ സാധിക്കുമ്പോൾ സഭയുടെ കാതോലിക്കേറ്റിന്റെ അപ്പോസ്തോലികത കൂടുതൽ ശോഭയുള്ളതായിത്തീരും. സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥനയിൽ–

"കാലോചിതമായ നിയമങ്ങളും നടപടികളും സഭയിൽ ക്രമപ്പെടുത്തുവാൻ അതിന്റെ ഭരണക്കാർക്ക് നീ ബോധജ്ഞാനം കൊടുക്കണമെ"

(പാമ്പാക്കുട നമസ്ക്കാരം)

എന്നത് പിതാക്കന്മാർ മുന്നമെ ഉദ്ദേശിച്ചിട്ടുള്ളതുമാണ്. ■

# ബുദ്ധിമാൻ

BUDHIMAN


ഫാ. തോമസ് പി.




4th Death Anniversary

26-3-2010

## In Loving Memory of



Departed for
Heavenly Abode
On 26-3-2006

*എന്ന് സന്തപ്ത കുടുംബാംഗങ്ങൾ*

C. Yohannan & Family, Thalvaoor
Kunjeliyamma Varghese & Family, Kulakkada
T.C. Geevarghesekutty & Family, Dubai
T.C. Georgekutty & Family, Ahemedabad
T.C. Thomaskutty& Family, Ahemedabad
T.C. Ponnachan & Family, Thalavoor
T.C. Babukutty & Family, Thalavoor

**SRI. OOMMUMMEN CHANDAPILLAI**

Thazheppura House, Thalavoor
(Mulamoottil Kudumbam, Kundara)

# BrideGroom Wanted

Matrimonial



| | | |
|---|---|---|
| Name | : | Dr. Shery Cherian |
| DOB | : | 6th August 1980 |
| Qualifications | : | MBBS. MD,Internal Medicine Working in USA |
| Height | : | 5.1” |
| Colour | : | Brown |
| Address | : | Mavilayil house Nellimukal Post. Adoor Pathanamthitta |
| Phone | : | 04734222159, 9895182616 +12814990228 |
| e-mail id | : | shenacherian@gmail.com |

About My Preferred Partner :
Doctors or Engineers

## അവാർഡ്



കേരള ഹൈക്കോടതിയിലെ ഇന്ത്യൻ ലോ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച മികച്ച യുവ അഭിഭാഷകനുള്ള ലീഗൽ ലിറ്ററി അവാർഡ് പ്ലാക്കുഴി തെക്കേവിളയിൽ (അജണലിയിൽ) Roshan D. Alexander ന് ഇന്ത്യൻ ചീഫ് ജസ്റ്റിസ് ഡോ. കെ. ജി. ബാലകൃഷ്ണൻ 21-11-09-ൽ കേരള ഹൈക്കോടതിയിൽ വച്ചു നടന്ന ചടങ്ങിൽ സമ്മാനിച്ചു. മാർത്തോമ്മൻ തീർത്ഥാടന കേന്ദ്രമായ കടമ്പനാട് സെന്റ് തോമസ് കത്തീഡ്രൽ ഇടവകാംഗം.


### അപേക്ഷ ക്ഷണിക്കുന്നു

കോട്ടയത്തെ പ്രശസ്തമായ ക്രൈസ്തവ മാസിക, സർക്കുലേഷൻ ഡിപ്പാർട്ട്മെന്റിലേക്ക് ഉദ്യോഗാർത്ഥികളെ ക്ഷണിക്കുന്നു. MBA/തത്തുല്യ യോഗ്യതയുള്ളവർ ബയോഡേറ്റ/ പ്രതീക്ഷിക്കുന്ന ശമ്പളം സഹിതം എഴുതുക.

**ബോക്സ് നമ്പർ-918**
**മലങ്കരസഭ മാസിക**
**ദേവലോകം, കോട്ടയം**


## പ്രാർത്ഥനാ യോഗം വാർഷിക സമ്മേളനം

കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിലെ പ്രാർത്ഥനായോഗത്തിന്റെ വാർഷിക സമ്മേളനം മാർച്ച് 6-ന് മണ്ണുക്കുന്ന് സെ. മേരീസ് കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ടു. വികാരി ഫാ. തോമസ് ചകിരിയിലിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട സമ്മേളനം അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. ഭദ്രാസനത്തിലെ 109 യൂണിറ്റുകളിൽ നിന്നായി 1300 പ്രതിനിധികൾ പങ്കെടുത്തു. പ്രൊഫ. പി. കെ. കുര്യൻ (കോട്ടയം) മുഖ്യ പ്രഭാഷണം നടത്തി. 800-ൽ അധികം പേർ പങ്കെടുത്ത ഭാരതസഭയിലെ ഏറ്റവും വലിയ ക്വിസ്സ് മത്സരത്തിന് ഭദ്രാസന സെക്രട്ടറി ഫാ. ഡോ. ഒ.പി. വർഗീസ് നേതൃത്വം നൽകി. സമ്മേളനത്തോടനുബന്ധിച്ച് നടത്തപ്പെട്ട വിവിധ മത്സരങ്ങളിൽ വിജയികളായ 184 പേർക്ക് ട്രോഫികളും, സമ്മാനങ്ങളും നൽകി. പ്രാർത്ഥനായോഗ യൂണിറ്റുകളുടെ സംഗമത്തിൽ പ്രാർത്ഥനായോഗം ഭദ്രാസന സെക്രട്ടറി കരിപ്പാടം വർഗീസ് റിപ്പോർട്ട് അവതരിപ്പിച്ചു. പ്രാർത്ഥനായോഗം വൈസ് പ്രസിഡന്റ് ഫാ. ഡോ. പി.റ്റി. ഏലിയാസ്, ഫാ. കുറിയാക്കോസ് പോത്താറയിൽ കോറെപ്പിസ്ക്കോപ്പ, ഫാ. വി.എം. പൗലോസ് ചെമ്മനം, ഫാ. ജേക്കബ് കുര്യൻ ചെമ്മനം, ഫാ. വി. കുറിയാക്കോസ്, ഫാ. ജോൺ വർഗീസ്, ഫാ. അബ്രഹാം കെ. ജോൺ, നിസ്സി ജോൺസ് കോനാട്ട്, റോയി കെ. ജോൺ, വത്സൻ പി. പോൾ എന്നിവർ വിവിധ വിഷയങ്ങളെ സംബന്ധിച്ച് പ്രസംഗിച്ചു.

## ബെസ്റ്റ് യൂണിറ്റ് അവാർഡ്

**കോട്ടയം:-** അഖില മലങ്കര യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ 2008-09 വർഷത്തിൽ ബെസ്റ്റ് യൂണിറ്റ് അവാർഡ് ബുധനൂർ സെന്റ് ഏലിയാസ് ഓർത്തഡോക്സ് പള്ളിയിലെ സെന്റ് ഏലിയാസ് യൂണിറ്റ് കരസ്ഥമാക്കി. ബെസ്റ്റ് സെക്രട്ടറിയായി ഈ യൂണിറ്റിലെ ജോ വർഗീസിനെ തെരഞ്ഞെടുത്തു. യൂണിറ്റ് പ്രസിഡന്റായി വികാരി ഫാ. ബിജു റ്റി. മാത്യു സേവനം അനുഷ്ഠിച്ചു വരുന്നു.

## ഭോപ്പാൽ സോണിനു ട്രോഫി

കൽക്കട്ടാ ഭദ്രാസനത്തിന്റെ സൺഡേ സ്ക്കൂളുകളുടെ ടാലന്റ് മത്സരങ്ങളിൽ ഭോപ്പാൽ സോൺ ട്രോഫി കരസ്ഥമാക്കി. ഭോപ്പാൽ സെ. തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ വച്ച് നടന്ന മത്സരങ്ങളിൽ 11 യൂണിറ്റുകളിൽ നിന്നായി 120-ൽ പരം കുട്ടികൾ വിവിധ ഇനങ്ങളിലായി മത്സരങ്ങളിൽ പങ്കെടുത്തു. സോണൽ തലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങളിൽ വന്ന കുട്ടികൾക്കാണ് ഭദ്രാസന തലത്തിൽ മത്സരങ്ങൾ സംഘടിപ്പിച്ചത്. വിവിധ സോണുകളിൽ നിന്നുള്ള സെക്രട്ടറിമാർ, ഡിസ്ട്രിക്ട് ഇൻസ്പെക്ടർ, ഹെഡ്മാസ്റ്റർമാർ, അദ്ധ്യാപകർ ഇടവക ജനങ്ങൾ പങ്കെടുത്തു.



## ഡോക്ടറേറ്റ്

മുട്ടം സെന്റ് മേരീസ് ഓർത്തഡോക്സ് ഇടവകാംഗവും നാഗ്പ്പൂർ സെന്റ് തോമസ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി പുതിയനിയമ അധ്യാപകനുമായ ഫാ. കെ. ഗീവർഗ്ഗീസ് (റെജി) റോമിലെ സെന്റ് തോമസ് അക്വിനാസ് പൊന്തിഫിക്കൽ സർവ്വകലാശാലയിൽ നിന്നും പുതിയ നിയമത്തിൽ ഡോകട്രേറ്റ് നേടി. വി. പൗലൂസ് ശ്ലീഹാ കൊരിന്ത്യർക്ക് എഴുതിയ ഒന്നാം ലേഖനം ആറാം അധ്യായം 12 മുതൽ 20 വരെയുള്ള വാകൃങ്ങളെ അധികരിച്ച്, "നിങ്ങളുടെ ശരീരംകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവീൻ" എന്ന ഗവേഷണ പ്രബന്ധം പ്രൊഫ. പൗലോ ഗരൂട്ടിയുടെ മേൽനോട്ടത്തിൽ പൂർത്തീകരിച്ചു.



## അവാർഡ്

യോഗവിദ്യ പ്രാണിക് ഹീലിംഗ് ഫൗണ്ടേഷൻ കേരളയുടെ ഫാ. ജോർജ് തോലത്ത് മെമ്മോറിയൽ ഹീലർ ഓഫ് ദ് ഇയർ അവാർഡ് ഫാ. ഡോ. ജേക്കബ് ജോൺ ഇളമ്പലിനു ലഭിച്ചു. കൊട്ടാരക്കര ചൈതന്യ ഹീലിംഗ് ട്രെയിനിംഗ് സെന്റർ ഡയറക്ടറും തിരുവനന്തപുരം വട്ടിയൂർക്കാട് സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഇടവക വികാരിയുമാണ്.

## കോർഎപ്പിസ്കോപ്പ



അയിരൂർ തായില്ലം കൈപ്പള്ളിൽകോളാകോട്ട് ഫാ. തോമസ് ജോൺസൺ ഫെബ്രുവരി 7-ാം തീയതി വകയാർ സെന്റ് മേരീസ് വലിയ പള്ളിയിൽ വച്ച് അഭി. കുറിയാക്കോസ് മാർ ക്ലീമീസ് മെത്രാപ്പോലീത്തായുടെ മുഖ്യ കാർമികത്വത്തിൽ കോർ എപ്പിസ്കോപ്പയായി ഉയർത്തപ്പെട്ടു. വിവിധ ഇടവകകളിൽ വികാരിയായിരുന്നിട്ടുണ്ട് ഇപ്പോൾ വകയാർ സെന്റ് മേരീസ് പള്ളി വികാരി പത്തനംതിട്ട കാതോലിക്കേറ്റ് കോളേജ് റിട്ട. പ്രൊഫ. അന്നമ്മ തോമസ് സഹധർമ്മിണി മക്കൾ ഡോ. റോബിൻ, റീനാ

## സിൻഡിക്കേറ്റംഗം



എം.ജി. യൂണിവേഴ്സിറ്റി സിൻഡിക്കേറ്റംഗമായി ഡോ. ജോർജ് വർഗീസ് കൊപ്പാറയെ ഗവർണർ നോമിനേറ്റ് ചെയ്തു. പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് പ്രിൻസിപ്പാൾ. ചന്ദനപ്പള്ളി വലിയപള്ളി ഇടവകാംഗം.

## റമ്പാൻ സ്ഥാനം നൽകി



**പരുമല:** മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട അഞ്ചു വൈദികരുടെ റമ്പാൻ സ്ഥാനാഭിഷേകം മാർച്ച് 21-ന് പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ, ശ്രേഷ്ഠ നിയുക്ത കാതോലിക്ക പൗലോസ് മാർ മിലിത്തിയോസ്, സഭയിലെ മറ്റു മെത്രാപ്പോലീത്തന്മാരുടെയും സാന്നിധ്യത്തിൽ നടത്തപ്പെട്ടു.

ഏഴു മണിക്കു പ്രഭാത നമസ്ക്കാരവും, എട്ടിനു കുർബാനയും ഒൻപതിനു റമ്പാൻ സ്ഥാന ശുശ്രൂഷയും നടന്നു. ഫാ. ഡോ. ജോൺ മാതൃൂസ്, ഫാ. വി.എം. ജെയിംസ്, ഫാ. ഡോ. സാബു കുര്യാക്കോസ്, ഫാ. ഡോ. ജോർജ് പുലിക്കോട്ടിൽ, ഫാ. ഡോ. വി. എം. ഏബ്രഹാം എന്നിവർക്കാണു റമ്പാൻ സ്ഥാനം നൽകിയത്.

ഇവരെ കൂടാതെ അസ്സോസിയേഷനിൽ തെരഞ്ഞെടുക്കപ്പെട്ട മറ്റു റമ്പാന്മാരാണ് ഡോ. നഥാനിയേൽ റമ്പാൻ, ഡോ. യൂഹാനോൻ റമ്പാൻ. മെത്രാൻ സ്ഥാനാഭിഷേകം മെയ് 12-ന് കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ നടക്കും.



## കടമ്പനാട് കത്തീഡ്രൽ
## മർത്തോമ്മൻ തീർത്ഥാടന കേന്ദ്രം

**കടമ്പനാട്:** തോമ്മാശ്ലീഹായാൽ സ്ഥാപിതമായ നിലയ്ക്കൽ നിന്നും എ.ഡി. 325-ൽ കടമ്പനാട് കുടിയേറിയ ക്രൈസ്തവ സമൂഹത്തിന്റെ പുരാതന ദേവാലയമായ കടമ്പനാട് കത്തീഡ്രൽ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചു. ചരിത്ര സ്മരണകളടങ്ങിയ സ്മൃതി യാത്ര 26-ന് നിലയ്ക്കലിൽ നിന്നും ഈ പ്രഖ്യാപനം വിളംബരം ചെയ്ത വിളംബര ഘോഷയാത്ര 28-ന് കോട്ടയത്തു നിന്നും കടമ്പനാട്ടിലെത്തിച്ചേർന്നു. ദർശന പരിപാടികളിൽ വിവിധ ദിവസങ്ങളിൽ ബാല, യുവജന, വനിതാ, സംഗമങ്ങൾ നടക്കുകയുണ്ടായി. മാർച്ച് 7 ഞായറാഴ്ച പ. കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് കത്തീഡ്രലിനെ പുരാതന മാർത്തോമ്മൻ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചു. അഭി. സഖറിയ മാർ അന്തോണിയോസ് അഭി. മാതൃൂസ് മാർ തീമോത്തിയോസ് മറ്റ് രാഷ്ട്രീയ സാമൂഹിക സാമുദായിക നേതാക്കൾ പങ്കെടുത്തു വികാരി ഫാ. തോമസ് മാത്യു സ്വാഗതവും, അസി. വികാരി ഫാ. തോമസ് പി. മുകളിൽ നന്ദിയും പറഞ്ഞു.

# ഫ്രീ പാസ്സ് ! യരുശലേമിലേക്ക്

**മലങ്കരസഭ പ്രചരണ വർഷത്തിൽ 100 വരിക്കാരെ ചേർക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾക്ക് യെരുശലേം യാത്ര തികച്ചും സൗജന്യമായി...**

ഇടവക അംഗങ്ങൾക്കും സൺഡേസ്ക്കൂൾ, ബാല ബാലികാ സമാജം, എം.ജി.ഒ.സി.എസ്. എം. യുവജനപ്രസ്ഥാനം തുടങ്ങി വിവിധ സംഘടനകളിൽ പ്രവർത്തിക്കുന്നവർക്കും, നില വിലുള്ള മലങ്കരസഭ പ്രവർത്തകർക്കും പങ്കെടുക്കാം.

തീർന്നില്ല !

- 50 വരിക്കാരെ ചേർക്കുന്നവരിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന 10 പേർക്ക് 1000 രൂപയുടെ ഗിഫ്റ്റ് വൗച്ചറുകളും
- 10 പേർക്ക് എം.ഒ.സി. പബ്ലിക്കേഷൻസിന്റെ ഗിഫ്റ്റ് പായ്ക്കറ്റുകളും.
- 100 വരിക്കാരെ ചേർക്കുന്നവരുടെ കളർചിത്രം പ്രസിദ്ധീകരിക്കുന്നു.

ബന്ധപ്പെടുക: **മലങ്കരസഭ മാസിക, ദേവലോകം പി.ഒ.**

**ഫോൺ:** 0481-2573234, 9447300908, 9946668911, 9947124980

കാലാവധി. 2009 സെപ്റ്റം. 1 മുതൽ 2010 ആഗസ്റ്റ് 31 വരെ

* നിബന്ധനകൾ എഡിറ്റോറിയൽ ബോർഡിന്റെ അന്തിമ തീരുമാനത്തിന് വിധേയം

# ശങ്കരത്തിൽ ടൂർസ്

ഒരുക്കുന്ന

# ജറുശലേം യാത്ര

## ഒരാഴ്ചയിൽ കൂടുതൽ

ഈജിപ്റ്റിലെ പിരമിഡുകൾ, മാദീപള്ളി, സീനായ്, കെയ്റോ പട്ടണം, ഗലീലകടൽ, ചെങ്കടൽ, ചാവുകടൽ, നൈൽ നദി, യോർദ്ദാൻനദി, ഒലിവ് മല, ഗദ്സമന, കാൽവറി, താബോർ മല, ഗിരിപ്രഭാഷണപള്ളി, നസ്രേത്ത്, കാനാ, ബേദ്ലഹേം, മർക്കോസിന്റെ മാളിക, യരുശലേം ദേവാലയം, വിലാപമതിൽ, കഫർന്നഹൂം, കന്യകമറിയാമിന്റെ ഭവനം, യൗസേഫിന്റെ ഭവനം, ബഥാന്യ, ബഥ്സേദാകുളം, തുടങ്ങി പുതിയ പഴയ നിയമ ചരിത്ര സ്ഥലങ്ങളിലൂടെ അവിസ്മരണീയ യാത്ര.

- അഭി. തിരുമേനിമാർ, വൈദീകർ, കന്യാസ്ത്രീകൾ എന്നിവർ യാത്രയ്ക്ക് ആത്മീയ നേതൃത്വം നൽകുന്നു.
- ബേദ്ലഹേം പള്ളിയിൽ വി. കുർബ്ബാന.
- ഉന്നത നിലവാരമുള്ള ഹോട്ടലുകളിൽ താമസസൗകര്യവും, മികച്ച ഭക്ഷണവും.

**എല്ലാ ചിലവുകളും ഉൾപ്പെടെ–62,000/–**

(including breakfast, lunch, dinner, entry fee, Tips etc.)

**Fr. John Sankarathil, Kottayam**

**Ph: 9847478894, 9447123321, 0481-2582518**

**e-mail: sankarathiltours@gmail.com**







**2010 - ൽ**

ഏപ്രിൽ 23,
മെയ് 23,
സെപ്റ്റം. 10
നവം. 20

